KOTTAYAM PUBLIC LIBRARY

Call No M920:C Acc. No 11618

Author ഷംസുദ്ദീൻ എം. ചാലയിൽ

Title ഇക്ബാലിന്റെ സാഹിത്യം

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or put unsightly markings.

## Calling Urgent Attention

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and put markings disfigures the Book. Please take care.

**Secretary**

1294

# ഇക്ബാലിൻെറ സാഹിത്യം.

ഗ്രന്ഥകർത്താവ്,

പാറയിൽ എം. ഷംസുദ്ദീൻ,

ഇടവാ.

തൃശ്ശിവപേരൂർ

ഭാരതവിലാസം അച്ചുക്കൂടത്തിൽ

അച്ചടിച്ചതു്.

1122.

വില ഉറപ്പിക 1 8 0

---

പകർപ്പവകാശം ടി. അച്ചുക്കൂടത്തിലേക്കുള്ളതാകുന്നു.

No 11618

KOTTAYAM PUBLIC LIBRARY KOTTAYAM.

# ആമുഖം.

അമേരിക്കൻ തത്വചിന്തകനായ എമെഴ്സനെപ്പോലെ കവികളുടെ മഹാകവിയായ ഇക്ബാലിൻെറ ഭാവനാഗംഭീരവും തത്വചിന്താനിർഭരവുമായ കവിതയെ നിരൂപിക്കാനോ, വിശദീകരിക്കാനോ ഉള്ള കെല്പ് എനിക്കുണ്ടെന്ന് ഞാൻ അഭിമാനിക്കുന്നില്ല. എൻെറ എളിയ കഴിവനുസരിച്ച് അദ്ദേഹത്തിൻെറ സാഹിത്യത്തെപ്പററി ഞാൻ നടത്തിക്കൊണ്ടിരിക്കുന്ന പഠനത്തിൻെറ ഒരു പ്രതിഫലനം മാത്രമാണിതു്. പ്രകൃതവിഷയകമായി മലയാളി, നവജീവൻ, ശ്രീചിത്രയുഗം, സഹൃദയ, ചന്ദ്രിക തുടങ്ങിയ കേരളത്തിലെ വിവിധപത്രമാസികകളിൽ ഞാൻ പലപ്പോഴായി എഴുതിയിട്ടുള്ള ലേഖനങ്ങൾ, വേണ്ട ഭേദഗതികളോടെ പുസ്തകരൂപത്തിലാക്കുകയാണു് ഇവിടെ ചെയ്തിട്ടുള്ളതു്. ഇക്ബാലിൻെറ സാഹിത്യത്തെ സംബന്ധിക്കുന്ന ഗ്രന്ഥങ്ങൾ ഭാഷയിൽ ഇല്ലെന്നുള്ള കുറവിനെ ഇതു് കുറെ എങ്കിലും പരിഹരിക്കുമെന്നു വിശ്വസിക്കുന്നു. മഹാകവിയുടെ ഒരു ജീവചരിത്രസംക്ഷേപവും ഇതോടൊന്നിച്ച് ചേർത്തിട്ടുണ്ടു്. ഞാൻ എഴുതിവരുന്ന സമഗ്രമായ ജീവചരിത്രം, മഹാജനങ്ങളുടെ സഹകരണമുണ്ടാകുമെങ്കിൽ, പിന്നാലെ പ്രസിദ്ധീകരിക്കാമെന്നാശിക്കുന്നു.

ഇതിൻെറ പ്രസിദ്ധീകരണം ഏറെറടുത്ത ഭാഷാഭിമാനികളായ തൃശ്ശൂർ ഭാരതവിലാസം മുദ്രാലയ ഭാരവാഹികളോടും, എന്നെ സഹായിച്ച മററു സുഹൃത്തുക്കളോടും എനിക്കു് അളവററ നന്ദിയുണ്ടു്.

ഇക്ബാലിൻെറ സാഹിത്യത്തെപ്പററി സാമാന്യമായ ഒരു പരിജ്ഞാനമെങ്കിലും സിദ്ധിക്കുവാൻ ഇതു പ്രയോജനപ്പെടുമെങ്കിൽ, ഞാൻ കൃതാർത്ഥനാണു്.

ഇടവം,
1—1—1944.

പാറയിൽ ഷംസുദ്ദീൻ.

M920F

TO MY BELOVED MOTHER,

P. M. S.

# ഇക്ബാലിൻെറ ജീവചരിത്രം.

ഇക്ബാൽ — സാർവ്വലൌകികപ്രശസ്തിനേടിയ ഒരു നാമമാണിതു്. ഉന്നതമായ തത്വചിന്തകളും നിതാന്തമോഹനങ്ങളായ ഉൽകൃഷ്ടാശയങ്ങളും ഉദ്ഗളിതമാക്കി ലോകത്തെ വികാരംകൊള്ളിച്ച വിശിഷ്ടനാമധേയമാണിതു്. ഇസ്ലാം സംസ്കാരത്തിൻെറ മഞ്ജുമണിനിനദമാണു് ഈ അക്ഷരസമൂഹങ്ങളിൽകൂടി പ്രതിധ്വനിക്കുന്നതു്.

ഇക്ബാലിൻെറ കവിത..........ശക്തിമത്തുക്കളായ വികാരങ്ങളെ വായനക്കാരുടെ ഹൃദയകന്ദരങ്ങളിൽ അങ്കുരിപ്പിച്ചു് അവരെ പ്രവർത്തനോത്സുകരാക്കി, അരങ്ങത്തേയ്ക്കു് ആനയിക്കുവാൻ ശക്തമായ ഒരു മംഗലശംഖധ്വാനമാണതു്. മടിയുടെ മടിത്തട്ടിൽ മയങ്ങി വീഴുന്ന ഹൃദയങ്ങളിൽ പ്രസരിപ്പിൻെറ പൂന്തേൻ വിതറി, ജീവിതശക്തികളെ ഉന്നയിപ്പിക്കുവാൻ ഉത്സുകമായ ഒരു കമനീയ ചഷകമാണതു്.

1877 ഡിസംബർ 26-ാംനു- പഞ്ചാബിനടുത്തുള്ള സിയാൽകട്ടിലാണു് മഹാകവി ഭൂജാതനായതു്. അദ്ദേഹത്തിൻെറ പൂർവ്വികന്മാർ ഇന്നു കാശ്മീറിൽ കാണുന്ന "സപ്രം" വംശക്കാരുടെ പൂർവ്വഗാമികളായിരുന്നുവെന്നാണു് പറഞ്ഞുകാണുന്നതു്. സ്വദേശത്തുണ്ടായിരുന്ന ചില വിദ്യാലയങ്ങളിൽ ചേർന്നു് പ്രാഥമികാഭ്യസനം പൂർത്തിയാക്കിയിട്ട സ്കാച്ചു്മിഷ്യൻ കാളേജിൽ ചേർന്നു പഠിപ്പുതുടങ്ങി. ഇവിടെ വെച്ചാണു് അദ്ദേഹം, പ്രസിദ്ധപണ്ഡിതനായ മൌലാനാ സെയ്യദു് മീർഹസനുമായി പരിചയമായതു്. ഇ

തോടൊപ്പംതന്നെ മഹാനായ സർ തോമസ് ആർ നോൾഡിൻെറ 'ശിക്ഷണം' ലഭിക്കുന്നതിനും അദ്ദേഹത്തിന്നു സാധിച്ചു. ഇക്ബാലിൻെറ അസാധാരണമായ ബുദ്ധിശക്തിയും, വിജ്ഞാനപോഷണാകാംക്ഷയും, കവിതാവാസനയും കണ്ടു്, ആർനോൾഡ് അദ്ദേഹത്തിനു് പലവിധസഹായങ്ങളും നല്കിക്കൊണ്ടിരുന്നു.

എം. ഏ. പരീക്ഷയിൽ വിജയിയായശേഷം കുറെക്കാലം "ലാഹോർ ഓറിയൻറൽ കാളേജി"ൽ ചരിത്രവും തത്വശാസ്ത്രവും പഠിപ്പിക്കുന്ന ലക്ചറർ ആയും, ഗവമ്മെൻറ് കാളേജിൽ കുറെക്കാലം ഇംഗ്ലീഷ് പ്രൊഫസറായും ജോലിനോക്കി. സ്വസഹോദരൻെറ നിർബ്ബന്ധംകൊണ്ടും, വിജ്ഞാനകാംക്ഷയാലും അദ്ദേഹം 1905-ൽ ഇംഗ്ലണ്ടിലേയ്ക്കു പുറപ്പെട്ടു. അവിടെ അദ്ദേഹം കേംബ്രിഡ്ജ്, ലണ്ടൻ സ്കൂൾ ഓഫ് എക്കണോമിക്സ് ആൻറ് പൊളിററിക്കൽസയൻസ് എന്നീ വിജ്ഞാനമന്ദിരങ്ങളിൽ ചേന്നു പി എച്ച്. ഡി., ബാരിസ്റ്റർ എന്നീ ബിരുദങ്ങൾ നേടി. തന്മൂലം വിശ്വവിഖ്യാതമായ ലണ്ടൻ യൂനിവേഴ്സിററിയിൽ കുറെക്കാലം പ്രൊഫസർ ഉദ്യോഗം നോക്കുവാനും സാധിച്ചു. യൂറോപ്യൻ ദേശങ്ങളിലെ ജീവിതം അദ്ദേഹത്തിൽ ദീപ്തിമത്തായ ഒരു നവചൈതന്യം കൊളുത്തി. സാഹിത്യവിഷയകമായി അഭിനന്ദനീയങ്ങളായ അനവധി ഗവേഷണങ്ങൾ നടത്തുവാൻ അദ്ദേഹത്തിനു് സാധിച്ചു. തള്ളിവരുന്ന വിജ്ഞാനതൃഷ്ണ കരകവിഞ്ഞുതുടങ്ങി. വിജ്ഞാനഭണ്ഡാഗാരങ്ങളായ അനവധി പ്രസിദ്ധിപെററ ലൈബ്രറികളിലിരുന്നു് വിവിധ

തരത്തിലുള്ള വിശിഷ്ടഗ്രന്ഥങ്ങൾ വായിച്ച് വിജ്ഞാനം സമ്പാദിക്കുവാൻ അദ്ദേഹത്തിന കഴിഞ്ഞു. അന്നവിടെ ഉണ്ടായിരുന്ന പല പൌരസ്ത്യപണ്ഡിതന്മാരുടേയും പരിചയം ലബ്ധമാകുന്നതിന്ന് അദ്ദേഹത്തിന്റെ പാശ്ചാത്യപര്യടനം പര്യാപ്തമായി. 'പേഷ്യൻ ചിന്താഗതിയുടെ അഭിവൃദ്ധി'യെ അധികരിച്ച് ഒരു 'പ്രതിപാദനം' രചിച്ചതിന്ന് മ്യൂണിച്ച് സർവ്വകലാശാല അദ്ദേഹത്തിന്ന് 'ഡാക്ടർ' എന്ന ബഹുമതിബിരുദം പ്രദാനം ചെയ്തു.

ഇക്ബാൽ ബാല്യത്തിൽതന്നെ കവിതകൾ രചിച്ചിരുന്നു. അവയിൽ ഭൂരിഭാഗവും മററു ഭാഷകളിൽനിന്നുമുള്ള തർജ്ജമകളാണ്. കൂപ്രീന്റെ 'അനുകമ്പ', ലാംഗ്ഫെല്ലോയുടെ പ്രഭാതസന്ദേശം, ടെനിസന്റെ സ്നേഹവും മരണവും, എമെഴ്സന്റെ ലോകമേ യാത്ര ആദിയായ കവിതാഖണ്ഡങ്ങൾ ഇക്ബാൽ വിവർത്തനം ചെയ്തപ്പോൾ അവയുടെ ആസ്വാദ്യത അവർണ്ണനീയമായിരുന്നു.

നൈസാം തിരുമേനിയുടെ വന്ദ്യഗുരുഭൂതനായിരുന്ന മിർസാഖാൻ ദാഗ് ഇക്ബാലിന്റെ കവിതകൾ വായിച്ച് ആശ്ചര്യംകൊണ്ടു. വികസിച്ചുവിലസി പരിമളം പരത്താൻ കഴിവുള്ള ഒരു മുകുളത്തിന്റെ സർവ്വയോഗ്യതകളും അദ്ദേഹം ഇക്ബാലിൽ ദർശിച്ചു. കാവ്യവിഷയകമായി പല പ്രോത്സാഹനങ്ങളും അദ്ദേഹം ഇക്ബാലിന നല്കിക്കൊണ്ടിരുന്നു.

ഏതു ഭാഷയറിയുന്നവരായാലും ഇക്ബാലിന്റെ കാവ്യതല്ലജം ആസ്വദിക്കാത്ത സഹൃദയന്മാർ ചുരുങ്ങും. അത്രമാത്രം മനോഹരത അദ്ദേഹത്തിന്റെ കവിതകൾക്കുണ്ട്. ഇക്ബാലിന്റെ കാവ്യങ്ങൾ

പല ഭാഷകളിലേക്കും വിവത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. നമ്മുടെ മലയാളഭാഷയിലേയ്ക്കും അദ്ദേഹത്തിന്റെ കൃതികഠം പ്രസിദ്ധ യുവസാഹിത്യകാരനായ മിസ്റ്റർ വക്കം എം. അബ്ദുൽക്കാദർ തജ്ജമചെയ്തിട്ടുണ്ടെന്നുള്ള കാര്യം പ്രത്യേകം പ്രസ്താവ്യമത്രെ.

1899-ൽ ലാഹോറിൽ സമ്മേളിച്ച "അഞ്ചുമൻ ഹിദായത്തുൽ ഇസ്ലാം' വാഷികയോഗത്തിൽ ഇക്ബാൽ പാരായണംചെയ്ത 'നാലെയതീം' (അനാഥരോദനം) എന്ന കവിതയാണ് അദ്ദേത്തിന്റെ പ്രശസ്തിക്ക് അടിസ്ഥാനമായതെന്നു പറയപ്പെടുന്നു. അസഹ്യമായ സഹതാപത്തള്ളലിൽനിന്നും പൊട്ടിപ്പുറപ്പെട്ട ഒരു കവിതയായിരുന്നു അതു്.

അദ്ദേഹത്തിന്റെ ആദ്യകാലത്തെ കവിതകഠം തന്നെ സവ്വകലാശാലാ പരീക്ഷകഠക്ക് ഉപയോഗിച്ചുപോരുന്നുണ്ടു്. 'ഹിമാലയം', ഗുലേറങ്കിൽ (വിവിധവണ്ണമലരുകഠ) പരിന്നേകീ—ഫരിയാദ്ദ് (വിഹഗരോദനം) 'ഏക് ആർസോ' (ഒരു ആശ) തരാന്യയെ ഹിന്തി (ഭാരതഗീതി) കിനാരെ—റാവി' (റാവിതീരം) മുതലായവ അക്കൂട്ടത്തിൽ ഉഠപ്പെടുന്നു.

ഭാരതസംസ്കാരത്തിന്റെ കണികപോലും അണിയാതെ, പാശ്ചാത്യപ്പൊലിമയിൽ മാത്രം പരിലസിക്കുന്ന ഭാരതീയന്റെ മനഃസ്ഥിതിയോടു് ഇക്ബാലിനു വിരോധമാണ്. ഇരുപ്പിലും ഉടുപ്പിലുമെല്ലാം പാശ്ചാത്യരെ അനുകരിച്ചു്, ആ അവസരത്തിൽതന്നെ, അവരുടെ ദേശാഭിമാനം, ഭാഷാഭിമാനം മുതലായ വിശിഷ്ടഗുണങ്ങളെ വിസ്മരിച്ച നടക്കുന്ന "പരിഷ്കാരക്കോമരങ്ങളെ" ആരുതന്നെ വെറുക്കുകയില്ല?

യുവത്വം ഉൾക്കൊള്ളുന്ന ഒരു ഹൃദയമായിരുന്നു അദ്ദേഹത്തിൻേറതു്. ''ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും'' എന്ന മട്ടു് അദ്ദേഹത്തിനു തീരെ രസമല്ല. 'ചാന്തു് ഔർസെയ്യാറ' എന്ന തൻെറ കൃതിയിൽ അദ്ദേഹം എഴുതുന്നു:—

''സുഹൃത്തുക്കളേ, ലോകജീവിതം ചൈതന്യമാണു്—പ്രവർത്തനമാണു്—പുരോഗമനമാണു്. ഇതത്രേ വാസ്തവം. വിശ്രമമെന്നൊന്നു് ഈ ലോകത്തിലില്ല. ഉണ്ടെങ്കിൽ അതിൻെറ സാർത്ഥകമായ നാമധേയം മരണമെന്നാണു്.''

ഇക്ബാലിന്നു് സംസ്കൃതവും വശമുണ്ടായിരുന്നു. അദ്ദേഹത്തിന്നു് ആംഗലസാഹിത്യത്തിലുണ്ടായിരുന്ന അഗാധമായ പാണ്ഡിത്യവും, പ്രാവീണ്യവും അദ്ദേഹത്തിൻെറ പ്രസിദ്ധമായ മദ്രാസ് പ്രസംഗങ്ങൾ (Six lectures on the reconstruction of religious thought in Islam) സുവ്യക്തമാക്കുന്നുണ്ടു്.

വിശ്വസാഹിത്യനഭോമണ്ഡലത്തിൽ ഉജ്ജ്വലപ്രഭാപ്രകർഷത്തോടെ പ്രശോഭിച്ചുകൊണ്ടിരുന്ന ഈ 'പൊൻതാരം' 1938 ഏപ്രിൽ 21-ാം തിയതി, പൊടുന്നനവെ എരിഞ്ഞടങ്ങി. സാഹിത്യമലർവാടിയിൽ കളകൂജനം പൊഴിച്ചുകൊണ്ടിരുന്ന ആ പുംസ്കോകിലം നിതാന്തമൂകമായി.

സർ ഇക്ബാൽ മരിച്ചു! എങ്കിലും അദ്ദേഹത്തെ മറക്കുവാൻ ലോകമുള്ളേടത്തോളം കാലം ശക്യമല്ല. അത്രമാത്രം മഹത്വം അദ്ദേഹം സംഭാവനം ചെയ്ത സാഹിത്യ ഭണ്ഡാഗാരത്തിനുണ്ടു്.

No. 11618

# ഇക്ബാലിൻെറ സാഹിത്യം.

ഉന്നതനായ ഒരു തത്വചിന്തകൻ, അസാധാരണനായ ഒരു മഹാകവി, ഉൽകൃഷ്ടനായ ഒരു സാഹിത്യകാരൻ, ഉജ്വലനായ ഒരു ദേശാഭിമാനി, വിഖ്യാതനായ ഒരു പണ്ഡിതപ്രമുഖൻ, വിദഗ്ധനായ ഒരു രാഷ്ട്രീയവിജ്ഞാനി എന്നീ വിവിധനിലകളിലാണ് ഡാക്ടർ സർ മുഹമ്മദ് ഇക്ബാലിനെ ലോകം അറിയുന്നതു്. ഇസ്ലാമിലെ സ്വതന്ത്രചിന്തകന്മാരുടെ കൂട്ടത്തിൽ ആദരണീയവും അതുല്യവുമായ ഒരു സ്ഥാനമാണദ്ദേഹത്തിനുള്ളതു്. പ്രമുഖനായ ഖുർആൻ വ്യാഖ്യാതാവെന്ന നിലയിൽ അദ്ദേഹത്തിനുള്ള കീർത്തി അനശ്വരമാണ്. ഹ്രസ്വവും ക്ഷണഭംഗുരവുമായ രാഷ്ട്രീയാഭിപ്രായങ്ങളെ എതിർത്തുകൊണ്ടു ഒരു ലോകസംവീക്ഷണത്തിനു ശ്രമിച്ചു്, അതിൽ സുസ്ഥിരമായി ഉറച്ചുനിന്ന ആദ്യഭാരതീയൻ അദ്ദേഹമാകുന്നു. അദ്ദേഹത്തിൻെറ വിയോഗം ലോകത്തിനു ഒരു വലിയ അത്യാഹിതംപോലെയാണനുഭവപ്പെട്ടതു്.

ഇക്ബാലിൻെറ വിചാരധാര അനേകം ആത്മാക്കളെ ആവേശഭരിതരാക്കിയിട്ടുണ്ടു്. പരിവർത്തനത്തിൻെറ പുലർവായു പരിമളംപരത്തിയ ദിവ്യമായ ഒരു നവ്യപ്രഭാതത്തിൻെറ സാദ്ധ്യതകളെ അദ്ദേഹം തുറന്നുകാണിച്ചു. അദ്ദേഹത്തിൻെറ ഹൃദയവേണുവിൽനിന്നും വിഗളിതമായ സർവ്വസമുദായമൈത്രിയുടെ മനോജ്ഞഗീതങ്ങളും മഹത്തായ ആനന്ദാനു

ഭൂതിയെ സാക്ഷാൽകരിക്കുന്നു. മഹാകവിയുടെ മധുരമധുരമായ വീണാങ്കപാണം തത്വചിന്താത്മകവും ഗംഭീരാശയസംവലിതവുമാണ്. മിൽട്ടന്റെ കവിതകൾക്കുള്ള ഭാവഗംഭീരതയും ഗഹനതയുമാണ് അദ്ദേഹത്തിന്റെ കവിതകൾക്കുമുള്ളതു്. കർമ്മോന്മുഖതയ്ക്കുവേണ്ടി ദുസ്സഹമായ ദുരിതങ്ങളെ അഭിമുഖീകരിക്കാൻ സന്നദ്ധനായിരിക്കണമെന്നുള്ളതാണ് അദ്ദേഹത്തിന്റെ ആദർശം. വിജയത്തിന്റെ കാഞ്ചനശൃംഗമേറുവാൻ തീവ്രയത്നംകൊണ്ടുമാത്രമേ സാദ്ധ്യമാവൂ എന്നാണ് അദ്ദേഹത്തിന്റെ കവിത പഠിപ്പിക്കുന്നതു്. ആദ്ധ്യാത്മികബോധത്തോടുകൂടി പ്രവൃത്തനങ്ങൾ തുടർന്നാൽമാത്രമേ ശാശ്വതമായ പുരോഗതി ലഭിക്കുകയുള്ളുവെന്നു ഉൽബോധിപ്പിച്ചു ജനസമൂഹത്തെ കർമ്മപ്രചോദിതമാക്കുകയാണ് അദ്ദേഹത്തിന്റെ കവിതകൾ ചെയ്യുന്നതു്. ദുഷിച്ച യാഥാസ്ഥിതികത്വത്തിനും, പാശ്ചാത്യരുടെ ആദ്ധ്യാത്മികചിന്താവിഹീനമായ ചിന്താഗതിക്കും, സ്വാതന്ത്ര്യവും ഉൽകൃഷ്ടവുമായ അദ്ദേഹത്തിന്റെ ആദർശങ്ങളെ വ്യതിചലിപ്പിക്കുവാൻസാധിച്ചിരുന്നില്ല. അദ്ദേഹത്തിന്റെ നല്ല കവിതകൾ പേർഷ്യനിലോ ഉർദുവിലോ ഉള്ളതു് എന്ന സംഗതി ഇന്നും ഒരു തർക്കവിഷയമാണ്. എങ്കിലും അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളുടെ ഓരോവശത്തും സജീവത്വവും നവീനതയും തെളിഞ്ഞു കാണുന്നുണ്ടെന്നുള്ളതും, ഉർദുസാഹിത്യത്തിന്റെ ഹ്രസ്വസീമകളെ അതിലംഘിച്ചു അതിനെ വികസ്വരമാക്കി പുതിയ പുതിയ വർണ്ണങ്ങളാൽ നിറംപിടിപ്പിച്ചുവെന്നുള്ളതും നിഷേധിക്കാവുന്നതല്ല. ആശയത്തിലും പ്രസ്താവത്തിലും അദ്വിതീയവും തേജസ്സേറി

യത്തുമായ ഒരു പുതുമയാണ് ഇപ്പോഠം അതിൽ കാണപ്പെടുന്നതു്. ഇംഗ്ലീഷിനു ഷേക്‌സ്പീയരോടോ, മിൽട്ടനോടോ ഉള്ളത്ര കടപ്പാടു് ഉർദു ഭാഷക്കു ഇക്‌ബാലിനോടുമുണ്ട്. നവീനമായ ശക്തി ഉന്നയിപ്പിച്ചു ലോകത്തെ പ്രവർത്തനോന്മുഖമാക്കുകയാണു് ഇക്‌ബാൽ ചെയ്തതു്. അദ്ദേഹത്തെപ്പോലുള്ള കവികഠം ജനിക്കുകയാണു്, സൃഷ്ടിക്കപ്പെടുകയല്ല.

ഇസ്ലാമികചൈതന്യത്താൽ അഭിനവമുസ്ലിം ലോകത്തെയാകമാനം ഇളക്കിമറിക്കുവാൻ ഇക്‌ബാലിൻെറ കവിതകഠക്കും, സന്ദേശങ്ങഠക്കും അസാമാന്യമായ കഴിവുണ്ട്. മതം, സമുദായം, സാഹിത്യം, സംസ്കാരം എന്നീ മാർഗ്ഗങ്ങളിൽക്കൂടി മുസ്ലീംസമുദായോദ്ധാരണപ്രവർത്തനങ്ങഠ നടത്തിയിട്ടുള്ളവരിൽ ഇക്‌ബാൽ മുമ്പനാകുന്നു. ഇസ്ലാമികചൈതന്യംകൊണ്ടു് അഭിനവമുസ്ലീംലോകത്തെ അത്യധികമായി ഇളക്കിമറിച്ചിട്ടുള്ളതും അദ്ദേഹമാണു്. സൌന്ദര്യപരിപൂരിതമായ തങ്ങളുടെ ഭൂതകാലഭാസുരതയെ കാണിച്ചുകൊടുത്തു് അവരെ ആനന്ദോന്മത്തരാക്കിയിട്ടുള്ളതും, ഇന്നത്തെ അധഃപതനത്തിൻെറ നാരകീയതയെ പ്രത്യക്ഷപ്പെടുത്തി അവരെ സംഭ്രമിപ്പിച്ചിട്ടുള്ളതും അദ്ദേഹമാകുന്നു. ജീവച്ഛവമായി—ശക്തിവിഹീനമായി—കിടക്കുന്ന ഇന്നത്തെ മുസ്ലീംസമുദായം പിടഞ്ഞെഴുന്നേററു്, അജയ്യമായ ശക്തിയുഠക്കൊണ്ടു മുമ്പോട്ടു കുതികൊള്ളണമെങ്കിൽ ഇക്‌ബാലിൻെറ പ്രവൃത്തിപ്രധാനമായ കമനീയ കവനങ്ങഠ പഠിക്കണമെന്നാണു് നിക്കൽസൺ, വിൽഫീൽഡ് തുടങ്ങിയ പണ്ഡിതപ്രമുഖന്മാരുടെ അഭിമതം.

പാശ്ചാത്യദേശത്തെയാകമാനം ഇളക്കിമറിച്ച വിശ്വവിഖ്യാതനായ തത്വചിന്തകൻ മാക്ടാഗർട്ടു് ഇക്ബാലുമായി പലതവണയും നിശിതമായ വാദപ്രതിവാദങ്ങളിൽ ഏൎപ്പെട്ടിട്ടുണ്ടു്. ഭൌതികവാദത്തെ അതീവ സാമൎത്ഥ്യത്തോടുകൂടി തകൎത്തു തരിപ്പണമാക്കിയ ഇക്ബാലിൻെറ തത്വനിരീക്ഷണചാതുരിയും, നിശിതഭാവവും നിരീക്ഷണംചെയ്ത അദ്ദേഹം പറയുന്നതു്:—

"എത്രയോ ശതാബ്ദങ്ങൾ ഇനിയും കഴിയേണ്ടിയിരിക്കുന്നു, ലോകം ഇക്ബാലിനെ ആസ്വദിക്കുവാൻ. അദ്ദേഹം നമുക്കു ലഭിച്ച ഒരനൎഘസമ്പത്താണു്" എന്നാകുന്നു.

അപകൎഷത്തിൻെറ ശൂന്യതയിൽ അമൎന്നു കഴിയുന്ന ഹൃദയങ്ങളിൽക്കൂടിയും ഉൽക്കൎഷത്തിൻെറ ദിവ്യമായ തുമ്പണം പരത്തുവാൻ—പിറകററ മിന്നാമിനുങ്ങുപോലെ മയങ്ങിവീഴുന്ന മാനസങ്ങളിൽപോലും പ്രസരിപ്പിൻെറ പൂന്തേൻ വിതറി ജീവൽശക്തികളെ ഉന്നയിപ്പിക്കാൻ—അദ്ദേഹത്തിൻെറ തൂലികയ്ക്കുള്ള കെല്പു് അത്ഭുതകരമാണു്. ഉറക്കത്തിനുള്ള "ഊഞ്ഞാൽപാട്ടാ"യിട്ടല്ല, ഉണൎവ്വിനുള്ള ഉഗ്രനാദമായിട്ടാണു് അദ്ദേഹത്തിൻെറ കവനങ്ങൾ അനുഭവപ്പെടുന്നതു്.

ഒരു രാഷ്ട്രം ഒരു മഹാകവിയെ ഉല്പാദിപ്പിക്കുന്നതു് അതു മഹത്വം പ്രാപിക്കുമ്പോൾ മാത്രമാണു്. ഒരു സാഹിത്യത്തിൻെറ ഉൽക്കൎഷാപകൎഷങ്ങൾ ആ സാഹിത്യോൽപാദകരായ ജനങ്ങളുടെ ദേശീയവും രാഷ്ട്രീയവുമായ നിലകളുമായി അവിഭാജ്യമാംവണ്ണം ബന്ധപ്പെട്ടിരിക്കും. ഈ പരമാൎത്ഥം അവിതൎക്കിതമാ

യി നിലകൊള്ളുമ്പോഴം, ഒരു സ്വാതന്ത്ര്യചിന്തകനായ വിമൎശകനു അസ്വാതന്ത്ര്യമായ ഒരു രാഷ്ട്രത്തിൻെറ കലാപരവും, താത്വികവും, സാംസ്കാരികവും, പരിഷ്ക്കാരസംബന്ധവുമായ എല്ലാം പ്രവൎത്തനങ്ങളിലും ദൃഷിച്ച മനുഷ്യത്വത്തിൻെറ സൃഷ്ടിവിശേഷങ്ങൾ തെളിഞ്ഞുകാണുവാൻ സാധിക്കും. എന്നിട്ടും ദേശീയവും രാഷ്ട്രീയവുമായി വളരെ അധഃപതിച്ച നമ്മുടെ അധുനാതനപരിതഃസ്ഥിതിയിൽ ഇക്ബാലിനേയും ടാഗ്ഗുറിനേയും പോലുള്ള മഹാകവികളെ ഉല്പാദിപ്പിക്കാൻ കഴിഞ്ഞതു് ഒരത്ഭുതസംഭവം തന്നെയാണു്. ഇതിനെപ്പററി കവിതന്നെ പ്രസ്താവിക്കുന്നുണ്ടു്:

"നർഗിസ് അവളുടെ അന്ധതയിൽ അനേകകാലം ഏങ്ങിക്കരഞ്ഞപ്പോഴം, ഒരു കാണുന്ന കണ്ണു് ആ മലർവാടിയിൽ ഉദ്ഭൂതമായി."

വേറൊരിടത്തെ പ്രസ്താവവും ശ്രദ്ധേയമാണു്:—

"ഒരു അക്ഷമമായ ആത്മാവിനെ പ്രത്യക്ഷപ്പെടുത്താനായി വളരെക്കാലമായി ജീവിതം ഘോരസമരം നടത്തുകയായിരുന്നു."

ഇങ്ങനെ ഈ പൌരസ്ത്യമഹാകവിക്കു സ്വമഹത്വത്തെപ്പററി ശരിയായ ബോധമുണ്ടായിരുന്നു. ഭാരതത്തിൽ ജനിച്ചുപോയതിനേയും, അധഃസ്ഥിതമായ തൻെറ ചുററുപാടിനെയുംപററി വിമൎശനങ്ങൾ നടത്തുന്നതിനുപകരം ഹൃദയവ്യഥയോടെ അദ്ദേഹം പ്രസ്താവിക്കുന്നതു്:—

"ഞാൻ മധുരഗാനമാണു്. എൻെറ "വേണു"
"ഇന്ന"ത്തെ "ഫിഡിലി"നോടു ഇണങ്ങുക
യില്ല. ഞാൻ ഭാവികാലകവിയുടെ പ്രതിധ്വ
നിയത്രെ."

ഭാരതത്തിലെ ചുററിയടിച്ചുകൊണ്ടിരിക്കുന്ന അവസ്ഥകളുടെ ശോകമയമായ അനുഭവമാണ് ഇക്ബാലിനെക്കൊണ്ടു ഇപ്രകാരം പറയിച്ചതു്. 'വർത്തമാന'ത്തിൻെറ അനാസ്ഥയിൽ അസംതൃപ്തനായ അദ്ദേഹം, 'ഭാവി'യുടെ സന്നദ്ധമായ സ്വീകരണം ലഭ്യമാകുമെന്നു വിശ്വസിക്കുന്നു.

ഇന്നത്തെ പണ്ഡിതരായ മഹാകവികളുടെ ഇടയിൽ ഇക്ബാലിനു ഉന്നതമായ ഒരു സ്ഥാനമാണുള്ളതു്. സാഹിത്യം, ചരിത്രം, സംസ്കാരം, വേദാന്തം, മനുഷ്യവിജ്ഞാനീയം എന്നിവയെപ്പററി അദ്ദേഹം അവഗാഢമായ പഠനം നടത്തി. തന്നിമിത്തമാണു് അദ്ദേഹത്തിനു വളരെത്താമസിയാതെ ഒരു മഹാകവി, ഒരു പ്രമുഖനായ തത്വചിന്തകൻ, ഒരു വലിയ രാഷ്ട്രീയവിജ്ഞാനി, ഇസ്ലാമികചരിത്രസംസ്കാരപരിഷ്കാരങ്ങളെപ്പററിയുള്ള ഒരു മഹാപണ്ഡിതൻ എന്നീ നിലകളിൽ ലോകവേദിയിൽ പ്രത്യക്ഷപ്പെടാൻ സാധിച്ചതു്. അദ്ദേഹത്തിൻെറ കവിതയുടെ ഓരോ വരിയിലും അവഗാഢമായ പഠനവും, അസാമാന്യമായ പാണ്ഡിത്യവും പരിസ്ഫുരണം ചെയ്യുന്നുണ്ടു്.

ഇക്ബാലിൻെറ പാണ്ഡിത്യത്തേയും ബുദ്ധിവൈഭവത്തേയും അകററിനിറുത്തി നിരീക്ഷിക്കുന്നതായാലും അദ്ദേഹത്തിൻെറ കവിതാവാസന ഒരു നിർവ്വചനത്തിനും വിവരണത്തിനും വിധേയമാകുന്നില്ലെന്നു കാണാവുന്നതാണു്. എല്ലാ സാഹിത്യശാഖകളിലും പരിപൂർണ്ണതയുടെ പരിസ്ഫുരണത്തേയും കലാത്മകമായ വൈഭവത്തേയും സംജാതമാക്കാൻ നമ്മുടെ കവിക്കു സാധിച്ചുവെന്നുള്ളതു് ഒരു വലിയ

നേട്ടമാണ്. പൌരസ്ത്യസാഹിത്യത്തിൽ ഇക്ബാലിൻെറ ആഗമനം ഒരു നൂതനദശാസന്ധിയെയാണ് കുറിക്കുന്നതു്. അദ്ദേഹത്തിൻെറ ഗീതങ്ങളും, ആഖ്യാനകവിതകളും, ദേശീയവിലാപഗാനങ്ങളും എന്നീ കാവ്യവിഭവങ്ങൾ യഥാൎത്ഥമായ കവിതാമാനദണ്ഡംവെച്ചു പരിശോധിച്ചാൽ, ലോകസാഹിത്യത്തിനു ലഭിച്ച അനൎഘനിധിയായി മാത്രമല്ല, പൌരസ്ത്യകലയുടെ വിജയമാതൃകയായും, പൂൎവ്വജനതയുടെ മഹത്തായ നേട്ടമായും, ഏഷ്യയുടെ അഭിമാനത്തെ അനന്തരകാലങ്ങളിലും നിലനിൎത്തുന്ന വിജയസ്തംഭമായും കാണാവുന്നതാണ്.

മൌലാനാ ജമാലുദ്ദീൻ റൂമിയുടെ ലോകപ്രശസ്തമായ 'മസ്നവി'യുടെ മാതൃകയിൽ രചിച്ചിട്ടുള്ള അദ്ദേഹത്തിൻെറ തത്വചിന്താത്മകമായ കൃതികൾ— 'അസ്റാറെ ഖുദി'യും 'റമൂസെബെ ഖുദി'യും—ഇക്ബാലിൻെറ പ്രശസ്തിയുടെ നിത്യസ്മാരകങ്ങളായി നിലകൊള്ളുന്നതാണ്. ഡാൻെറയുടെ 'ഡിവൈൻ കാമെഡി'യുടെ രീതിയിൽ രചിച്ചിട്ടുള്ള പ്രസിദ്ധമായ പേൎഷ്യൻ മഹാകാവ്യം—ജാവീദ്നാമാ—ലോകത്തിലെ ഏററവും വലിയ സാഹിത്യകാരന്മാരുടെ കൂട്ടത്തിൽ അദ്ദേഹത്തിനുള്ള ഉന്നതപദവിയെ കാണിക്കുന്നു.

അല്പസമയത്തേക്കു സാഹിത്യമലർവാടിയിൽനിന്നു് ഒന്നു മാറിനിന്നു വീക്ഷിക്കാമെങ്കിൽ, ഒരു കവി അഥവാ സാഹിത്യകാരൻ എന്ന നിലയിലുള്ള യോഗ്യതകളെപ്പററി പരിചിന്തിക്കാതെതന്നെ അദ്ദേഹത്തിനു് ഇസ്ലാമിലെ അഭിനവതത്വചിന്തകന്മാരുടെ കൂട്ടത്തിൽ ഏററവും ഉന്നതമായ ഒരു സ്ഥാനം

മാണുള്ളതെന്നു കാണാവുന്നതാണു്. എന്നാൽ ഇക്ബാൽ ഒരു ജാതീയവാദിയോ, സമുദായചിന്തകനോ, ദേശീയവേദാന്തിയോ അല്ല. അദ്ദേഹത്തിൻെറ തത്വങ്ങൾ ലോകത്തിനു വേണ്ടിയുള്ളതാണു്. അദ്ദേഹം ഒരു സാർവ്വദേശികനുമാണു്. ഈ വീക്ഷണകോണത്തുകൂടി നിരീക്ഷിക്കുമ്പോൾ, അദ്ദേഹത്തിൻെറ സ്ഥാനം യവനചിന്തയുടെ വെറും വിദ്യാത്ഥികളായിപ്പോയെന്നു നാം എപ്പോഴും പഴിക്കുന്ന ഇബ്നുസീനാ, ഫറാബി തുടങ്ങിയ പൌരാണിക മുസ്ലീം വേദാന്തികളെക്കാൾ വളരെ ഉപരിയാണെന്നു കാണാൻ കഴിയും. അദ്ദേഹം മൌലാനാ റൂമിയോടും, ഹാകിം സിനായിയോടും, ജമാലുദ്ദീൻ അഫ്ഘാനിയോടും ആദരവു പ്രകാശിപ്പിക്കുന്നുണ്ടെങ്കിലും, പരമാത്ഥത്തിൽ അദ്ദേഹം ഏതെങ്കിലുമൊരു തത്വചിന്തകൻെറ ശിഷ്യനോ താത്വികവിശ്വാസത്തിൻെറ പ്രതിനിധിയോ അല്ല. അസാധാരണമെന്നുമാത്രമല്ല പരിഷ്ക്കാരചരിത്രത്തിൽ ഒരു പരിവത്തനംതന്നെ ഉണ്ടാക്കിയതും സർവ്വസ്വാതന്ത്ര്യവുമായ അദ്ദേഹത്തിൻെറ "ആത്മീയത"യുടേയും "ആത്മവിഹീനത"യുടേയും തത്വത്തെയാണു് അദ്ദേഹം പ്രകാശിപ്പിച്ചതു്.

പേർഷ്യനിലെ കവിതാരചനയ്ക്കു്, ഭാഷാപരമായ കാര്യത്തിൽപോലും ഈറാനിലെ കവികളെ അനുകരിക്കാൻ അദ്ദേഹം തുനിയുന്നില്ല. ഏതിനുമുപരിയായി ഇക്ബാൽ ഒരു ആധുനികകവിയാണെന്നുള്ളതിനെ വിസ്മരിക്കരുതു്. ഭാഷാപരമായ വിവാദങ്ങളിൽ, ഡൽഹിയിലെ പ്രസിദ്ധ പേർഷ്യൻകവിയായ അമീർ കസ്രുവോ, തൻെറ കാലത്തെ ഏററവും ഉന്നതനായ പേർഷ്യൻ പണ്ഡിതനും കവിയുമായി

രുന്ന മിർസാ ഗാലിബോ പോലും സർവ്വസമ്മതന്മാരായി അംഗീകരിക്കപ്പെട്ടിട്ടില്ല. പേർഷ്യനിലുള്ള തൻെറ സംരംഭം, സാഹിത്യപ്രകാശനത്തിൽ അവരെ അതിക്രമിക്കുവാനോ പ്രകൃതസാഹിത്യഭണ്ഡാഗാരത്തെ പരിപോഷിപ്പിക്കാമെന്നുള്ള ഉദ്ദേശംകൊണ്ടോ അല്ലെന്നും "അസ്റാറെ ഖുദി" (ആത്മരഹസ്യങ്ങൾ) യുടെ ആമുഖത്തിൽതന്നെ കവി, പാരസീകകവികളോടു പ്രസ്താവിക്കുന്നുണ്ടു്. ഭാഷയുടെ മധുരിമയും തൻെറ ഉന്നതമായ ആശയങ്ങളെ സ്വത്യപ്ഹമാംവണ്ണം പ്രകാശിപ്പിക്കാനുള്ള പ്രഗത്ഭതയും മാത്രമാണു് ആ ഭാഷാസ്വീകരണത്തിനു പ്രേരകമായതു്. മേൽപറഞ്ഞ സംഗതികൾക്കു് ഉർദുതികച്ചും അപര്യാപ്തമാണല്ലോ.

ഉർദുവിനെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിൻെറ് നില വിപരീതമാണു്. യൌവനാരംഭത്തിൽ കവിതയുടെ പൊന്നോടക്കുഴൽ കയ്യിലെടുത്തപ്പോൾ, ഒരിക്കൽ അന്തഃകരണത്തിൻെറ അസഹനീയതയാൽ പ്രചോദിതനായി അദ്ദേഹം ഇങ്ങനെ പാടിപ്പോയി:—

"ഉർദുവിനെ ബന്ധിച്ചിരിക്കുന്ന കനത്ത ചങ്ങല ചിരപരിചിതമായ ഒരു കരത്തിനുവേണ്ടി സദാ കേഴുകയാണു്. ഈ മെഴുകുതിരി (ഉർദുകവിതയുടെ) ശലഭത്തിൻെറ ഹൃദയദഹനത്തിൽ സ്നേഹപരവശമത്രെ."

ഈ പരിമിതകരത്താൽ ഉർദുകവിതാലക്ഷ്മിയെ സഹർഷം അനുഗ്രഹിക്കുവാൻ അദ്ദേഹം കാണിച്ച ഉത്സാഹവും ഉൽക്കണ്ഠയും പ്രശംസാർഹമാണു്. ഈ നിഷ്ക്കന്മഷമായ സേവനങ്ങൾക്കു ലഭിച്ച പ്രതിഫലം

കവിയുടെ അമരത്വമാകുന്നു. നിത്യസ്മാരകമായി നിലനില്ക്കത്തക്കവണ്ണം എന്തൊരു സേവനമാണു് അദ്ദേഹം ഉർദ്ദുസാഹിത്യത്തിനുവേണ്ടി ചെയ്തിട്ടുള്ളതെന്നൊരു ചോദ്യം ഇവിടെ ഉണ്ടായേക്കാം. അതിന്റെ മറുപടി, ഉർദ്ദുവിനെ നിന്ദാർഹമായ പഴമയിൽനിന്നും അദ്ദേഹം വിമുക്തമാക്കി എന്നുള്ളതാണു്. പ്രാചീനസാഹിത്യസങ്കേതങ്ങളെയോ സമ്പ്രദായങ്ങളെയോ വിട്ടു വളരെയൊന്നും അകലുവാൻ ഇക്ബാലിന്റെ കാലംവരെ ഒരു കവിക്കും കഴിഞ്ഞിട്ടില്ല. എന്നാൽ ഇക്ബാലിന്റെ കവിതാവാഹിനിയാകട്ടെ ഈദൃശമായ അതിരുകളെ എല്ലാം ഉല്ലംഘിച്ചുകൊണ്ടു് അനുസ്യൂതം പ്രവഹിക്കുകയാണു ചെയ്തതു്. ഇതു് എന്നെന്നും അവിസ്മരണീയമായ ഒരു മഹനീയസേവനം തന്നെയാണു്.

സാഹിത്യജീവിതത്തിന്റെ ആരംഭത്തിൽ തന്നെ പുരാതനമായ ബന്ധനങ്ങളിൽനിന്നും വിമുക്തനാകുവാനാണു് അദ്ദേഹം ശ്രമിച്ചതു്. അദ്ദേഹത്തിന്റെ കവിതകളുടെ ആദ്യസമാഹാരം ''ബാങ്കെദറാ'' എന്ന പേരിലാണു് പ്രസിദ്ധീകൃതമായതു്. അതിൽ മിർസാ ഗാലിബ്, മലയിലെ മേഘം, എട്ടുകാലിയും ഈച്ചയും, അഴലിന്റെ തത്വം, ദേശീയത, കവിയും നിശയും, കുട്ടിയുടെ പ്രാർത്ഥന, ബന്ധനസ്ഥമായ പക്ഷിയുടെ രോദനം, മരിച്ചതിനോടൊരു ചോദ്യം, വേദനയുടെ ശബ്ദം, ഒരാശ, ചന്ദ്രക്കല, സ്നേഹവും മരണവും, കവി, ശശി, ആദാമിന്റെ ചരിത്രം, ഭാരതദേശീയഗീതം, നവീനക്ഷേത്രം, സിസിലിയിൽ, മുസ്ലിംരാജ്യങ്ങൾ, താരക, നക്ഷത്രസമൂഹം, സ്വർല്ലോകയാത്ര, പരിണാമം, ആധുനികപരിഷ്ക്കാ

രം, മതം, ഷേക്സ്പിയർ തുടങ്ങിയ വിഷയങ്ങളെപ്പററിയുള്ള അതീവസുന്ദരവും സരസകോമളവുമായ കവിതകളാണുള്ളതു്.

കവി പരിപക്വമായ വയസ്സിലേക്കു പ്രവേശിച്ചപ്പോൾ അദ്ദേഹത്തിൻെറ കവിതാവിഷയങ്ങളും പ്രൗഢങ്ങളായി. കഴിഞ്ഞ ലോകമഹായുദ്ധം നടന്നകാലം അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അഭിവൃദ്ധികരമായ ഒരു കാലഘട്ടമായിരുന്നു. എന്തുകൊണ്ടെന്നാൽ, ലോകമഹാകവികളുടെയിടയിൽ ഒരു മാന്യമായ സ്ഥാനംനേടാൻ കഴിയുന്ന കവിതകൾ ഈ ചുരുങ്ങിയ കാലഘട്ടത്തിലാണു് രചിച്ചിട്ടുള്ളതു്.

എല്ലാം ഭാവനാനുഗ്രഹീതരായ കവികളേയും പോലെ ഇക്ബാലിനും ഏതു നിസ്സാരസംഭവത്തേയും ആസ്പദമാക്കി മനോഹരകാവ്യങ്ങൾ ചമയ്ക്കാൻ കഴിഞ്ഞിരുന്നു. എല്ലാററിലും കവിത കാണുന്ന ആ "അസാമാന്യമായ ദർശനശക്തി" അദ്ദേഹത്തിൽ വളരെ കൂടുതലായി പ്രവർത്തിച്ചിരുന്നു. ശില്പവൈദഗ്ധ്യവും വേണ്ടുവോളമുണ്ടായിരുന്നു. അദ്ദേഹത്തിൻെറ കവിതകൾ ഏററവും അനുയോജ്യമായ ആശയങ്ങളുടെ ഏററവും അനുരൂപമായ പ്രകടനങ്ങളാണു്. ഇങ്ങനെ ഉർദുസാഹിത്യത്തിനു അക്ഷയമായ ഒരു മഹാനേട്ടമാണു് ഇക്ബാലിൽനിന്നുമുണ്ടായതു്. ഈ പുതിയ പ്രസ്ഥാനത്തിനു യുവകവികളിലും ഇക്ബാലിൻെറ സമകാലികന്മാരിലും നേടാൻകഴിഞ്ഞ സ്വാധീനശക്തി ആശ്ചര്യകരമാണു്. ഇക്ബാലിൻെറ ജീവിതകാലത്തുതന്നെ ഉർദുസാഹിത്യത്തിനു ഒരു പുനരുജ്ജീവനം അഥവാ ഒരു അഭ്യുത്ഥാനം

ഉണ്ടായി എന്നു പറയുന്നതു് വെറുമൊരു പരമാത്ഥം മാത്രമാകുന്നു. ഉർദുവിലെ സാഹിത്യമനോഭാവത്തിൽതന്നെ ഒരു വലിയ വ്യതിചലനമാണ് വന്നുചേന്നതു്. ചുരുക്കത്തിൽ അഭിവൃദ്ധികരമായ ഒരു പുതിയ പരിവത്തനംതന്നെ ഉണ്ടായി.

ഇക്ബാലിൻെറ സഹായം ഉർദുഭാഷക്കു സാങ്കേതികമായ വശത്തുകൂടിയും ലഭിച്ചിട്ടുണ്ടു്. ഈ സേവനമാണ് വളരെ അമൂല്യവും ഗണനാഹവുമെന്നു പക്ഷമുള്ള വിമശ്കന്മാരുമുണ്ടു്. പ്രകൃതസാഹിത്യത്തിൽ, നാം പ്രസ്താവിച്ചുകഴിഞ്ഞ സംഗതി മൌലികമായ പ്രാധാന്യത്തെയാണു വഹിക്കുന്നതെങ്കിൽ ഇപ്പോഠം ചിന്തിക്കേണ്ടിയിരിക്കുന്ന പ്രമേയവും ഒട്ടുംതന്നെ പ്രാധാന്യം കുറഞ്ഞതല്ല. ഈ സാങ്കേതികസേവനം ത്രിവിധപന്ഥാവിൽ കൂടെയാണ് അദ്ദേഹം നിവ്വഹിച്ചതു്. ഒന്നാമതായി, അദ്ദേഹം ഉർദുവിൻെറ ശബ്ദകോശത്തെ വിപുലപ്പെടുത്തി. വിദേശീയമായ ധാരാളം വാക്കുകഠം അദ്ദേഹം ഉർദുവിൽ കൊണ്ടുവന്നു. ഭാഷയിൽ ഈ പുതിയ വാക്കുകഠം സുകരമായ രൂപാന്തരവും സമീകരണവും പ്രാപിക്കുന്നുണ്ടോ എന്നറിയാൻ അദ്ദേഹം വളരെ ജാഗരൂകനായിരുന്നു. അദ്ദേഹത്തിൻെറ ഉർദുവിലെ അവസാനപ്രസിദ്ധീകരണങ്ങളിൽ ഒന്നായ ''മൂസ്സായുടെ വടി'' എന്ന കവിത ഈ പരീക്ഷണത്തെ തികച്ചും തെളിയിക്കുന്നുണ്ടു്. രണ്ടാമതായി, അതുവരെ കവിതയ്ക്കു പാടില്ലാത്തതെന്നു കരുതിപ്പോന്ന വിഷയങ്ങളെ അധികരിച്ചും കമനീയങ്ങളായ കവിതകഠം വിരചിക്കാമെന്നു വെളിപ്പെടുത്തുകയാണു ചെയ്തതു്. ഇങ്ങനെ അദ്ദേഹം പൌരസ്ത്യകവികളുടെ വീക്ഷണപരി

ധിയെ വിശാലവും ഹൃദയങ്ങളെ വിസ്തൃതവുമാക്കിത്തീൎത്തു. ഈ പരിവൎത്തനത്തിൻെറ സ്വഭാവംമൂലം ഒരു പുതിയ ഭാഷയോ, ആശയപ്രകടനത്തിനു ലളിതവും, സുകരവും, സുന്ദരവുമായ ഒരു രീതിയോ ആവശ്യമായിത്തീൎന്നു. ഇങ്ങനെ പുതിയ വാക്കുകളും പുതുമയേറിയ ശൈലികളും ഭാഷയിൽ സംക്രമിക്കേണ്ടതായി വന്നുകൂടി. ഇതിൻെറ പ്രാരംഭദശ ഒട്ടുംതന്നെ ആശാവഹമായിരുന്നില്ല. യഥാസ്ഥിതിക ഹൃദയങ്ങൾക്കു സ്ഥിരപ്രതിഷ്ഠിതവും പ്രാചീനവുമായ കവിതാസമ്പ്രദായങ്ങളെ പരിഷ്കരിക്കുന്നതും, പുതിയ സങ്കേതങ്ങൾ ഭാഷയിൽ ആവിർഭവിക്കുന്നതും അസഹ്യമായിരുന്നു. എന്നാൽ കവിയുടെ നിറവുതിന്ന് നിൎമ്മാണവൈഭവം നിരന്തരപ്രയത്നം തുടൎന്നപ്പോൾ ഈ തടസ്സങ്ങളും എതിൎപ്പുകളുമെല്ലാം അതൎഹിക്കുന്ന പരാജയംതന്നെ അടയുകയാണു ചെയ്തതു്. മൂന്നാമതായി, ഇക്ബാലിൻെറ പുതുമതുളുമ്പുന്ന രചനാമാതൃക ഭാഷയുടെ പരിപോഷണത്തിനു സാരതരമായ സഹായം ചെയ്തുകൊടുത്തു.

പുതിയ ശൈലികളുടേയും വാക്കുകളുടേയും പ്രയോഗത്തിലും, സാങ്കേതികസംരംഭങ്ങളിലും, രചനാരീതിയിലും, പല പരീക്ഷണങ്ങളും നടത്തിക്കൊണ്ടിരുന്നിട്ടും ഇക്ബാലിൻെറ കവിതകൾ ഉൽക്കൎഷത്തിൽനിന്നും അണുമാത്രംപോലും അധഃപതിച്ചിട്ടില്ലെന്നുള്ളതു പ്രത്യേകം ശ്രദ്ധേയമാണു്. ഇതു ഇക്ബാലിൻെറ ഏററവും പ്രകടമായ മാഹാത്മ്യങ്ങളിൽ ഒന്നത്രെ. ഇദ്ദേഹത്തിൻെറ കവിതകളുടെ പ്രധാനമായ സ്വാഭാവികത, അതു ഭാവത്തിനനുരൂപമാംവണ്ണം രൂപാന്തരം പ്രാപിക്കുന്നുവെന്നുള്ളതാണു്. നമു

ക്കു ഉദാഹരണത്തിനായി ചില കവിതകൾ പരിശോധിക്കാം:—

"ഒരാശ" എന്ന കവിതയിൽ താൻ ഏററവും വെറുക്കുന്ന മനോഭാവങ്ങളിൽ ഒന്നിനെ പ്രകാശിപ്പിക്കുകയാണു ചെയ്യുന്നതു്. കവിത ഇങ്ങനെ ആരംഭിക്കുന്നു.

"ഈ ലോകജനതയാൽ ഞാൻ സംരക്ഷിക്കപ്പെടുന്നു. (എങ്കിലും) ഹൃദയം മരിച്ചു മരവിച്ചുകഴിഞ്ഞ സമുദായത്തിൽ എന്തൊരു താല്പര്യമാണുണ്ടാകുക?

ഞാൻ ശബ്ദകോലാഹലങ്ങളിൽനിന്നു പറന്നു മാറുകയും കേണുകേണുകഴിയുകയും ചെയ്യുന്നു.

പ്രസംഗത്താൽപോലും മോഹിച്ചുപോകുന്ന നിശ്ശബ്ദതയ്ക്കായി എന്റെ ഹൃദയം തളരുന്നു.

പ്രശാന്തതയെയാണു് ഞാൻ പ്രണയിക്കുന്നതു്; ആ മലയുടെ സാനുപ്രദേശങ്ങളിൽ ഒരു കൊച്ചുകുടിൽ വേണമെന്നാണെന്റെ ആഗ്രഹം.

(അവിടെ) എല്ലാ വിഷമതകളിൽനിന്നും വിമുക്തനായി, ഏകാന്തതയിൽ ഞാനെന്റെ ദിവസങ്ങൾ കഴിച്ചുകൂട്ടും.

(അങ്ങനെ) എന്റെ ഹൃദയം ലൗകികമായ വ്യാപാരങ്ങളിൽനിന്നും തികച്ചും വിമുക്തമാകും."

ഈ വരികളിലെ ഓരോവാക്കിലും ഓരോ അക്ഷരത്തിലും അവസാദബോധം പ്രതിധ്വനിക്കുന്നുണ്ടു്. ഉർദ്ദുമൂലത്തിൽ ഉപയോഗിച്ചിരിക്കുന്ന ഭാഷ ശുദ്ധവും, ലളിതവും, നല്ല ഒഴുക്കുള്ളതുമാണു്. വികാരഭരിതഹൃദയനായ ഒരാൾ ആത്മഗതം ചെയ്തുകൊണ്ടിരിക്കുമ്പോൾ, സ്വാഭാവികമായ സാജാത്യത്തിന്റെ ഏററവും നിസ്സാരമായ വ്യതിചലനത്തി

നപോലും അതിബൃഹത്തായ ഒരു പ്രകമ്പനം അയാളിൽ ഉണ്ടാക്കിത്തീക്കാൻ കഴിയുന്നു. സൂക്ഷ്മനിരീക്ഷണത്തോടുകൂടിയ ഉപസംഹാരത്തിൽ ഈ മനഃശാസ്ത്രത്തെ ഇക്ബാൽ തികച്ചും ഗ്രഹിച്ചിട്ടുണ്ട്.

ഷികവ: വജവാബെഷികവ: (ആവലാതിയും ആവലാതിക്കു മറുപടിയും) എന്ന കൃതിയെന്ദ്ര ത്തിൽ ഇക്ബാൽ കവിതകളുടെ കലാത്മകസൗന്ദര്യത്തിൻെറ ഏറിയ പങ്കും മൂത്തീകരിച്ചിരിക്കുന്നു. എല്ലാററിനുമുപരിയായി അതു അദ്ദേഹത്തിൻെറ ശയ്യയുടെ പൂണ്ണിമയെയാണ് പ്രകാശിപ്പിക്കുന്നതു്. വിവിധരീതിയിലുള്ള ആവലാതികളെ, സ്വഭാവഭേദമനുസരിച്ചു വ്യത്യസ്തമായ സ്വരങ്ങളിലാണ് പ്രകടിപ്പിച്ചിരിക്കുന്നതു്. ചെറിയ ഉപദ്രവങ്ങളെപ്പററി പ്രസ്താവിക്കുമ്പോൾ ശാന്തവും ലളിതവുമായ രീതിയാണ് സ്വീകരിച്ചിട്ടുള്ളതു്. എന്നാൽ എല്ലാം പാദങ്ങളിലെയും അവസാനവരികൾ അനുവാചകഹൃദയങ്ങളെ അനിവാര്യമായി സ്പശിക്കത്തക്കവിധത്തിൽ അത്രമാത്രം ബഹുമാനവും ആദരവും കലന്നതായിരിക്കും:

ദൈവത്തോടു പരാതിപ്പെടുന്നു:—

"പരമാത്ഥവിഹീനമായിരുന്ന ഭൂമിയെ ഞങ്ങൾ പരിശുദ്ധമാക്കി; മനുഷ്യത്വത്തെ അടിമത്വത്തിൽനിന്നു ഞങ്ങൾ വിമോചിതമാക്കി. അങ്ങയുടെ "കഅബ"യിൽ ഞങ്ങൾ ഫാലതലങ്ങൾ ഉരസി; അങ്ങയുടെ "ഖുർആനെ" ഞങ്ങൾ കെട്ടിപ്പുണന്നു.

എന്നിട്ടും ഞങ്ങൾ സത്യവിശ്വാസികളല്ലെന്നോ? ഞങ്ങൾ വിശ്വസ്തരല്ലെങ്കിൽ, അങ്ങയുടെ ഹൃദയം നിഗൂഢമാണു്."

"താർത്താരിയുടെ സ്വപ്നം" എന്ന കവിത, മദ്ധ്യ ഏഷ്യയിലെ മുസ്ലിംകളുടെ ശക്തി കെട്ടുപോയെന്നു ഒരു 'താർത്താറി' സ്വപ്നം കാണുന്നതിനെപ്പററി പ്രസ്താവിച്ചുകൊണ്ടാണു് തുടങ്ങുന്നതു്. രാജ്യത്തോടൊപ്പം മറെറല്ലാംതന്നെ അവക്കു നഷ്ടമായി. അധഃപതനവും അപകഷ്വം മാത്രമാണു് അയാഠംക്കു പുറമം കാണാൻ കഴിയുന്നതു്. ഒരുഭാഗത്തു പുരോഹിതന്മാർ സാധുക്കളുടെ പണസഞ്ചികളെ ചോരണം ചെയ്യുന്നു. അന്യത്ര നഗ്നമായ പാശ്ചാത്യസൗന്ദര്യം അരക്ഷിതരായ താർത്താരികളുടെ ശാലീനവും അകൃത്രിമവുമായ വിശ്വാസത്തെ കവരുന്നു. അതിരുകവിഞ്ഞ നിരാശയാലും നിരാശ്രയതയാലും അയാഠം മുറവിളികൂട്ടുന്നു. ഉടനെ ഭയങ്കരമായ ഒരു കലുക്കവും തുടന്നൊരു ഭൂകമ്പവുമുണ്ടായി. ടൈമൂറിൻെറ ശവകുടീരം പൊട്ടിത്തുറക്കുകയും അതിൻെറ മുകളിൽ അദ്ദേഹത്തിൻെറ 'ഛായ' ഉദയം ചെയ്കയും ചെയ്തു.

"ഞാൻ ടൈമൂറിൻെറ ആത്മാവാണു്; താർത്താരികഠം അടിമപ്പെട്ടെങ്കിലും അവരുടെ വിധി അങ്ങനെയല്ല. ജീവിതാവശ്യത്തിനു ഒരു താർത്താരി തൻെറ സഹോദരനുമായി അകന്നകന്നു മാറണമെന്നുണ്ടോ?

അതെ, നിങ്ങളുടെ ആത്മാവിനു നവമായ ഒരു ജീവിതാധികാരം നല്കുകയും ലോകത്തിൽ ഒരു പരിവത്തനം ഉണ്ടാക്കുകയും ചെയ്യുക."

ടൈമൂറിൻെറ "ആത്മാവി"നെക്കൊണ്ടു പറയിക്കുന്ന ഈ വാക്കുകഠം തികച്ചും സന്ദഭോചിതവും ഉത്തേജകവുമാണു്. മദ്ധ്യ ഏഷ്യാക്കാരനു ബഹുമാ

നപൂൎവ്വമായ പെരുമാററത്തിൻെറ ആവശ്യമില്ല. അവൻ യുദ്ധോദ്യുക്തമായ ഉന്മിഷിതത്താൽ ഉത്തിഷ്ഠമാനനാകുന്നു. ആ ജയശാലിയുടെ പ്രസംഗത്തിൽ പ്രകടമായിക്കാണുന്ന നിരുപമമായ ഫലിതവും നിശിതമായ അധിക്ഷേപവാക്കുകളും താർത്താരികളുടെ ഹൃദയത്തിൽ മിന്നൽപിണർപോലെ പ്രകാശം പരത്തുവാൻ പോരുന്നതാണു്.

അദ്ദേഹം ഉർദുസാഹിത്യത്തിൽ "ഉപമ"യുടേയും "രൂപക"ത്തിൻെറയും രാജാവാണെന്നാണു് പറയപ്പെടുന്നതു്. പരമ്പരാഗതങ്ങളായ സൂചിതങ്ങളും അദ്ദേഹം ഉപയോഗിക്കുന്നെങ്കിൽതന്നെ, അതുവളരെ അപൂൎവ്വമായിട്ടുമാത്രമാണു്. ഇക്ബാൽ സ്വന്തമായ ഒരു രീതിയാണു് സ്വീകരിച്ചിട്ടുള്ളതു്. അദ്ദേഹം മിക്കപ്പോഴും നവീനവും, സമകാലികവുമായ ലോകചരിത്രസംഭവങ്ങളേയും, സാമ്പത്തികവും സാമുദായികവും രാഷ്ട്രീയവുമായ അന്തർദേശീയപ്രശ്നങ്ങളേയും പരാമൎശിക്കുന്നുണ്ടു്. സമകാലികരായ ഉജ്വലവ്യക്തികളുടെ സൂചനകൾ അദ്ദേഹത്തിനു സാധാരണമാണു്. ഇസ്ലാമികചരിത്രസംഭവങ്ങൾ അദ്ദേഹത്തിൻെറ കവിതകളിൽ പലഭാഗത്തും സ്ഥലംപിടിച്ചിരിക്കുന്നതായി കാണാൻകഴിയും. അലങ്കാരഭാഷാപ്രയോഗത്തിൽ ഷേക്സ്പീയറെ ഒഴിച്ചു യാതൊരു ആംഗലകവിയും ഇക്ബാലിനോടു കിടപിടിക്കയില്ല.

ഏതിലുമുപരിയായി സമകാലികസാഹിത്യകാരന്മാരിൽനിന്നും ഇക്ബാലിനെ വിവേചിക്കുന്നതു് അദ്ദേഹത്തിൻെറ രീതിയാകുന്നു. അദ്ദേഹത്തിൻെറ ശരിയായ പഠിതാവിനു, ഒരു വരി വായിക്കുന്നതു

കൊണ്ടുമാത്രം അതാരുടെ കവിതയാണെന്നു പറയാൻ കഴിയത്തക്കവിധം അത്രയ്ക്കു സ്പഷ്ടവും, സ്വയംസമത്ഥനകരവുമാണു് അദ്ദേഹത്തിൻെറ ശയ്യ. അതിൻെറ അച്ഛസ്ഫടികാഭ, അകൃത്രിമമായ ധാരാവാഹിത്വം, അനുവാചകഹൃദയങ്ങളെ വികാരതരളിതമാക്കാനുള്ള കഴിവു്, അതിൻെറ പരിമിതത്വം, ലളിതവും മോഹജന്യവുമായ രാമണീയകം, അതിൻെറ സാരള്യം, ഹൃദ്യമായ ചമൽക്കാരം, സുകുമാരമായ പുതുമ, വിവിധരീതികളുടെ മേളനം, കാവ്യമഹിമ, അനശ്വരമായ കലാസൗന്ദര്യം, നിത്യമായ വ്യക്തിവിലാസം എന്നിവ ഇക്ബാലിൻെറ രീതിയുടെ പ്രധാനപ്പെട്ട ലക്ഷണങ്ങളാകുന്നു. അദ്ദേഹത്തിൻെറ ആദ്യകവിതകളിൽപോലും ഈ വ്യത്യസ്തതകൾ വ്യക്തമായി വെളിപ്പെട്ടിരുന്നു. അദ്ദേഹത്തിൻെറ കവിതാവാഹിനി, പ്രഥമഘട്ടത്തിൽതന്നെ, വ്യത്യസ്തമായ ഒരുമാഗ്ഗം അവലംബിക്കുകയും, ഉൽകൃഷ്ടമായ ഭാവങ്ങളെ ഉർദുവിൽ പ്രകാശിപ്പിക്കുകയും ചെയ്യുകയാൽ, അതിൻെറ അനന്തരഗതിയെപ്പററി ഒന്നുംതന്നെ പ്രസ്താവിക്കുവാൻ വലിയ വിമശ്കന്മാക്കുകൂടിയും സാദ്ധ്യമായില്ല. അവരുടെ അവലോകന പരിധിക്കുള്ളിൽ അതു ഒതുങ്ങിനിന്നില്ല.

ആരംഭത്തിൽ ഇക്ബാൽ കുട്ടികൾക്കുവേണ്ടിയാണെഴുതിയതു്. ഈ ആദ്യകവിതകൾതന്നെ, അതു വളരെ ഇല്ലെങ്കിലും, ഉർദുസാഹിത്യത്തിൻെറ വമ്പിച്ച സമ്പത്തുകളിൽ ഒന്നാകുന്നു. അതിലെ ഭാഷ കുട്ടികൾക്കുപോലും മനസ്സിലാകത്തക്കവിധം ലളിതമാണു്. ഏററവും ശ്രദ്ധാഹ്മമായ സംഗതി അ-

നുയോജ്യമായ രചനാരീതിയാകുന്നു. ''കുട്ടികളുടെ പ്രാർത്ഥന''യിൽ ഇതു തെളിഞ്ഞുകാണാം. ആ കവിത ഇങ്ങനെ തുടങ്ങുന്നു.

''എന്റെ ആഗ്രഹങ്ങൾ ചുണ്ടുകളിൽ പ്രാർത്ഥനാരൂപം കൈക്കൊണ്ടെത്തുന്നു;

ദൈവമേ! എന്നെ—പ്രകാശം പരത്തുന്ന പ്രദീപംപോലുള്ള ഒരു ജീവിതത്തെ—അങ്ങു അനുഗ്രഹിക്കണെ.

ലോകത്തിന്റെ കാളിമ മാഞ്ഞുപോകട്ടെ; എന്റെ വെളിച്ചത്തിൽ ഓരോ സ്ഥലവും പ്രകാശംകൊള്ളട്ടെ.

ലതാപുഷ്പങ്ങളാൽ മലർവാടി എങ്ങനെ മനോഹരമാക്കപ്പെട്ടുന്നുവോ, അതുപോലെ എന്റെ രാജ്യം എന്നാൽ അലങ്കരിക്കപ്പെടട്ടെ.''

പ്രധാനമായും കുട്ടികൾക്കായുദ്ദേശിച്ചിട്ടുള്ള ''ബദ്ധമായ പക്ഷിയുടെ രോദനം'' എന്ന കവിത, വിശ്വസാഹിത്യത്തിലെ ഏററവും സുന്ദരമായ കവിതകളിൽ ഒന്നാകുന്നു. ഉദാഹരണത്തിനായി ഏതാനും വരികൾ ചുവടെ ചേക്കുന്നു.

''എന്റെ കഴിഞ്ഞുപോയ കാലങ്ങളെപ്പററി ഞാൻ ഓമ്മിക്കുന്നു. എന്റെ കൂട്ടുകാരുടെ കൂജനങ്ങളും മലരണിത്തോപ്പിലെ ജീവിതമനോഹാരിതയും എന്റെ ചിന്താമുകുരത്തിൽ നിഴലിക്കുന്നു.

ഹിമകണങ്ങളായ ബാഷ്പബിന്ദുക്കളിൽ, മുകുളങ്ങളായ മനോഹരമന്ദസ്മിതം ദശിക്കേണ്ടി വരുമ്പോൾ, എന്റെ ഹൃദയം ദലിതമാകുന്നു.

എന്റെ ഭവനത്തെപ്പററി ആഗ്രഹിക്കുന്നതിനാൽ ഞാൻ എന്തുമാത്രം കഷ്ടത അനുഭവിക്കുന്നെന്നോ!

എന്റെ സഖാക്കളെല്ലാം അവരുടെ നാടിലും ഞാൻ ഈ തുറുങ്കിലുമായിക്കഴിയുന്നു.

ദൈവമേ! എനിക്കു ഈ നാരകീയജീവിതത്തിന്റെ ദുരിതങ്ങളെപ്പററി അങ്ങയോടു പരാതിപ്പെടാമോ?

ഇവിടെവെച്ചുതന്നെ കദനത്തിന്റെ കരാളദംഷ്ട്രങ്ങൾ എന്നെഭക്ഷിച്ചുകളയുകയില്ലയോ എന്നു ഞാൻ ഭയപ്പെടുന്നു.

ശ്രോതാക്കളെ, മധുരതരമായ ഒരു ഗാനമാണെന്നു കരുതി, എന്റെ രോദനത്തിൽ നിങ്ങൾ ആനന്ദംകൊള്ളരുതേ!

ഈ രോദനം രോഗബാധിതമായ ഒരു ഹൃദയത്തിന്റെ അധഃസ്ഥിതമായ ഗാനമത്രെ.

എന്റെ യജമാനനോടു ഞാൻ സ്വാകൃത്യം നിർവ്വഹിക്കുവാൻ അപേക്ഷിക്കുന്നു.

ഞാൻ മൂകനായ ഒരു തടവുകാരനാണു്; എന്നെ സ്വതന്ത്രനാക്കി എന്റെ അനുഗ്രഹം സമ്പാദിക്കുക''

ഈ പ്രാരംഭദശയിലെ പരീക്ഷണങ്ങളിൽ തന്നെ ചാതുര്യ്യത്തിന്റെ പ്രഭാകിരണങ്ങൾ ദൃശ്യമാകുന്നുണ്ടു്. അദ്ദേഹത്തിന്റെ ചെറുകവിതകളിലും ഗാനശകലങ്ങളിലും ചിലതു പ്രത്യേക ശ്രദ്ധയെ അർഹിക്കുന്നതാണു്. ഉദാഹരണത്തിനു ''ആശ''യിലെ,

''ഈ ലോകജനതയാൽ ഞാൻ സംരക്ഷിക്കപ്പെടുന്നു, (എങ്കിലും) ഹൃദയം ഒന്നോടെ മരിച്ചുപോയാൽ സമുദായത്തിൽ പിന്നെ എന്തു സുഖമാണുള്ളതു്?''

എന്നീ വരികൾ ഉൾക്കൊള്ളുന്ന തത്വംതന്നെ സാക്ഷ്യം വഹിക്കുന്നതാണു്. ഈ ഒരൊററ കവിത

യ്ക്കുതന്നെ ഇക്ബാലിനെ അനപത്ഥനാമാവായ ഒരു മഹാകവിയാക്കാൻ കഴിഞ്ഞിട്ടുണ്ടു്. ഈ "ആത്മീയ സാക്ഷാൽക്കാരകാല"ത്തിൻെറ അവസാനത്തിൽ വിരചിതമായ "അഴലിൻെറ ചിത്രം" എന്ന കവിത രാജ്യത്തിൻെറ അങ്ങോളമിങ്ങോളം ഒരു വലിയ ദേശീയവിജയമായി കൊണ്ടാടപ്പെട്ടു. ഭാരതത്തിൻെറ അധഃപതനത്തിലും അപകർഷത്തിലും ഹൃദയമുരുകി വിലപിക്കുന്ന ഒരു വിലാപഗാനമാണിതു്. ഇതിനു വിഷയമാഹാത്മ്യം മാത്രമല്ല ഉള്ളതു്. ഇതിൻെറ രചനാരീതിയും സ്തുത്യർഹമാണു്. ഇതു് ചില ഉപാധികളിൽ മിൽട്ടൻെറ '‚ഇൽ-പെൽസിറോസോ"യുമായി തുല്യത വഹിക്കുന്നതായി പറയപ്പെടുന്നു. എന്നാൽ ഭാരതീയകവി വളരെ നവീനമായ ചില ആശയങ്ങളെക്കൂടി പ്രകാശിപ്പിക്കുന്നുണ്ടു്. മിൽട്ടൻെറ കവിത ദേശീയമായ യാതൊരുദ്ദേശത്തേയും നിറവേറുന്നില്ല. നേരേമറിച്ചു ഇക്ബാലിൻേറതാകട്ടെ, ഭാരതജനതയുടെ സാംസ്കാരികവും ദേശീയവുമായ മുതലിനു ഒരു വലിയ സംഭാവനയാകുന്നു.

1908 മുതൽക്കാണു് ഇക്ബാലിൻെറ കവനശക്തിയുടെ ഉജ്ജ്വലവും കല്പനാശക്തവുമായ കാലം ആരംഭിക്കുന്നതു്. ഇവിടെയാണു് ഇക്ബാൽ "തനിനിറ"ത്തിൽ— മരണംവരെ പ്രകാശിച്ചുകൊണ്ടിരുന്ന ആ നിറത്തിൽ— പ്രത്യക്ഷപ്പെടുന്നതു്. ഈ കാലത്തിൻെറ ഉത്തരദശയിൽ അദ്ദേഹം എഴുതിയ കവിതകൾ ഭാവത്തിലും പ്രകൃതിയിലും രീതിയിലും തികച്ചും പൌരസ്ത്യമായിരുന്നു. അദ്ദേഹത്തിൻെറ ഭാവന കടലും കരയും കടന്നു് ഭാരതത്തിൻെറ സീമകളെ ഉല്ലംഘിക്കുകയും, കവിതാദേവിയോടു പൊതു

വിൽ പൌരസ്ത്യക്കുവേണ്ടി പാടാൻ ഉത്തേജനം നല്കുവാനായി അത്ധ്വാനിക്കുകയും ചെയ്തു. എന്നാൽ അദ്ദേഹത്തിൻെറ ശ്രദ്ധ പ്രത്യേകം കേന്ദ്രീകൃതമായതു ഇസ്ലാമികസംസ്കാരത്തിൻെറ അധഃപതനത്തിലും മുസ്ലീം ലോകത്തിൻെറ അഭിമാനക്ഷയത്തിലുമാണു്. ഇങ്ങനെ സംഗതികളുടെ സ്വഭാവംതന്നെ സാധാരണ സ്ഥിതികളിൽനിന്നുമുയരാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. പിന്നെ അദ്ദേഹത്തിനു ഒരു പ്രാസംഗികൻെറയും, ഒരു രാഷ്ട്രീയവേദാന്തിയുടേയും, ഒരു വിപ്ലവകാരിയായ കവിയുടേയും പ്രവൃത്തികളെ പിൻതുടരേണ്ടിവന്നു. ഈ ഉദ്ദേശസിദ്ധിക്കായി ഇക്ബാൽ സ്വീകരിച്ചതു് പ്രസിദ്ധമായ പാശ്ചാത്യസാഹിത്യരീതിയാണു്. പക്ഷെ അദ്ദേഹം പടിഞ്ഞാറൻമാതൃകകളെ അനുകരിക്കാൻ ഒരുമ്പെട്ടില്ല. അവിഭാജ്യമാംവണ്ണം ഇണങ്ങിച്ചേർന്നിരിക്കുന്ന ഏഷ്യായുടെ മഹത്തായ പാരമ്പര്യത്തെ തന്നെയാണു് ആ ഫലപ്രദമായ മസ്തിഷ്കം വിജയകരമായി വെളിപ്പെടുത്തിയതു്. എന്നാൽ അദ്ദേഹം പ്രാചീനമാതൃകകളെ മിനുസപ്പെടുത്തുവാനും ശ്രമിച്ചില്ല. അദ്ദേഹത്തിൻെറ ‘ആവലാതി’, ‘ആവലാതിക്കു മറുപടി’, ‘‘ദീപവും കവിയും’’, ‘സഞ്ചാരിയായ കിസ്ർ’, ‘വഴിയാത്രക്കാരനായ കിസ്റിനുള്ള മറുപടി’,‘ഇസ്ലാമിൻെറ ഉല്കൃഷ്ടം’’, ‘നക്ഷത്രജാലം’, ‘ചന്ദ്രക്കല’ ആദിയായ ഈ ഘട്ടത്തിലെ ചില കവിതകാംമൂലം അദ്ദേഹം ലോകസാഹിത്യത്തിനു നല്കിയ സംഭാവന ഏററവും മഹത്താമാണു്. ഈ കവിതകളുടെ ഗൗരവപൂർവ്വവും കൂലങ്കഷവുമായ പഠനത്താൽ, സ്വമഹത്വപ്രകാശനത്തിനായി ഒരു കൃതി പ്രസിദ്ധീകരിക്കാൻ

അദ്ദേഹം പരിശ്രമിച്ചിരുന്നതായി തോന്നുന്നതാണ്. ഈ വിധമുള്ള ഒരു കൃതി പ്രകാശിപ്പിച്ചില്ലെങ്കിൽ അദ്ദേഹം സ്വന്തം കഴിവിനെ വേണ്ടുംവണ്ണം ഉപയോഗപ്പെടുത്തിയില്ല എന്നൊരു ന്യായമായ ആരോപണം അദ്ദേഹത്തിൻെറ മേൽ ഉണ്ടാകുമായിരുന്നു. അദ്ദേഹത്തിനു സ്വന്തം കഴിവിനെപ്പററി തികച്ചും ബോദ്ധ്യമുണ്ടായിരുന്നു. ഹോമർ, വിർജിൻ, ഡാൻെറ, മിൽട്ടൻ, മൌ: റൂമി, ഫിർദൌസി എന്നിവരോളം ഉയരുവാൻ മാത്രമല്ല, ചിലപ്പോൾ അവരെ അതിക്രമിക്കാനുംകൂടി അദ്ദേഹം വിചാരിച്ചിരുന്നതായി തോന്നിപ്പോകുന്നു. ഈ ആശയാവിഷ്കരണത്തിനായുള്ള ആദ്യത്തെ ഉപഹാരം "അസ്റാറെഖുദി", "റമുസെബേഖുദി" എന്നീ പേരുകളിൽ വെളിക്കുവന്നു. ലോകചരിത്രത്തിൽ നവീനപ്രഭ ചൊരിയുന്ന ഈ 'മസ്നവി'കൾ ഇക്ബാലിനു സാർവ്വദേശികമായ കടപ്പാടും ആദരവും സമ്പാദിച്ചുകൊടുത്തു. എന്നിട്ടും തൃപ്തികരമായി തൻെറ കൃത്യം നിർവ്വഹിച്ചില്ലെന്നു അദ്ദേഹത്തിനു തോന്നി. ചില വിടവുകൾ പിന്നെയും നികത്തേണ്ടതായി അവശേഷിച്ചിരുന്നു. തന്നിമിത്തമാണു പ്രസിദ്ധ പേർഷ്യൻ മഹാകാവ്യമായ "ജാവീദ് നാമാ" പ്രസിദ്ധപ്പെടുത്തിയതു്. ഇററാലിയൻ സാഹിത്യനായകനായിരുന്ന ഡാൻെറയുടെ 'ഡിവൈൻ കാമഡി' പോലെ സങ്കല്പമാത്രമായ തൻെറ ആത്മീയപ്രയാണമാണ് പ്രകൃതകൃതിയിലെയും വിവരണവിഷയം. സമകാലീനമായ ലോകവികാരങ്ങളേയും, പ്രദീപ്തമായിരുന്ന പഴയ കാലത്തെ വികാരവായ്പിനേയും സാങ്കല്പികമായ സംഭാഷണങ്ങൾകൊണ്ടു ഉജ്വലമായി വർണ്ണിക്കുക

യാണു് ചെയ്യുന്നതു്. ഉദ്ഗതഭാസുരമായ ഭാവനാസാമ്രാജ്യത്തിൽ, വിഖ്യാതനായ പേർഷ്യൻമിസ്റ്റിക്കും വേദാന്തപരിജ്ഞാനിയുമായ മൌലാനാ ജമാലുദ്ദീൻ റൂമിയാൽ നീതനായി നടത്തിയ ആത്മീയപ്രയാണവും തൽഫലമായുണ്ടായ അനുഭവങ്ങളുമാണു് അദ്ദേഹം ഇതിൽ ചിത്രീകരിക്കുന്നതു്.

യഥാൎത്ഥമഹാകവികളെല്ലാം കലയുടെ യാന്ത്രികമായ പ്രവൎത്തനത്തിൽ മാത്രമല്ല പ്രാഗത്ഭ്യം കാണിക്കുക; സ്വന്തമായ സംഭാവനകൾകൊണ്ടു അതിനെ പ്രശോഭിപ്പിക്കയും ഉജ്വലതരമാക്കുകയും ചെയ്യും. അതിൻെറ അഭികാമ്യതയെ വൎദ്ധിപ്പിക്കാൻവേണ്ടി സ്വസൃഷ്ടമായ മണിസൗധങ്ങൾ പലതും ഉയൎത്തേണ്ടതു് ആവശ്യമാണു്. നിൎമ്മാണവൈഭവമത്രെ മഹത്വത്തിൻെറ പ്രകടമായ സാക്ഷ്യം.

ബഹുമുഖമായ സാഹിത്യപ്രവൎത്തനങ്ങളെ പരാമൎശിക്കുമ്പോൾ വിമൎശകഹൃദയം മിക്കപ്പോഴും കവിയുടെ നാനാവിധ മാഹാത്മ്യങ്ങളാൽ കുഴങ്ങിപ്പോകുമെന്നുള്ളതു് സ്വാഭാവികം മാത്രമാണു്. ചില നിശ്ചിതമായ ഭാഗങ്ങളുടെ പരാമൎശനത്തിനുദ്ദേശിക്കുമ്പോൾകൂടി വൈഷമ്യമാണുണ്ടാകുക. എന്തുകൊണ്ടെന്നാൽ, കവിയുടേതുപോലെ മഹത്വം പ്രാപിച്ച ഒരു ശക്തിക്കുമാത്രം വേർതിരിച്ച വ്യക്തമായ വീക്ഷണത്തിനു വിധേയമാകത്തക്കവണ്ണം അവ സമ്മിശ്രമായതായിരിക്കും.

ഇക്ബാലിൻെറ കവിതകളുടെ ഏതുവശമെടുത്താലും പൂൎണ്ണമായ ഗ്രഹണം സാധിച്ചു എന്നവകാശപ്പെടാൻ നമുക്കു കഴിയുകയില്ല. ഒരു സാമാന്യമായ പരിജ്ഞാനം നേടുവാൻ മാത്രമെ സാധിക്കുകയുള്ളു.

 No. 11618

ഇക്‌ബാൽകവിതകളിൽ ദൃശ്യമാകുന്ന വിഷയത്തിൻെറ മൌലികത്വമാണു്, ഒരു സുപ്രഭാതത്തിൽ ഒരു മഹാകവിയായി തന്നെക്കാണാൻ അദ്ദേഹത്തെ തട്ടിയുണർത്തിയതു്. ഇക്‌ബാലിനെ പെട്ടെന്നു് പ്രസിദ്ധനാക്കിയതു് "ഹിമാലയ"ത്തിൻെറ പ്രസിദ്ധീകരണമാണു്. ഭാവത്തിലും രീതിയിലും ഇതു് ഷെല്ലിയുടെ "വാനമ്പാടി"യുമായി സാമ്യംവഹിക്കുന്നുണ്ടു്. ഈ കവിത ഒരു മഹത്തായ വാഗ്ദാനത്തിൻെറ ആദ്യഫലം മാത്രമാണു്. പിൽക്കാലത്തു് ഈ വാഗ്ദാനം സമർത്ഥതരമാംവണ്ണം നിറവേററി എന്നുള്ളതു് അദ്ദേഹത്തിൻെറ മഹത്വത്തെ ഉജ്ജ്വലതരമാക്കിത്തീർക്കുന്നു.

ഇക്‌ബാൽ ഏകത്വത്തിൽ ഒരു നാനാത്വമാണു്. മാനുഷികപരിചയത്തിൻെറ ഒരു ഭാഗമായ ഏതിലും മാനുഷികബന്ധത്തേയും സൌന്ദര്യത്തേയും കാണാൻ അദ്ദേഹത്തിനു കഴിയുന്നതുകൊണ്ടാണു് നാനാത്വമാണെന്നു് പറഞ്ഞതു്. "കവിത പ്രകൃതിയുടെ ഒരു വ്യാഖ്യാനം മാത്രമാണെന്നും കവിതയുടെ ഉൽകൃഷ്ടമായ ശക്തി അതിൻെറ വ്യാഖ്യാനശക്തിയാണെന്നും" പ്രസിദ്ധ വിമർശകകവിയായ മാത്യൂ ആർനോൾഡ് പറഞ്ഞിട്ടുള്ളതു് ഇവിടെ പ്രത്യേകം സ്മർത്തവ്യമാണു്. കവിതയുടെ "വ്യാഖ്യാനശക്തി" എന്നുപറയുന്നതു്, കവിത ലോകത്തുള്ള സദസദ്വസ്തുക്കളേയും അതേനിലയിൽ എടുത്തുകാണിച്ചുംകൊണ്ടു ലോകരഹസ്യത്തെ ആഖ്യാനം ചെയ്യുന്നതിനെയല്ല; പ്രകൃതിയിലുള്ള വസ്തുക്കൾ, അവയും മനുഷ്യനുമുള്ള ബന്ധങ്ങൾ മുതലായവയെക്കുറിച്ചു സൂക്ഷ്മമായും യഥാർത്ഥമായുമുള്ള ബോധം നമ്മുടെ ഉള്ളിൽ ഉദിക്കത്ത

ക്കവെണ്ണം ഹൃദയഗ്രാഹിയായ വിധം അവയെ വർണ്ണിക്കുന്നതിനെയാണു്. തൻെറ എല്ലാം സൃഷ്ടികളിലും ഒരേ മാനസികഭാവത്തെത്തന്നെ അംഗീകരിക്കുന്നതിനാലാണു് ഏകത്വമെന്നു് അഭിപ്രായപ്പെട്ടതു്.

ആരംഭത്തിൽ, അപ്പോഴത്തെ സ്വഭാവത്തിനനുകൂലമായി, ദേശീയവികാരത്താലാണു് അദ്ദേഹം വിജൃംഭിതനായതു്. തന്നിമിത്തം ആദ്യകാലകവിതകളെല്ലാം ദേശീയാവശ്യങ്ങൾക്കുവേണ്ടി എഴുതിയിട്ടുള്ളതാണു്. ഈ കാലത്തെ കവിതകളിൽ മിക്കതും കുട്ടികളെ ഉദ്ദേശിച്ചുള്ളതാണെങ്കിലും പൊതുവായ താല്പര്യം ഉൾക്കൊള്ളുന്നതായ അനേകം കവിതകളും ആ കൂട്ടത്തിലുണ്ടു്. "ഒരാശ", 'സ്നേഹവും മരണവും, 'നവീനക്ഷേത്രം', 'മിന്നാമിനുങ്ങു്', പ്രസിദ്ധമായ 'ഭാരതദേശീയഗീതം', 'അഴലിൻെറ ചിത്രം', 'ശശി', 'ഇൻഡ്യയിലെ കുട്ടികളുടെ ദേശീയഗാനം' എന്നിവ ഈ കാലത്തെ കൃതികളാകുന്നു.

തൻെറ ഉന്നതമായ കർത്തവ്യത്തെപ്പററി അറിയുവാൻ അദ്ദേഹത്തിനു വളരെ താമസിക്കേണ്ടിവന്നില്ല. വെറും ദേശീയതയ്ക്കുവേണ്ടി സമർപ്പിക്കപ്പെടേണ്ടതല്ല അദ്ദേഹത്തിൻെറ മഹത്തായ കവനശക്തി. ദേശീയമായ ദുരഭിമാനത്തിൻെറ അനന്തരഫലങ്ങളെപ്പററി അദ്ദേഹത്തിനു നല്ലവണ്ണമറിയാമായിരുന്നു. പാശ്ചാത്യചിന്തകന്മാരും കവികളും മീമാംസാപടുക്കളുമായുള്ള സംസർഗ്ഗം അദ്ദേഹത്തിൻെറ ഈ വീക്ഷണഗതിക്കു ശക്തികൂട്ടി.

ഇക്ബാൽ ദേശീയത്വത്തിൻെറ ഇടുങ്ങിയ ഭിത്തികൾക്കുള്ളിൽനിന്നും പുറത്തുവരികയും, അദ്ദേഹം ഒരു അന്തർദേശീയവാദിയായിത്തീരുകയും ചെയ്തു.

"ദേശീയത്വം" എന്ന കവിതയിൽ അദ്ദേഹം പറയുന്നു:—

"നവീനപരിഷ്കാരശില്പി ചില പുതിയ വിഗ്രഹങ്ങളെ കരണം ചെയ്തു; ഈ പുതിയ "ദൈവങ്ങ"ളിൽ ഏററവും വലുതു ദേശീയത്വമാണു്.

(എന്തുകൊണ്ടെന്നാൽ) ഇതിൻെറ കഞ്ചുകം മതത്തിൻെറ ശവപ്പെട്ടിയാകുന്നു.

രാജ്യങ്ങൾ തമ്മിൽ മാത്സര്യത്തിലും സ്പർദ്ധയിലും കഴിയുന്നതു് ഇതു (ദേശീയത്വം) കൊണ്ടാണു്.

അന്തർദേശീയവ്യവസായങ്ങൾക്കു വിഘാതം സംഭവിക്കുന്നെങ്കിൽ, കാരണം ഇതാണു്;

രാഷ്ട്രീയനേതാക്കന്മാരും രാജ്യതന്ത്രജ്ഞന്മാരും സത്യവും ബഹുമാനവും പരിത്യജിക്കാനും കാരണം ഇതുതന്നെ.

സാധുവിൻെറ ഗേഹം കൊള്ളയിടുന്നെങ്കിൽ, അതിൻെറ കർത്താവു് ഈ ദേശീയത്വമാണു്.

ഇതു് ദൈവത്തിൻെറ ജനതയെ രാഷ്ട്രീയമായി വിഭജിക്കുന്നു; ഇതു "ഇസ്ലാമിക ദേശീയത്വ"ത്തിൻെറ വേരറുക്കുന്നു."

ഇക്ബാലിൻെറ പരിപക്വമായ ജീവിതകാലം രാഷ്ട്രീയവും സാമുദായികവുമായ അന്തർദേശീയ പ്രശ്നങ്ങളിൽ തികച്ചും നിരതമായിരുന്നു. പാരസീക കവിതാസമാഹരണഗ്രന്ഥമായ "പയാമെ മഷ്റിഖ്" (പൌരസ്ത്യസന്ദേശം) പൌരസ്ത്യസാഹിത്യം, വേദാന്തം, സംസ്കാരം എന്നിവയെപ്പററി ഗെഥേയുടെ രീതിയിൽ രചിച്ചിട്ടുള്ള ഒരു കൃതിയാണു്. അഫ്ഘാനിസ്റ്റാനിലെ അമീറായിരുന്ന അമാനുള്ളാഖാനാണു് ഈ കൃതി സമർപ്പണം ചെയ്തിരിക്കുന്ന

ത്തു്. സമപ്പ്ണപദ്യങ്ങളിൽ കവി വളരെ തന്മയത്വത്തോടെ തന്നെ ഗെഥേയുമായി താരതമ്യപ്പെടുത്തുന്നുണ്ടു്. ''സന്ദേശ''ത്തിൻെറ സിംഹഭാഗവും ''യൂറോപ്പിൻെറ അടയാളങ്ങളെ''പ്പററിയാകുന്നു. ഈ ഭാഗത്തു്, ആധുനിക യൂറോപ്യൻ ചരിത്രവിഹായസ്സിലെ ജ്യോതിസ്സുകളുമായി ഇക്കബാൽ ക്രമമായി വ്യാപരിക്കുന്നുണ്ടു്. സാഹിത്യപരവും, ശാസ്ത്രീയവും, സാമുദായികവും, സാംസ്കാരികവും, സാമ്പത്തികവും, രാഷ്ട്രീയവുമായ സ്ഥിതിഗതികളെ എല്ലാം അദ്ദേഹം അവഗാഢമായി അവലോകനം ചെയ്യുന്നു. ക്യാൻറ്, ലാക്കു്, ഹെഗൽ, നീഷേ, ഷാംപെൽ ഹാനർ, ബഗ്ഗ്സൺ, കാറൽമാർക്സ്, ടാൾസ്റ്റായ്, ബയറൺ, ഗെഥേ, ട്ടാഥി, വില്യംകൈസർ, ലെനിൻ, അഗസ്റ്റസ്ഥാംറെറ, എയ്ൻസ്റ്റെയിൻ എന്നിങ്ങനെയുള്ള പേരുകൾ ഈ വശങ്ങളിൽ ധാരാളമായിക്കാണാം. എന്നാൽ കവിയുടെ ശ്രദ്ധ പ്രത്യേകം കേന്ദ്രീകൃതമായതു്, യൂറോപ്പിലെ രാഷ്ട്രീയവും സാംസ്കാരികവുമായ വൈഷമ്യങ്ങളിലാണു്.

അദ്ദേഹത്തിൻെറ പ്രസിദ്ധമായ ''മസ്നവി''കൾ പൌരസ്ത്യമിസ്റ്റിസിസത്തിൽ വർണ്ണനം ചെയ്തിരിക്കുന്നുവെന്നാണു് പൊതുവായി ഊഹിക്കപ്പെടുന്നതു്. അതു നവീനസംസ്കാരത്തെപ്പററിയുള്ള ഇസ്ലാമിൻെറ ഉപദേശങ്ങളെ വ്യാഖ്യാനിക്കുകയും അവയുടെ മഹത്വത്തെ വെളിപ്പെടുത്തുകയും ചെയ്യുന്നു.

സാർവ്വത്രികമായ പ്രകാശനം സ്വന്തമായി നല്കുവാൻവേണ്ടിയാണു് മേൽപ്രസ്താവിച്ച മഹാകാവ്യങ്ങൾ അദ്ദേഹം രചിച്ചതു്. തൻെറ നില കുന്നുകൂടി നിശ്ചിതവും സാർവ്വദേശികവുമാകുന്നതിനുവേണ്ടിയാണു് ''സർബെ കലിം'' എഴുതിയതു്. 'ഇസ്ലാമും

മുസ്ലീംകളും,' "വിദ്യാഭ്യാസവും പരിശീലനവും" സ്ത്രീകൾ, പൌരസ്ത്യപാശ്ചാത്യദേശങ്ങളിലെ രാജ്യതന്ത്രം, സാഹിത്യവും സുകുമാരകലകളും, മെഹ്റാബ് ഗുൽഅഫ്ഘം (സംങ്കല്പികനായ ഒരു അഫ്ഘാൻകവി) ൻെറ ചിന്തകൾ എന്നീ വിഷയങ്ങളടങ്ങിയ ആറദ്ധ്യായങ്ങളാണു് ഇതിലുള്ളതു്. ഇതിലെ കവിതകൾ വളരെ ചെറുതാണെങ്കിലും, ഒരു കവി എന്ന നിലയിൽ ഇക്ബാലിനുണ്ടായിരുന്ന പ്രാഗത്ഭ്യം മുഴുവനും ഇതുൾക്കൊള്ളുന്നതായി പറയപ്പെടുന്നു. ഭാവിയിൽ ഇതു മററു കൃതികളെ എല്ലാം അതിശയിക്കുമെന്നു പല വിമശ്കന്മാരും പറഞ്ഞുതുടങ്ങിയിട്ടുണ്ടു്.

ഇക്ബാലിൻെറ അവസാനകൃതികളിൽ ഒന്നായ ഒരു പേഷ്യൻ 'മസ്നവി' വായനക്കാരെ അമ്പരപ്പിക്കുവാൻ ശക്തമാണു്. "പൌരസ്ത്യരാജ്യങ്ങളെ, അനന്തരകൃത്യം ഏന്താണു്?" എന്നാണു് ഇതിൻെറ പേരു്. ഏഷ്യയിലെ ജനതയ്ക്കായുള്ള തീവ്രമായ ഒരു രാഷ്ട്രീയ സന്ദേശമാണിതു്. ഇതു മുസ്ലീംകളെ പ്രത്യേകമായും ഏഷ്യയിലെ ജനങ്ങളെ പൊതുവായും രാഷ്ട്രീയകാര്യങ്ങളിലെന്നപോലെതന്നെ ബുദ്ധിപരമായ സംഗതികളിലും സ്വാതന്ത്ര്യം സമ്പാദിക്കാൻ നിബ്ബന്ധിക്കുന്നു.

ഇസ്ലാമികരാഷ്ട്രോദ്ധാരണമാണു് ഇക്ബാലിനു പ്രിയപ്പെട്ട വേറൊരു വിഷയം. കലാപരമായ വശത്തുകൂടി അതിനു പ്രാപിക്കാവുന്നിടത്തോളം അഭിവൃദ്ധി അദ്ദേഹത്തിൻെറ മഹത്തായ പ്രവത്തനങ്ങൾ മൂലം ഉണ്ടായിട്ടുണ്ടെന്നുള്ളതു് അദ്ദേഹത്തിൻെറ മാഹാത്മ്യത്തെ കൂടുതൽ പ്രകാശമാനമാക്കുന്നു. ഒരു യ

ഥാത്ഥമുസ്ലീം, ഒരു വലിയ മുസ്ലീംവേദാന്തി, ഒരു സമുദായപരിഷ്കത്താവ് എന്നീ നിലകളിൽ നിഷ്കപടമായ യാഥാത്ഥ്യത്തോടും സ്വാഭാവികതയോടും കൂടി അദ്ദേഹം ഇപ്പോഴത്തെ ഇസ്ലാമിൻെറയും മുസ്ലീംകളുടെയും വ്യത്യസ്തമായ വശങ്ങളെ നിരീക്ഷണം ചെയ്തു. ഈ കാരണത്താലാണു് പക്ഷപാതികളായ ചില വിമശ്കന്മാർ അദ്ദേഹം തികച്ചും ഒരു ഇസ്ലാമികകവിമാത്രമാണെന്നഭിപ്രായപ്പെട്ടതു്. ഈ പ്രസ്താവത്തിലും അല്പം പരമാർത്ഥം ഇല്ലാതില്ല. എന്തുകൊണ്ടെന്നാൽ, ഒരു ദേശീയകവിയായും, ഒരു അന്തർദേശീയകവിയായും, ഒരു ഇസ്ലാമികകവിയായും, ഒരു ലോകമഹാകവിയായും അദ്ദേഹത്തെ ഒരേസമയത്തുതന്നെ കാണാൻ കഴിയും.

"ഷിക്കു്വ: ജവാബെ ഷിക്കു്വ": എന്ന കൃതികളുടെ ശ്രേഷ്ഠത അദ്വിതീയമാണെന്നു് പറഞ്ഞു കഴിഞ്ഞുവല്ലോ. മൌലികത്വത്തിലും അതു വളരെ മികച്ചുനില്ക്കുന്നുണ്ടു്. "ആവലാതി" എന്ന ആദ്യഭാഗത്തിൽ, കവി മുസ്ലീംകളുടെ ഒരു പ്രതിനിധി എന്ന നിലയിൽ, ലോകമുസ്ലീംകളുടെ അധഃപതനത്തെപ്പററി ദൈവത്തോടു് പരാതിപ്പെടുന്നു. പ്രാരംഭവരികളിൽതന്നെ 'പരാതിക്കാരൻ' ചോദിക്കുന്നതു്, ഈ ലോകത്തിലെ ദുരിതങ്ങളും വിഷമതകളും മുസ്ലീംകൾ ശാന്തതയോടെ സഹിച്ചതു് എന്തുകൊണ്ടെന്നാണു്. മുസ്ലീംകൾ എപ്പോഴും ദൈവത്തെ പ്രണമിക്കുന്നവരാണു്. എങ്കിലും ഈ നിരുദ്യോഗമായ നിലയെ ഇനിയും എങ്ങനെയാണു് സഹിക്കുക?

"ദൈവമെ, വിശ്വാസികളുടെ ആവലാതികളെ അങ്ങു ചെവിക്കൊള്ളണേ.

"അങ്ങയെ സ്തുതിക്കുന്നവരുടെ ദുരിതങ്ങളെ അ ങ്ങു ശ്രദ്ധിക്കണേ."

അനന്തരം ഭൂതകാലസംഭവങ്ങളെ കാൎയ്യിക്കുന്നു. വിഗ്രഹാരാധനയേയും അതുപോലുള്ള മററാരാധനാ സമ്പ്രദായങ്ങളേയും മുസ്ലിംകൾ എങ്ങനെ നശിപ്പി ച്ചെന്നും, 'ദൈവമത'ത്തെ ഭൂമിയിൽ അവരെങ്ങനെ സ്ഥാപിച്ചെന്നും, അതിൻെറ സംരക്ഷണത്തിനായി അവർ എത്രമാത്രം ധീരത കാണിച്ചെന്നും മററും വി വരിച്ചിട്ടു് മുസ്ലിംകൾ എങ്ങനെയാണ് മനുഷ്യസം സ്കാരത്തിൻെറ മൌലികതത്വങ്ങളെ—സമത്വസം ഹോദൎയ്യങ്ങളെ—സ്ഥാപിക്കുകയും പരിശീലിപ്പി ക്കുകയും ചെയ്തതെന്നു പറയുന്നു. ഇസ്ലാമിൻെറ ആ രംഭകാലത്തു നടന്ന അത്ഭുതകരങ്ങളായ യുദ്ധങ്ങളേ യും, മനുഷ്യത്വത്തെ അടിമത്വത്തിലും അജ്ഞതയി ലും നിന്നു വിമോചിതമാക്കിയതിനേയും ചരിത്രപ്ര ധാനമായ മററു സംഭവങ്ങളേയും പരാമശിച്ചശേ ഷം ഇങ്ങനെ പറയുന്നു:—

"കരവാളും ചുഴററി ഞങ്ങൾ പരാക്രമങ്ങൾ കാ ണിച്ചതു രാഷ്ട്രീയമായ ശക്തിസമ്പാദനത്തിനായി രുന്നോ?"

ഇങ്ങനെ മുസ്ലിംകളുടെ ദൈവഭക്തിപരമായ പല പ്രവൎത്തനങ്ങളേയും ചൂണ്ടിക്കാണിച്ചുകൊണ്ടു നിശിതമായി ആവലാതിപ്പെടുന്നു:—

"എന്നിട്ടും ഞങ്ങൾ വിശ്വാസികളല്ലെന്നാ ണോ പറയുന്നതു്; ഞങ്ങൾ വിശ്വസ്തരല്ലെങ്കിൽ, തീൎച്ചയായും അങ്ങയുടെ ഹൃദയവും ഞങ്ങളിൽനിന്നു മറച്ചുവച്ചിരിക്കയാണ്".

മുസ്ലിംകൾ സേവനതല്പരരും ഭക്തന്മാരും ആ

യിരുന്നിട്ടും മോഹനരൂപിണിമാരേയും രമ്യഹർമ്മ്യങ്ങളെയും നല്കി അവിശ്വാസികളെ സ്നേഹിക്കുന്നതു് വളരെ പരിതാപകരമാണു്.

മുസ്ലിംകൾക്കാകട്ടെ വെറും വാഗ്ദാനങ്ങൾ മാത്രമാണവശേഷിക്കുന്നതു്."

വേറൊരുഭാഗത്തു അദ്ദേഹം പറയുന്നതു്, രാഷ്ട്രങ്ങൾക്കും സമുദായങ്ങൾക്കും ചില വാഗ്ദാനങ്ങളെ നിറവേററാൻ സാധിച്ചില്ലെന്നു വന്നേക്കാം എന്നാണു്. എങ്കിലും അവ എല്ലാവൎക്കും സംരക്ഷണം നല്കുന്നുണ്ടു്. എന്നാൽ,

"അങ്ങയുടെ അനുഗ്രഹവൎഷം ചൊരിയുന്നതു് അവിശ്വാസികളുടെ ഹർമ്മ്യങ്ങളിൽ മാത്രമാണു്;

സാധുവായ മുസ്ലിമിൻെറ ഗൃഹത്തിൽ ഘോരമായ ഇടിത്തീയാണു് വീഴുന്നതു്."

ഈ കൃതി മുഴുവനും ഇതുപോലുള്ള ചിത്രങ്ങളാലും വേദനാകരവും തീക്ഷ്ണവുമായ പ്രസ്താവങ്ങളാലും നിറയപ്പെട്ടിരിക്കുന്നു. ഒരു പ്രാൎത്ഥനയോടുകൂടിയാണു് ഇതു ഉപസംഹരിക്കുന്നതു്. തൻെറ രോദനങ്ങളെ ആരും ശ്രദ്ധിക്കുന്നില്ലെന്നു കവി പറയുന്നു. അദ്ദേഹത്തിനു മാത്രമാണു് ഈ നിർഭാഗ്യകരമായ അവസ്ഥ. മുസ്ലിംരാഷ്ട്രങ്ങളെ അതിൻെറ ഗാഢമായ നിദ്രയിൽനിന്നുണൎത്താനും, അതിൻെറ ഭൂതകാലഭാസുരതയെ വീണ്ടെടുക്കാനും ഉത്തേജനം നല്കുവാൻ അദ്ദേഹത്തിൻെറ ഗാനത്തിൽ "ഇന്ദ്രജാലശക്തി" നിവേശിപ്പിക്കണമെന്നു അദ്ദേഹം ദൈവത്തോടു വിനീതമായി അപേക്ഷിക്കുന്നു.

"മറുപടി"യിൽ പരാതികൾക്കെല്ലാം സകാരണം ഉത്തരം നല്കപ്പെടുന്നു. ഇതിലെ ഭാഷ ശബ്ദാ

ത്ഥബഹുലമാണു്. ഈ കൃതികൾ രണ്ടും മനുഷ്യമസ്തിഷ്ക്കത്തിൻെറ മഹത്തായ വിജയത്തെയാണു് കാണിക്കുന്നതു്.

"കവിയും ദീപവും" എന്ന കവിതയും നമ്മുടെ ശ്രദ്ധയെ ആകർഷിക്കേണ്ടതാണു്. ഒരു ചെറിയ കഥയാണിതു്. വിജനമായ തൻെറ ഗൃഹത്തിൻെറ ഒരു കോണിൽ ഇരിക്കുമ്പോൾ കവി തൻെറ ദീപത്തോടു, നിസ്വാർത്ഥമായ ജീവത്യാഗത്തിനായി അതു ശലഭങ്ങളെ എങ്ങനെയാണു് വശീകരിക്കുന്നതെന്നു ചോദിക്കുന്നു. നേരെമറിച്ചു, വികാരോത്തേജകവും ഹൃദയഭേദകവുമാംവണ്ണം അദ്ദേഹം പാടിക്കൊണ്ടിരുന്നിട്ടും അതു ശ്രദ്ധിക്കുവാൻ ആരും തുനിയുന്നില്ല. ദീപം ഇതിൻെറ കാരണം വെളിപ്പെടുത്തുന്നു. കവിയുടെ മാനുഷികമായ കഴിവുകേടിനെ വെളിപ്പെടുത്തിക്കൊണ്ടു, മുസ്ലിംസംസ്കാരത്തിൻെറയും ശക്തിയുടേയും അധഃപതനകാരണങ്ങളെ അപഗ്രഥനം ചെയ്യുന്നു. സമാനകാലസ്ഥിതികളുടെ ഇരുണ്ട ഒരു ചിത്രം കാണിച്ചുകൊണ്ടു് ശുഭാപ്തിവിശ്വാസത്തിൻെറ മാനസാരോഗ്യപ്രദങ്ങളായ മഞ്ജുമയൂഖങ്ങളെ അതു പുറമേ വിതറുന്നു. നിരാശയ്ക്കു യാതൊരു കാരണവുമില്ലെന്നും, മുസ്ലിംകൾ അവരുടെ ചേതസ്സിനെ വീണ്ടെടുത്തിരിക്കുന്നെന്നും, ഭൂതകാലഭാസുരതയെ വീണ്ടെടുക്കാൻ അവർ പ്രയത്നിക്കുകയാണെന്നും അതു കവിയെ അറിയിക്കുന്നു.

കവിയുടെ സ്വർല്ലോകയാത്രയെപ്പററി വിവരിക്കുന്ന ഒരു ചെറുകവിതയുണ്ടു്. അവിടത്തെ അല്പമായ താമസത്തിനിടയ്ക്കു സ്വർഗ്ഗത്തിൻെറ ചേതസ്സമാകർഷകമായ രമണീയതയേയും, നരകത്തിൻെറ വിരൂ

പവും ഭീതിജനകവുമായ രംഗങ്ങളേയും അദ്ദേഹത്തിനു കാണാൻ കഴിഞ്ഞു. രണ്ടിൻേറയും സജീവചിത്രങ്ങളെ അദ്ദേഹം ആലേഖനം ചെയ്തിട്ടുണ്ടു്.

പ്രധാനപ്പെട്ട കവിതകളിലൊന്നിൽ "ആദാമിൻെറ ചരിത്ര"ത്തെ അദ്ദേഹം വിവരിക്കുന്നു. ആദാമിൻെറ അധഃപതനകാരണങ്ങൾ, ഭൂമിയിലെ വാസവും പുരോഗതിയും, അദ്ദേഹത്തിൻെറ മസ്തിഷ്ക്കത്തിൻെറ അത്ഭുതകരമായ നേട്ടങ്ങൾ ഇങ്ങിനെ പലതും അതിൽ കാണാം. അവസാനമായി അദ്ദേഹം പറയുന്നതു്,

"എൻെറ ബുദ്ധിശക്തി ലോകം മുഴുവനും ആക്രമിച്ചുകഴിഞ്ഞെങ്കിലും ജീവിതരഹസ്യങ്ങളെ വെളിപ്പെടുത്താൻ എനിക്കു കഴിഞ്ഞില്ല" എന്നാണു്.

ഇതുപോലുള്ള ഒരു കൃതിയിൽ അനന്യസാധാരണമായ നിർമ്മാണവൈഭവത്താലും അമോഘമായ ഭാവനാശക്തിയാലും സുതരാം അനുഗ്രഹീതനായ മഹാകവി സ്നേഹത്തിൻെറ ജനനത്തെ ചിത്രീകരിക്കുന്നുണ്ടു്.

"ജിബ്രീലും പിശാചും" തമ്മിലുള്ള സംഭാഷണം ഭാവനയുടെ വിദഗ്ദ്ധസൃഷ്ടികളിലൊന്നാകുന്നു. മനുഷ്യസൃഷ്ടിയുടെ കഴിവില്ലായ്മയെ പ്രതിനിധീകരിക്കുന്ന ജിബ്രീൽ പശ്ചാത്താപം പ്രകടിപ്പിച്ചു ദൈവശിക്ഷയിൽനിന്നും മോചനം പ്രാപിക്കാൻ കഴികയില്ലയോ എന്നു ചോദിക്കുന്നു. ഇതിനു പിശാചു തൻെറ പരിചിതമായ രീതിയിൽ തന്നെ ഉത്തരം പറയുന്നു. തന്നിമിത്തം ജിബ്രീൽ അവനെ ശകാരിക്കുന്നു:—

"അനുസരണമില്ലായ്മകൊണ്ടു നിൻെറ ഉയന്നസ്ഥിതി നിനക്കു നഷ്ടപ്പെട്ടു;

ഇപ്പോൾ ദൈവത്തിനു ദേവന്മാരെപ്പററി അത്രയവലിയ പരിഗണനകളൊന്നുമില്ല.”

ഒരു വലിയ പ്രസംഗം മുഖേനയാണ് അവൻ ഇതിനു മറുപടി നല്കുന്നതു്:

“ഒരുപിടി മണ്ണിനു ഞാൻ ജീവിതത്തിന്റെ പ്രേരണനല്കി. (മാനുഷിക) ബുദ്ധിശക്തിയുടെ കഞ്ചുകഖണ്ഡങ്ങൾ എന്റെ തന്ത്രങ്ങളാകുന്നു.

നല്ലതും ചീത്തയുമായുള്ള പോരാട്ടം തീരപ്രദേശത്തു നിന്നുമാത്രമാണ് നിങ്ങൾ കാണുന്നതു്.

എന്നാൽ, പൊട്ടിയലറുന്ന തിരമാലകളുടെ താഡനം ആരുടെ ഗണ്ഡസ്ഥലങ്ങളിലാണ് പതിക്കുന്നതെന്നു നോക്കുക.

കിസ്ർ നിസ്സഹായനാണ്; ഇല്യാസുപോലും നിസ്സഹായനാണ്.

എന്റെ കൊടുങ്കാററു മഹാസമുദ്രങ്ങളിലും നദികളിലും സഞ്ചരിക്കുന്നു.

താങ്കൾ ദൈവത്തെ ഏകാന്തതയിൽ കാണുമ്പോൾ ചോദിക്കണം, ആരുടെ രക്തമാണ് ആദമിന്റെ ചരിത്രത്തെ നിറം പിടിപ്പിച്ചതെന്നു്?

ഒരു പുഴുവിനെപ്പോലെ ഞാൻ ദൈവത്തിന്റെ ഹൃദയത്തെ ഭക്ഷിക്കുന്നു.

നിങ്ങളാകട്ടെ, “ദൈവമേ, ദൈവമേ, ദൈവമേ!” എന്നു ജപിക്കുകമാത്രമാണു ചെയ്യുന്നതു്.”

“മൂസായുടെ വടി” എന്ന കൃതിയിൽ നിന്ദ്യമായ നിശ്ചലതയും ആലസ്യവും വെടിഞ്ഞു് ഉണന്നെഴുന്നേൽക്കാൻ അഫ്ഘാൻജനതയെ ഇക്ബാൽ ഉൽബോധിപ്പിക്കുന്നു. പണ്ടത്തെപ്പോലെ

സാമ്രാജ്യങ്ങളുടെ സ്രഷ്ടാക്കളാകുവാൻ അവരെ നിബ്ബന്ധിക്കുന്നു. ഇതിനെ കൂടുതൽ ഫലപ്രദമാക്കുവാനായി മെഹ്റാബ്ഗുൽ എന്നൊരു സാങ്കല്പികനായ അഫ്ഘാൻ കവി പറയുന്നതായിട്ടാണ് പ്രസ്താവിക്കുന്നതു്. സാമൂഹ്യപരിഷ്ക്കരണത്തിനായി ഒരു ചൈനീസ് തത്വചിന്തകൻെറ പേരിൽ ലേഖനങ്ങൾ പ്രസിദ്ധീകരിച്ച ഗോൾഡ്സ്മിത്തിൻെറ സ്മരണ ഇതു കാണുമ്പോൾ നമുക്കുണ്ടാകും. ഇക്ബാൽ, അഫ്ഘാൻ ജനതയെ അവരുടെ രീതിയിൽതന്നെ ആഹ്വാനം ചെയ്യുന്നതിനാൽ, വായനക്കാരൻ മിക്കപ്പോഴും അഫ്ഘാനിസ്താനിലെ ഒരു വലിയ ദേശീയകവിയാണോ തന്നെ അഭിമുഖീകരിക്കുന്നതെന്നു സംശയിച്ചുപോകും.

പ്രകൃതിയിലുള്ള സാധാരണവും പരിചിതവുമായ വസ്തുക്കളെ വർണ്ണിച്ചു പ്രകൃതിസൗന്ദര്യത്തെ പ്രതിബിംബിപ്പിക്കാനും ഇക്ബാലിനു സ്തുത്യർഹമായ കഴിവുണ്ടായിരുന്നു. അനുഭവബോധത്തോടും, പ്രകൃതിവസ്തുക്കൾക്കും മനുഷ്യൎക്കുമുള്ള ബന്ധത്തിൻെറ യഥാൎത്ഥമായ ജ്ഞാനത്തോടുംകൂടിയാണു് അദ്ദേഹം പ്രകൃതിവസ്തുക്കളെ സംബോധനചെയ്യുന്നതു്. അതിൽ വലിയ അൎത്ഥങ്ങളും തത്വങ്ങളും കാണാൻ അദ്ദേഹത്തിനു കഴിയും. പക്ഷെ വേഡ്സ്വൎത്തിനെപ്പോലെ, അതിന്നുവേണ്ടിമാത്രം പ്രകൃതിയെ ആരാധിക്കുവാൻ അദ്ദേഹം തയ്യാറില്ല. അചേതനമായ വസ്തുക്കളുമായി സംഭാഷിക്ക എന്നതു് ഇക്ബാലിനു പുതുമയല്ല. എന്നാൽ അദ്ദേഹത്തിൻെറ പ്രത്യേകത, എപ്പോഴും സംസാരിക്കുന്നതു സാമാന്യദൃഷ്ടിക്കു നിസ്സാരവും നിരൎത്ഥകവുമായി തോന്നുന്ന വസ്തുക്കളുമാ

യിട്ടായിരിക്കുമെന്നുള്ളതാണ്. അനുഗൃഹീതമായ ഉല്ലേഖവൈഭവത്താൽ ചെറിയവസ്തുക്കളെ വലുതാക്കാനും, അപരിചിതവസ്തുക്കളെ പരിചിതമാക്കാനും മഹാകവികൾ പ്രഗത്ഭരാണല്ലോ. ഈ തരം കവിതകൾ ധാരാളമുണ്ടെങ്കിലും ഉദാഹരണത്തിനായി ഏതാനും ചിലതു പരിശോധിക്കാം.

'മിന്നാമിനുങ്ങ്' എന്ന കവിത മൂന്നുഭാഗങ്ങളായിട്ടാണ് എഴുതിയിട്ടുള്ളത്. പ്രഥമഭാഗം ശലഭത്തിന്റെ അംഗുലഭാഗത്തിനു കവിയുടെ ഒരുപഹാരമാകുന്നു. ഇതിനു വായനക്കാരെ മാദകമായ ആനന്ദത്തിൽ മഗ്നരാക്കാൻ കഴിയുന്നതാണ്.

"വാടികയുടെ വാസന്തഭംഗി പ്രഭാപ്രസരം പരത്തുന്നത് മിന്നാമിനുങ്ങിന്റെ പ്രകാശംകൊണ്ടാണോ,

അതൊ, വിവിധവർണ്ണപ്രശോഭിതമായ സൂനനികരത്തിൽ ഒരു ദീപം പ്രകാശിക്കുകയാണോ?

വാനിൽ ചിന്നിയ ചില താരങ്ങൾ അവനിയിൽ ആപതിച്ചിരിക്കയാണോ,

അതൊ, ജീവശക്തി ഉൾക്കൊണ്ട ഒരു ചന്ദ്രകിരണം ധവളിമ ചൊരികയാണോ?

നിശാസാമ്രാജ്യത്തിൽ പകലിന്റെ പ്രതിനിധി സമാഗതനായിരിക്കയാണോ?

സ്വദേശത്തു നിഷ്പ്രഭനെങ്കിലും ഈ വിദേശഭൂവിൽ ഉജ്ജ്വലാഭയോടെ മിന്നിത്തിളങ്ങുന്ന ഈ മഹാനുഭാവൻ ആരാണ്!

സൂര്യനിചോളകത്തിന്റെ ഒരിഴ അവിടെപൊട്ടിവീണിരിക്കയാണോ?

അതോ, പകലോന്റെ പരാര്ദ്ധ്യപട്ടാംബരത്തിന്റെ ദൃശ്യമാനമായ ഒരു ഘടകമാണോ അതു്?

അന്ധകാരത്തിൽനിന്നു പ്രഭാപ്രകർഷത്തിലേയ്ക്കു പ്രകൃതിയെ ആനയിച്ച പ്രാചീനസൗന്ദര്യത്തിന്റെ നിഗൂഹിതമായ ദർശനമാണോ?

ഈ ചെറിയ പനിമതിയിൽ ഇരുളും പ്രകാശവും സമീപസ്ഥമായിത്തന്നെ നിലകൊള്ളുന്നു;

ചിലപ്പോഠം അതു ഗ്രഹണവിധേയമാകുന്നു; ചിലപ്പോഠം അതു വെൺകതിർ തൂകുന്നു.''

പ്രകൃതിയിൽ പരാശക്തിയുടെ പ്രവർത്തനത്തിന്റെ വിവിധതരമായ പ്രത്യക്ഷാനുഭവങ്ങളെ പ്രതിബിംബിപ്പിക്കുന്ന ദ്വിതീയഭാഗം ഈ വരികളിൽ അവസാനിക്കുന്നു:

''അഗ്നികത്തിന്റെ പകൽ നമ്മുടെ രാത്രിയാണെന്ന പ്രത്യേകത, തീർച്ചയായും നമ്മുടേതുമാത്രമായ അഭിമാനമാണു്.''

തൃതീയഭാഗത്തു മാനുഷികതല്പരതയെ കവി ഇങ്ങനെ പ്രകാശിപ്പിക്കുന്നു:

''ഏതുരീതിയിലുള്ള സൃഷ്ടിയിലും മൌലികസൗന്ദര്യം സ്വയമേവ പ്രത്യക്ഷപ്പെടുന്നുണ്ടു്.

മനുഷ്യനിൽ അതു സംസാരശക്തിയാണു്; കുഡ്മളത്തിൽ അതു വികസ്വരഗീതമാണു്.

ഈ ആകാശശശാങ്കൻ പരമാർത്ഥത്തിൽ കവിയുടെ ഹൃദയമാണു്,

അവിടത്തെ പാലൊളിക്കതിർ, ഇവിടെ ഹൃദയത്തിന്റെ ശോകാത്മകമായ ഗാനമാണു്,

സംസാരത്തിന്റെ സമാഗമനം ഒരു തെററായ വ്യാഖ്യാനത്തെ നല്കിയിട്ടുണ്ടു്.

നേരെമറിച്ചു, മധുരമായ ഗാനം രാപ്പാടിയുടെ വാസനയും, പൂവിൻെറ വാസന അതിൻെറ ഗാനവുമാകുന്നു.

ഏകത്വത്തിൻെറ രഹസ്യം പ്രകൃതിയുടെ നാനാത്വത്തിൽ നിഗൂഹനം ചെയ്തിരിക്കുന്നു.

അഗ്നികത്തിൻെറ വാളൊളി പ്രസൂനത്തിൻെറ പരിമളമാണു്,

മൌലികമായ ശാന്തത പ്രകൃതിയിലെങ്ങും പ്രസരിക്കുമ്പോൾ, ഈ നിരർത്ഥകമായ വ്യത്യാസം എങ്ങനെയാണു് അന്യോന്യയുദ്ധത്തിനു കാരണമായി ഭവിക്കുക.”

“നക്ഷത്രജാല”മെന്ന കവിത ആദ്യന്തം അതീവമോഹനമാണു്. അതൊരു സുന്ദരമായ സായംസന്ധ്യ. കവി അതിരമണീയമായ അസ്തമയത്തെ അവലോകനം ചെയ്തുകൊണ്ടിരുന്നു. പെട്ടെന്നു രാത്രിയുടെ കാളിമ ലോകത്തു പരന്നുതുടങ്ങി. നക്ഷത്രങ്ങൾ മിന്നിമിന്നി പ്രകാശിച്ചു. ആകാശമണ്ഡലത്തിൽ ശ്മശാനസമാനമായ ശാന്തത വ്യാപിച്ചിരുന്നു. പെട്ടെന്നു ഒരു ദേവവചനത്താൽ ഈശാന്തത ഭഞ്ജിക്കപ്പെട്ടു:

“രാത്രിയുടെ കാവൽക്കാരെ! ആകാശത്തിലെ നക്ഷത്രങ്ങളെ!

നിങ്ങളുടെ സമുദായം പ്രകാശമാനവും വ്യോമഗോപുരത്തിൽ സമുന്നതസ്ഥിതവുമാകുന്നു.

മനുഷ്യരെ മാദകമായ സ്വപ്നങ്ങളിൽനിന്നും ഉണർത്തുവാൻവേണ്ടി

(ആനന്ദകരമായ) ഒരു ഗാനം നിങ്ങൾ ആല

പിക്കുക. (എന്തുകൊണ്ടെന്നാൽ) നിങ്ങളുടെ മിന്നി ത്തിളങ്ങുന്ന ശീഷ്ങ്ങൾ "കാരവൻ" സംഘത്തി ന്റെ മാർഗ്ഗദീപങ്ങളാകുന്നു.

അവർ നിങ്ങളെ അവരുടെ വിധിയുടെ ദർപ്പ ണംപോലെ പരിഗണിച്ചു.

പക്ഷെ ഇവരും നിങ്ങളെ ശ്രദ്ധിച്ചെന്നുവരാം."

നക്ഷത്രങ്ങൾ സ്തുതിഗീതം മുഴക്കുകയും, അവരു ടെ ഗായകസംഘത്തിന്റെ മധുരമായ ഗാനം അന്ത രീക്ഷത്തിൽ വ്യാപിച്ച് ദിങ്മുഖങ്ങളിൽ തട്ടി പ്ര തിധ്വനിക്കുകയും ചെയ്യുന്നു. കവി, ലോകത്തിനാ യുള്ള തന്റെ സന്ദേശത്തെ ആ ഗാനത്തിൽ ലയിപ്പി ക്കുന്നു. ഇങ്ങനെ ആഗാനം ഒരു സന്ദേശരൂപം ഉൾ ക്കൊള്ളുന്നു.

"ജീവിതത്തിന്റെ പുതിയ തത്വങ്ങളെ ഭയ പ്പെടുകയും, പഴയ നിയമങ്ങളെ അകററുകയുമാണ് രാഷ്ട്രങ്ങളുടെ ജീവിതത്തിൽ നിബ്ബന്ധമായ നില.

ജീവിതത്തിന്റെ ഈ വാണിജ്യസംഘത്തിന് അതീവമൃദുലമായ പാദങ്ങളാണുള്ളതു്. തന്നിമിത്തം രാഷ്ട്രങ്ങൾ ഭയങ്കരമായ നടത്തയാൽ അതിനെ ചത ച്ചുഞെരിക്കുന്നു!

ലോകജനതതി ജീവിതം മുഴുവൻ ശ്രമിച്ചിട്ടും, ഞങ്ങൾ ജീവിതത്തിന്റെ ഒരു ചെറിയ അംശംകൊ ണ്ടു് എന്താണ് സാധിച്ചതെന്നു മനസ്സിലാക്കാൻ ക ഴിയുന്നില്ല.

പരസ്പരമുള്ള സഹാനുഭാവത്താലും സഹകരണ ത്താലും പ്രപഞ്ചനിയമങ്ങൾ തുടന്നുകൊണ്ടിരിക്കുന്നു.

ഈ സംഗതി നക്ഷത്രങ്ങളുടെ ജീവിതത്തിൽ നി ഗൂഹനം ചെയ്യിരിക്കയാണ്."

"പുസ്തകപ്പുഴ" എന്ന കവിത ഒരു വലിയ തത്വത്തെ പ്രകാശിപ്പിക്കുന്നു. അതു് ഒരു കഥയുടെ രീതിയിൽ തുടങ്ങുകയാണു്.

ഒരു ദിവസം രാത്രി എന്റെ ഗ്രന്ഥപ്പുരയിൽ ഇരിക്കുമ്പോൾ ഒരു "പുസ്തകപ്പുഴ" ഒരു "ദീപശലഭ"ത്തോടു് പറയുന്നതു ഞാൻ കേട്ടു. "ഇബ്നുസീനായുടെ പുസ്തകങ്ങളുടെ വശങ്ങളിൽ ഞാൻ ധാരാളം സമയം ചെലവഴിച്ചു. ഫറാബിയുടെ ഗ്രന്ഥങ്ങളെ ഞാൻ വളരെ പരിശോധിക്കുകയും ചെയ്തു. എന്നിട്ടും ജീവിതതത്വം മനസ്സിലാക്കാൻ എനിക്കു് ഒട്ടുംതന്നെ സാധിച്ചില്ല." ദീപശലഭത്തിന്റെ ഏററവും അനുയോജ്യമായ മറുപടി ഇങ്ങനെയായിരുന്നു:—

"ഈ തത്വം പുസ്തകങ്ങളിൽനിന്നും കിട്ടുകയില്ല. ഹൃദയത്തിന്റെ കത്തിയെരിച്ചലാണു് ജീവിതത്തെ കൂടുതൽ സജീവമാക്കുന്നതു്. അതു് ആത്മാവിനു് ചിറകുകൾ നല്കുകയും പറക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു."

"സ്പെയിനിലെ യുദ്ധക്കളത്തിൽ താരിഖിന്റെ പ്രാർത്ഥന" എന്ന കവിതയിൽ ആ മഹാനായ നായകൻ ഭക്തിബഹുമാനാദരവുകളോടുകൂടി പ്രാർത്ഥന നിർവ്വഹിക്കുന്നു. അദ്ദേഹത്തിന്റെ ശബ്ദം വീരോചിതവും പ്രൌഢവുമാണു്. "സ്പെയിനിൽ ആദ്യത്തെ ഈന്തപ്പന അബ്ദുൽ റഹ്മാൻ ഒന്നാമൻ നട്ടു," "നെപ്പോളിയന്റെ ശവകുടീരത്തിൽ", "സാവിനാമാ", "ഇസ്ലാമിന്റെ ഉൽക്കർഷം", "ടിപ്പുസുൽത്താന്റെ അന്ത്യവചനങ്ങൾ", "സമയത്തിന്റെ ശബ്ദം", "ഏകാന്തത" എന്നീ കവിതകൾക്കു കലാ

പരമായ സൌന്ദൎയ്യവും പരിപൂൎണ്ണതയും മാത്രമല്ല ഉള്ളതു്. അവ പൌരസ്ത്യസാഹിത്യത്തിനായുള്ള ഇക്ബാലിൻെറ ഏററവും മൌലികമായ സംഭാവനകളാകുന്നു.

1910-നു് ശേഷം അദ്ദേഹം എഴുതിയിട്ടുള്ളതെല്ലാംതന്നെ മൌലികത്വത്തിലും ഔൽകൃഷ്ട്യത്തിലും മുന്നണിയിൽ പ്രശോഭിക്കുന്നു. അവസാനകാലമായിരുന്നു, ഇക്ബാലിൻെറ സാഹിത്യജീവിതത്തിലെ ഏററവും ഫലപ്രദമായ ഘട്ടം. അദ്ദേഹത്തിൻെറ മഹാഗ്രന്ഥങ്ങളെല്ലാം ഈ കാലത്താണു് വെളിക്കുവന്നതു്. കാലം കഴിയുന്തോറും ഇക്ബാലിൻെറ ഹൃദയം യുവത്വം പ്രാപിച്ചുവന്നു. അവസാനകാലത്താണു് അദ്ദേഹത്തിൻെറ കല്പനാവിഹഗം കനകച്ചിറകുകൾ വിടുൎത്തി "അതിമാനുഷ" വിഹായസ്സിലേയ്ക്കു പറന്നുപൊങ്ങിയതു്. കാലം അദ്ദേഹത്തിൻെറ കാൎയ്യം തീൎച്ചപ്പെടുത്തിക്കൊള്ളുമെന്നു പറയാൻ ഇക്ബാലിനെ സംബന്ധിച്ചിടത്തോളം നമുക്കു കഴികയില്ല. ഇക്ബാലിൻെറ കീൎത്തിക്കും പ്രശസ്തിക്കും സ്ഥലകാലങ്ങളുമായി നാമമാത്രമായ ബന്ധംപോലുമില്ല.

"സൃഷ്ടിയുടെ ആ ദിവസംതന്നെ ഞാൻ ബന്ധനത്തിൽനിന്നും പുറത്തുചാടി!

പ്രകൃതിയുടെ ഘടകങ്ങളിൽനിന്നെല്ലാം ഞാൻ സൎവ്വത്ര സ്വതന്ത്രനത്രെ." (ഇക്ബാൽ).

ഭാരതത്തിലെ പ്രമുഖകവിയായ രവീന്ദ്രനാഥടാഗോറിൻെറ നാമധേയം ഇവിടെ അസംഗതമല്ലല്ലോ. ടാഗോറിനും ഇക്ബാലിനും സ്വന്തവും സ്വതന്ത്രവുമായ ഓരോ സന്ദേശം മനുഷ്യത്വത്തിനു നൽ

കുവാനുണ്ടായിരുന്നു. ഇക്ബാലിന്റെ സന്ദേശത്തിന്റെ പല്ലവി ആത്മോൽക്കർഷവും അതിന്റെ സംക്ഷാത്ക്കാരവുമാകുന്നു. ശക്തിയുടേയും ആത്മാവിന്റേയും സ്ഥാപനത്തിൽ അദ്ദേഹം വിശ്വസിച്ചിരുന്നു. സർവ്വോപരി ആത്മവാനാകുവാനാണു് അദ്ദേഹം ഉദ്ബോധിപ്പിച്ചതു്. സാർവ്വത്രികമായ വിനയത്തിന്റേയും സേവനബുദ്ധിയുടെയും മനോഹരതയാൽ ആകൃഷ്ടനാണു് ടാഗോർ. അദ്ദേഹത്തിന്റെ കവിതകളിലും സന്ദേശങ്ങളിലും ഇതു തെളിഞ്ഞുപ്രകാശിക്കുന്നുണ്ടു്. മരണത്തെ സംബന്ധിച്ചുള്ള ഇരുവരുടേയും വീക്ഷണങ്ങളിൽ കാണുന്ന സാദൃശ്യത്തെ സംവീക്ഷണംചെയ്യുന്നതു് ഇവിടെ രസകരമായിരിക്കും. മരണത്തെപ്പററിയുള്ള ഇക്ബാലിന്റെ മനോഭാവം ഈ വരികളിൽ വെളിവാകുന്നുണ്ടു്.

"മറഞ്ഞുപോയ പരമാനന്ദം വീണ്ടും വരുകയോ വരാതിരിക്കയോ ചെയ്യട്ടെ,

ഹിജാസിൽനിന്നും ഒരിളംകാററു വീശുകയോ വീശാതിരിക്കുകയോ ചെയ്യട്ടെ. ഈ ഭിക്ഷുവിന്റെ അന്ത്യം അടുത്തു കഴിഞ്ഞിരിക്കുന്നു.

ഒരു പണ്ഡിതന്റെ ഉദയം ഇനിയും ഉണ്ടാകുമോ എന്തോ!"

ലൌകികജീവിതത്തിൽനിന്നും നിവൃത്തനായി, നിത്യമായ അനന്തതയിൽ അമരുവാൻ ഉദ്ദേശിക്കുമ്പോൾ ടാഗോറിന്റെ മനസ്സിൽ കല്ലോലിതമാകുന്ന വികാരവിശേഷങ്ങളും ശ്രദ്ധിക്കേണ്ടതാണു്. "ഗീതാഞ്ജലി"യിൽ അദ്ദേഹം പറയുന്നു:—

"എനിക്കു് അനുവാദം കിട്ടിക്കഴിഞ്ഞു. ഭ്രാതാക്കളെ, എനിക്കു വിടതരിക!

ഞാൻ നിങ്ങളെ എല്ലാം നമസ്കരിച്ചുകൊണ്ടു് ഇതാ പുറപ്പെടുന്നു.

ഇവിടെ, എൻെറ ഗൃഹത്തിൻെറ സർവ്വാവകാശങ്ങളും ഒഴിഞ്ഞു തരികയും താക്കോൽ തിരിച്ചേല്പിക്കുകയും ചെയ്യുന്നു. നിങ്ങളിൽനിന്നും സ്നേഹപൂർണ്ണമായ വാക്കുകൾ മാത്രമാണു് ഇപ്പോഴും ഞാൻ ആവശ്യപ്പെടുന്നതു്.

വളരെക്കാലംകൊണ്ടേ നാം സഹവാസികളാണു്. എനിക്കു തരാൻ കഴിയുന്നതിനെക്കാൾ കൂടുതൽ ഞാൻ സ്വീകരിച്ചു കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ ആ സുപ്രഭാതം ഉദിച്ചുയരുകയും എൻെറ ഇരുണ്ടമൂലയെ പ്രകാശിപ്പിച്ചുകൊണ്ടിരുന്ന ആ ദീപം പൊലിഞ്ഞുപോകുകയും ചെയ്തു. ആ കല്പന എത്തിക്കഴിഞ്ഞു. ഞാൻ എൻെറ യാത്രയ്ക്കു സന്നദ്ധനത്രെ.''

ടാഗോറിൻെറ വീക്ഷണം വരാനിരിക്കുന്ന ജീവിതത്തിൽ ഉറപ്പിച്ചിരിക്കുന്നതുപോലെ തോന്നുന്നു. മനുഷ്യഹൃദയത്തിലെ ചെറുദീപത്താൽ പ്രകാശിക്കപ്പെടുന്ന ഒരിരുണ്ട കോണു് മാത്രമാണു് ഈ ജീവിതം. ഈ ലോകത്തു നമുക്കനുഭവപ്പെടുന്ന ആ മങ്ങിയപ്രകാശത്തോടു താരതമ്യപ്പെടുത്തുമ്പോൾ മരണം സുപ്രഭാതത്തിൻെറ ഉദയമാണെന്നു കാണാൻ കഴിയും. എന്തൊരുജ്ജ്വലമായ ഭാവന!

സ്വദേശീയവാദം അർത്ഥത്തിന്നു് അണുവും പിഴയില്ലാതെ കേൾക്കുന്നതു പാശ്ചാത്യരാജ്യങ്ങളെക്കാൾ പൌരസ്ത്യരാജ്യങ്ങളിൽ നിന്നാണെന്നുള്ളതു് വെറുമൊരു പരമാർത്ഥം മാത്രമാണു്. ഇതു യൂറോപ്പിൻെറ കാലമാണെന്നുള്ളതു ശരിതന്നെ. എന്നാൽ അധുനാതനകാലം പ്രാചീനസംസ്കാരങ്ങളെ പുതിയ

പരിഷ്കാരത്തിന്നനുരൂപമാക്കാനും, അങ്ങനെ വാസനയുള്ള മനുഷ്യരെ അതിനൊത്തവണ്ണം നിരീക്ഷിക്കുവാൻ തയാറാക്കാനുമാണ് ശ്രമിക്കുന്നത്. വിചിന്തനങ്ങളുടെ അമർത്തിവയ്പ് വല്ലാത്ത ഫലങ്ങളെ ഉല്പാദിപ്പിക്കുമെന്നുള്ളതിന്ന് ഉദാഹരണങ്ങൾ സുലഭമാണല്ലോ.

അന്തർദേശീയതത്വത്തെ ഏഷ്യ ഏതിലും കൂടുതലായി അംഗീകരിച്ചിട്ടുണ്ട്. ഭൂമിശാസ്ത്രപരമായ അതിരുകൾ ഇന്ത്യയുടെ ലക്ഷണവൈപരീത്യത്തെയാണ് കാണിക്കുന്നത്. ഇവിടെ, പുത്തൻപരിഷ്കാരത്തിന്റെ അസാധാരണമായ സമ്പ്രദായങ്ങൾ വിദഗ്ദ്ധമായി ചേർത്തിണക്കിയിരിക്കുന്നതിനാൽ അന്തർദേശീയമായ വിചിന്തനത്തിന്റെ വ്യാപാരപരിധി പരിമിതമായിരിക്കുന്നു.

ഇസ്ലാമികപരമ്പരയിൽനിന്നുമാണ് വിദഗ്ദ്ധമായ ഒരു സമാനകാലജീവിതനിരീക്ഷണശക്തി ഇക്ബാൽ സമ്പാദിച്ചത്. ഗദ്യവും പദ്യവുമായ തന്റെ ലേഖനങ്ങളിൽ, ഇനിയും വേണ്ടവണ്ണം വിവേചിക്കപ്പെട്ടിട്ടില്ലാത്ത അദ്ദേഹത്തിന്റെ പൌരസ്ത്യമായ ചിന്തകൾക്കുവേണ്ടി കാണുന്ന ശക്തമായ പ്രസ്താവങ്ങൾ ഇക്ബാലിന്റെ സാംസ്കാരികബോധത്തെയാണ് പ്രകാശിപ്പിക്കുന്നത്.

പാശ്ചാത്യസംസ്കാരത്തെ പൌരസ്ത്യരാജ്യങ്ങളിൽ വെറും അനുകരണംകൊണ്ടു തഴപ്പിക്കുകയോ, ബാഹ്യമായ അടയാളങ്ങൾകൊണ്ടു തെററിദ്ധരിപ്പിക്കയോ ചെയ്യുന്നത് ഏതിനും ചീത്ത തന്നെയാണ്. മഹത്തായ പാരമ്പര്യം സൃഷ്ടിച്ചിട്ടുള്ള സംസ്കാരങ്ങളുടെ പരിപൂർണ്ണമായ കീഴടക്കം വളരെ ദോഷകരവുമാ

ണ്. തന്നിമിത്തം സജീവമായ പൌരസ്ത്യത്തേയും പാശ്ചാത്യഭ്രാന്തുപിടിച്ച് അലറിയാടുന്ന പൌരസ്ത്യത്തേയും തിരിച്ചറിയാൻ വളരെ വിഷമിക്കേണ്ടിയിരിക്കുന്നു. സാംസ്കാരികബോധത്തിൽ അടിയുറച്ച ഒരു ജീവിതപന്ഥാവു സ്വായത്തമാണെന്നു ഭാരതത്തിനു സാഭിമാനം അവകാശപ്പെടാമെങ്കിലും, ഇപ്പോൾ അതിൻെറ പ്രയാണം ഈ മാൎഗ്ഗത്തിൽകൂടിയാണോ എന്നുള്ളതിനെപ്പററി വളരെ സംശയിക്കേണ്ടതായിട്ടാണിരിക്കുന്നതു്.

ഇക്ബാലിൻെറ പൌരസ്ത്യത്വം നീതീകരിക്കത്തക്കതാണോ? അദ്ദേഹത്തിൻെറ ഈ ചിന്താഗതി തികച്ചും അഭിവൃദ്ധ്യുന്മുഖമാണോ? ഏതു പൌരസ്ത്യമായ വിചിന്തനത്തിനുമെന്നപോലെ ഇക്ബാലിൻെറ ആദൎശങ്ങൾക്കും എതിരായി ഈ മാതിരി വിമൎശനങ്ങൾ ഉണ്ടാകുന്നുണ്ടു്. ഇതിനു നിഷ്പക്ഷമായ സമാധാനം നല്കാവുന്നതാണു്. സാങ്കേതികം അഭിനവമാണെന്നുള്ളതു് അംഗീകരിക്കത്തക്കതാണല്ലോ. ഭാരതത്തിൻെറ പുരോഗമനവും ദേശീയാഭ്യുന്നതിയും ആരും സമ്മതിക്കുന്നതാണു്. ഇതിനുവേണ്ടിയുള്ള പ്രവൎത്തനങ്ങളുടെ ഉത്ഭവവും രൂപീകരണവും പ്രകാശനവും എല്ലാംതന്നെ ഭാരതീയമാണു്. നവമായ ഉദ്ദീപനം മററു മാനുഷികകേന്ദ്രങ്ങളിൽനിന്നും ലഭിച്ചിട്ടുണ്ടെന്നുള്ളത് വിസ്മരിക്കുന്നില്ല. കാലവിശേഷത്തിൻെറ പ്രത്യാഘാതങ്ങൾ ഭാരതത്തിലും പരിവൎത്തനങ്ങൾ സംജാതമാക്കി. വൈദേശികശക്തിയുടെ സ്വൈരിതഗതിയാൽ ഉണ്ടായിത്തീൎന്ന ഉത്സാഹം, സ്വന്തമായ ആനുരൂപ്യത്തെപ്പററിയുള്ള ചിന്ത മറയാത്തമാണെന്നു തോന്നത്തക്കവിധത്തിൽ വസ്തുതകളെ

പ്രകാശിപ്പിച്ചു. പരമമായ ബോധംപോലും തെളിഞ്ഞുകണ്ട സ്വരക്ഷയിൽ ആകൃഷ്ടമായിപ്പോയി. എങ്കിലും യാന്ത്രികമായ ഈ എതിർപ്രചരണത്തിൻെറ എല്ലാം പിന്നിൽ പുനരുജ്ജീവനത്തിൻെറ നിർമ്മലഹൃദയം കുടികൊണ്ടിരുന്നു.

ഇക്ബാലിൻെറ കവിത, നവീനത്വത്തിൻെറ ദുർഘടതയെ പൗരസ്ത്യരാജ്യങ്ങളിൽ പ്രകാശിപ്പിച്ചു. അദ്ദേഹത്തിൻെറ ആശയങ്ങൾ വെളിച്ചം തിരക്കിനടന്നപ്പോൾ രണ്ടു പ്രത്യക്ഷഭാഗങ്ങളുമായി എതിരിടേണ്ടിവന്നു. യാഥാസ്ഥിതികത്വവും അന്ധവിശ്വാസങ്ങളും നിറഞ്ഞ പൗരസ്ത്യസമ്പ്രദായങ്ങളേയും, ഭൗതികവാദത്തിൽമാത്രം കെട്ടിപ്പടുത്തിരിക്കുന്ന പാശ്ചാത്യസംസ്കാരത്തേയും അദ്ദേഹം വെറുത്തു. കിഴക്കും പടിഞ്ഞാറും അന്ധകാരംതന്നെ അദ്ദേഹം കണ്ടു. ആ അക്ഷമമായ ഹൃദയം വെളിച്ചം തിരക്കി പിന്നെയും നടന്നു. അവിടെ, ആ മണലാരണ്യത്തിൽ, ആ മണിസൗധത്തിൻെറ മലർമുററത്തു്, വിജ്ഞാനപ്രഭാകരൻ ഉദിച്ചുയന്ന ആ പൂർവ്വദിങ്മുഖത്തിൽ അദ്ദേഹം വെളിച്ചം കണ്ടു. ഘോരതമസ്സിൽ കിടന്നുഴറിയ ആ ഹൃദയം പ്രഭാപ്രകർഷത്തിൽ ആശ്വാസംകൊണ്ടു, സംതൃപ്തിയടഞ്ഞു.

നിരന്തരമായ പ്രവർത്തനങ്ങൾകൊണ്ടും ശക്തമായ ലേഖനങ്ങൾമൂലവും നിസ്സഹായരുടെ നിലകളെ നിരീക്ഷിക്കാൻ അദ്ദേഹം ഒരുമ്പെട്ടു. ശക്തിയുടെ പ്രമാണത്തിൽ, ഒരു നവീനസങ്കേതത്തെ പിൻതുടർന്നുകൊണ്ടു അധഃസ്ഥിതമായ രാജ്യങ്ങൾക്കുവേണ്ടി, ശക്തികെട്ട ന്യൂനപക്ഷങ്ങൾക്കുവേണ്ടി, ഭീതരായ പട്ടിണിപ്പാവങ്ങൾക്കുവേണ്ടി അദ്ദേഹം വാദി

ച്ചു. മാനുഷികനീതിസംഹിത ആവശ്യത്തിന്ന പിമ്പേ അന്വേഷണം നടത്തുകയത്രെ ചെയ്യുന്നതു്. എന്നാൽ അദ്ദേഹം പറയുന്നതു്:

"നാശോന്മുഖമായ പാശ്ചാത്യപരിഷ്കാരത്തിന്ന നിങ്ങൾ ഒരിക്കലും കടപ്പെട്ടുപോകരുതു്. നിങ്ങളുടെ മധുചഷകങ്ങൾ ഭാരതീയമായ മണ്ണുകൊണ്ടുതന്നെ വിനിർമ്മിക്കുക" എന്നാണു്.

"ജാവീദനാമാ"യിലെ ഈ വരികൾ 1930-ൽ വട്ടമേശസമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോൾ തന്റെ മകനയച്ച ഒരുപദേശമാണു്.

തുടന്നു "സിയാസത്തെ അഫ്റംഗി"യിൽ എഴുതുന്നു:

"ദൈവമേ, പാശ്ചാത്യരാജ്യതന്ത്രം നിനക്കെതിരായിട്ടുള്ളതാണു്. എങ്കിലും അതിന്റെ അനുഗാമികൾ മാത്രമാണു് ഇപ്പോൾ ശക്തന്മാരും ധനവാന്മാരുമായിട്ടുള്ളതു്."

ലോകത്തിന്റെ ഇപ്പോഴത്തെ ആശ്വാസത്തിന്നു വേണ്ടിയുള്ള ഒരു പദ്ധതിയാണു് ഇതെന്നുള്ള പാശ്ചാത്യാഭിപ്രായത്തിന്റെ നിരർത്ഥകതയെ വ്യക്തമാക്കാനായി "ഒരു പ്രശ്ന"ത്തിൽ അദ്ദേഹം പറയുന്നു:

"അവരുടെ പരിഷ്കാരത്തിന്റെ പരിപൂർണ്ണത, സ്ത്രീകൾക്കു ഭർത്താക്കന്മാരെ കാണാത്തതും, ആളുകൾക്കു തൊഴിലില്ലാത്തതുമാണോ എന്ന ചോദ്യത്തിന്നു പാശ്ചാത്യതാത്വികൻ തീർച്ചയായും ഉത്തരം നല്കേണ്ടിവരും."

അദ്ദേഹത്തിന്റെ നിശിതമായ നിരൂപണശക്തി പൗരസ്ത്യപാശ്ചാത്യഭാഗങ്ങളിലേക്കു തുല്യമായ ശക്തിയോടുകൂടെയാണു പ്രവഹിക്കുന്നതു്. അദ്ദേഹം

കിഴക്കോട്ടു തിരിഞ്ഞുവീക്ഷിച്ചപ്പോൾ കണ്ടതിൻെറ പ്രതിഫലനമാണു് “ഖാജാജി”ൽ കാണുന്നതു്. അവിടെ നിശിതമായ പരിഹാസശരം ഭരണകത്താവിലെന്നപോലെതന്നെ ഭരണീയരിലും പ്രയോഗിക്കുകയാണു ചെയ്യുന്നതു്.

ഈ മാതിരി വൈരകവിതകളിൽ തൻെറ ന്യായത്തിനുവേണ്ട മുൻകരുതലുകൾ സൂക്ഷിച്ചുകൊണ്ടാണു്, അദ്ദേഹത്തിൻെറ അവസാനഭാവം “സർബികാലിമി”ൽ പ്രകാശിപ്പിച്ചതു്. ഇതിനുവേണ്ട പരിശീലനം രാഷ്ട്രീയരംഗത്തെ “കുസൃതിക്കുട്ടകകൾ” അദ്ദേഹത്തിനുണ്ടാക്കിക്കൊടുത്തിരുന്നു. നേരായുള്ള കാര്യങ്ങളെ വക്രരഹിതമായും സൂക്ഷ്മമായും പ്രസ്താവിക്കണമെന്നാണു് അദ്ദേഹം അഭിപ്രായപ്പെടുന്നതു്. “ജംഹൂരിയത്തി”ലെ വരികൾ ഇതിനുദാഹരണമാണു്.

“ബുദ്ധിമാന്മാർ പ്രഖ്യാപനം ചെയ്തില്ലെങ്കിലും ഈ രഹസ്യം യൂറോപ്യന്മാർ കണ്ടുപിടിച്ചു. ഡെമോക്രസി (പ്രജായത്തഭരണം) ഒരുവിധത്തിലുള്ള ഭരണരീതിയാണു്. അതിൽ ആളുകൾ എണ്ണപ്പെടുകയാണു ചെയ്യുന്നതു്; തൂക്കപ്പെടുകയല്ല.”

വീണ്ടും “ലാദീനെ സിയാസ”ത്തിൽ,

“ചർച്ച് സംബന്ധമായ സംഗതികളിൽനിന്നും തികച്ചും സ്വതന്ത്രമാണു് ഗവമ്മെണ്ടു്. പാശ്ചാത്യരാജ്യതന്ത്രം ബന്ധനമില്ലാതെ വിട്ടിരിക്കുന്ന ഒരു രാക്ഷസനെപ്പോലെയാകുന്നു. അന്യരുടെ അവകാശത്തിൽ അതു കണ്ണുവയ്ക്കുമ്പോൾ കാണാം, ചച്ചിൻെറ പ്രതിനിധികൾ സൈനികനിരയിൽ അണിയണിയായി നിരന്നുനില്ക്കുന്നതു്.”

ഇരുവശങ്ങളിലും കണ്ട ഉത്തമഭാഗങ്ങളെ ശക്തിപ്പെടുത്തുകയും, ചീത്തയായവയെ നിശിതമായി ആക്രമിക്കുകയുമാണ് അദ്ദേഹം ചെയ്തതു്. ഇതു് അപകടപൂർണ്ണമായ ഒരു അഭിവൃദ്ധിയായിരിക്കാം. എങ്കിലും ഇക്ബാൽ സൽപന്ഥാവിൽനിന്നു് അണുമാത്രംപോലും വ്യതിചലിക്കയില്ല. "ലെനിനെ"പ്പററിയുള്ള ഒരു കവിതയിൽ, അദ്ദേഹത്തെക്കൊണ്ടു തനിക്കുവേണ്ടി ഇക്ബാൽ ഇങ്ങനെ പറയിക്കുന്നു:—

"പൌരസ്ത്യരുടെ ദൈവം യൂറോപ്പിലെ വെളുത്ത മനുഷ്യരാണു്; മിന്നിത്തിളങ്ങുന്ന ലോഹങ്ങളെ മാത്രമാണ് പാശ്ചാത്യർ ദൈവമായി കരുതുന്നതു്."

സ്വാഭാവികമായ ഉജ്വലതയോടെ അതു തുടരുന്നു:

"യൂറോപ്പിൽ കലയും വിജ്ഞാനവും പ്രകാശവും വളരെ അഭിവൃദ്ധിപ്പെട്ടിട്ടുണ്ടു്................

ശില്പശാസ്ത്രപരമായി വീക്ഷിക്കുന്നപക്ഷം ബാങ്കുകളുടെ കെട്ടിടങ്ങൾ ചർച്ചുകളെക്കാൾ വളരെ മനോഹരവും ശുഭ്രവുമാണു്;

അവിടെ കച്ചവടമുണ്ടെന്നു തോന്നിയേക്കാം, എന്നാൽ പരമാർത്ഥത്തിൽ അതു വെറും ചൂതുകളിമാത്രമാണു്.

ഒന്നിൻെറ ആഹ്ലാദം ഒരായിരത്തിൻെറ മരണമാണു്. ദൈവസ്നേഹത്തെ നഷ്ടപ്പെടുത്തിയ ആ രാഷ്ട്രത്തിൻെറ പരിപൂർണ്ണതയുടെ ഔന്നത്യം വിദ്യുച്ഛക്തിയും ആവിയുമായി..............

വിധിയുടെ ചതുരംഗക്കളിക്കാരൻ, മനുഷികതന്ത്രത്തിൻെറ ചതുരംഗക്കളിക്കാരനെ തീർച്ചയായും

തോല്പിക്കുമെന്നുള്ളതിൻെറ അടയാളങ്ങറം തെളിഞ്ഞുകാണുന്നുണ്ടു്.

മധുവിക്രയസ്ഥാപനം സൂക്ഷിപ്പുകാർ അവരുടെ വിധിയും ചിന്തിച്ചുകൊണ്ടിരിക്കുന്നു...............

ഈ സായാഹ്നത്തിൽ നമുക്കു ദൃശ്യമായ ആനന്ദങ്ങളുടെ അരുണിമ മധുമൂലകമോ സൌന്ദര്യവല്ലിനവുകൊണ്ടോ ഉണ്ടായതാണു്.''

അഭിനവമായ മാനസികശക്തി പ്രകാശിപ്പിച്ചുകൊണ്ടു ചില അവസരങ്ങളിൽ ''ഫിർമാനിഖുദാ''യിൽ കാണുന്നതുപോലെ പൌരസ്ത്യാസക്തിക്കുവേണ്ടി അദ്ദേഹം വാദിക്കുന്നുണ്ടു്.

''പരിഷ്കാരം ഇന്നു അധർമ്മചാരികളുടെ ഒരു വ്യവസായശാലയായി പരിണമിച്ചിരിക്കയാണു്. പൌരസ്ത്യകവിയെ ഭ്രാന്തിൻെറ സാഹിത്യത്തെപ്പററി പഠിപ്പിക്കേണ്ടിയിരിക്കുന്നു.''

അതേ വിപ്ലവകവിതയിൽതന്നെ അദ്ദേഹം എഴുതുന്നു: ''കെത്തിക്കാളുന്ന വിശപ്പാസംഗിയിൽ അടിമകളുടെ തണുത്ത രക്തം തിളച്ചുപൊങ്ങട്ടെ, അശക്തനായ കുരുവി ഉഗ്രനായ കഴുകനുമായി പോർ ചെയ്യട്ടെ!.....................

ഈ മാർബിറംഭിത്തികറംക്കുള്ളിൽ ഞാൻ വീർപ്പുമുട്ടുകയാണു്. എന്നെ അതു അസഹനീയമായി ശല്യപ്പെടുത്തുന്നു. മണ്ണുകൊണ്ടു ഒരു മസ്ജിദ് എനിക്കായിട്ടുയർത്തുക!...............''

പരിഷ്കാരമെന്ന പേരിൽ പാശ്ചാത്യരാജ്യങ്ങളിൽ നടമാടുന്ന നഗ്നമായ പൈശാചികതയെ അദ്ദേഹം വിവരിക്കുന്നു:—

''പരിഷ്കാരത്തിൻെറ പരമോന്നതിയിൽ ഔൽ

കൂഷ്ട്യം അധഃപതിക്കുന്നു. രാഷ്ട്രങ്ങളുടെ ജീവൽശക്തി കൊള്ളയായി മാറിയിരിക്കുന്നു. ഓരോ ചെന്നായും സാധുവായ ആട്ടിൻകുട്ടികളെ അന്വേഷിക്കയാണു്................”

“പ്രകൃതി ചിലപ്പോൾ വ്യക്തികളെ ഗൗനിച്ചില്ലെന്നുവരാം. എങ്കിലും അതു രാഷ്ട്രങ്ങളുടെ അപരാധത്തെ ഒരിക്കലും ക്ഷമിക്കുകയില്ല” (ളിന്നോകാലിം) എന്നാണു് അദ്ദേഹത്തിന്റെ അഭിപ്രായം.

മനോഹരമായ ഒരു കവിതയിൽ ഇററലിക്കുവേണ്ടി ചെയ്ത പ്രവൎത്തനങ്ങൾക്കായി മുസ്സോളിനിയെ ഇക്ബാൽ പ്രശംസിക്കുന്നുണ്ടെങ്കിലും, തന്റെ കവിതയിൽ സാമ്രാജ്യാധികാരത്തോടുള്ള പ്രതികൂലഭാവത്തെ പ്രകാശിപ്പിക്കുന്നുണ്ടു്.

“സാമ്രാജ്യാധികാരം മിന്നിത്തിളങ്ങുന്ന ഒരു ശരീരം വഹിക്കുന്നുവെങ്കിലും അതിന്റെ ഹൃദയം നിഷ്ഠൂരമാണു്.”

ഇതുപോലെ സമുദായത്തിന്റെ വെറും സാമ്പത്തികമായ വ്യാഖ്യാനത്തെ അദ്ദേഹം ആക്ഷേപിക്കുന്നു. “ഫിർമാനെ ഖുദാ”യിൽ,

“വിശന്നുവിശന്നു കരയുന്ന കൎഷകസമൂഹത്തെ അല്പം കഞ്ഞിവെള്ളംകൊണ്ടുപോലും രക്ഷിക്കാത്ത, ഈ വിസ്തൃതമായ പാടങ്ങളെ അതിലെ ധാന്യങ്ങളോടൊപ്പം ചുട്ടെരിച്ചുകളയുക” എന്നുള്ള വിപ്ലവധ്വാനത്താൽ പാവങ്ങൾക്കുവേണ്ടി പടവെട്ടുന്നുണ്ടെങ്കിലും അദ്ദേഹം പറയുന്നതു്,

“ആ നാസ്തികപ്രവാചകന്റെ മതം ഉദരത്തിന്റെ സമത്വത്തിലാണു് പ്രതിഷ്ഠിതമായിരിക്കുന്നതെ”ന്നാണു്. തൊഴിലാളികളുടെ സ്ഥിതികളെ

നിരീക്ഷിച്ചുകൊണ്ടു് അദ്ദേഹം പറയുന്നതിങ്ങനെയാണു്:—

"ധനമുണ്ടാക്കുന്ന കൈകൾക്കു് കൂലികൊടുക്കുന്നതു്, അർത്ഥിച്ചെത്തുന്ന സാധുക്കൾക്കു ധനികന്മാർ നല്കുന്ന ഭിക്ഷപോലെയാകുന്നു.

മുതലാളി കൗശലവും സൂത്രവുംകൊണ്ടാണു് ജയിക്കുന്നതു്. ക്ഷീണിച്ച തൊഴിലാളികൾ അതിരുകടന്ന നിസ്സാരതത്തിൽ അമൎന്നുകഴിയുന്നു."

ഇക്ബാൽ പ്രബലനായ ഒരു മുതലാളിത്തവിരോധിയാണെങ്കിലും, മതപരമായ സ്ഥാപനങ്ങൾക്കായി അദ്ദേഹത്തിനു അതിൻെറ ആവശ്യമുണ്ടു്.

ദേശീയാധികാരങ്ങളെ യുദ്ധോദ്യുക്തമെന്നുകരുതി വെറുക്കുന്ന അദ്ദേഹം, വളരെ അത്യാവശ്യമായ സ്ഥലങ്ങളിൽ ആക്രമണമനോഭാവത്തെ അനുകൂലിക്കുന്നുണ്ടു്. അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ ആത്മസംരക്ഷണത്തിനു് അതു വളരെ അത്യാവശ്യമാകുന്നു.

"ഹിന്ദി ഇസ്ലാമി"ൽ പ്രസ്താവിക്കുന്നതു്,

"വിചിന്തനങ്ങളുടെ ഏകീഭാവം കൊണ്ടുമാത്രമേ ഒരു രാഷ്ട്രം സജീവമാകുന്നുള്ളു. മതപരമായ ഒരു പ്രവൃത്തി ഐക്യത്തെ നിഹനിക്കുന്നെങ്കിൽ അതു ദൈവനിഷേധമാകുന്നു."

ഈ ഗുണങ്ങൾ പരമമായ നിയമങ്ങൾകൊണ്ടു് വെളിപ്പെടുന്നതാണു്. ഇക്ബാലിനെ സംബന്ധിച്ചിടത്തോളം ഒരു രാഷ്ട്രമെന്നു പറയുന്നതു് വ്യക്തികളുടെ സമൂഹമാകുന്നു. എന്നാൽ അതു നിൎവ്വചിക്കപ്പെടുന്നതു് സാമ്പത്തികമോ, ഭാഷാപരമോ, മാനസികമോ ആയ ഗുണങ്ങളാലല്ല, ആത്മീയമായ പാ

രമ്പര്യത്താലാകുന്നു. പ്രത്യർത്ഥികമായ പ്രകാശനത്തിൽ അദ്ദേഹത്തിൻെറ ചിന്ത മൌനമവലംബിക്കുന്നു. എന്തുകൊണ്ടെന്നാൽ, അവിടെ മാത്സര്യത്തിനു സ്ഥാനമില്ല.

ഒരു രാഷ്ട്രത്തിനുവേണ്ടി, പൊതുവിൽ പരമ്പരാഗതമായ ഘടകങ്ങളുടെ പ്രവൃത്തി നിരന്തരം ചെയ്തുകൊണ്ടിരിക്കാൻ നിർബ്ബന്ധിക്കുന്നെങ്കിലും, ഇക്ബാൽ ലഘൂകരിക്കപ്പെട്ട ഒരാദർശത്താൽ വശീകൃതനാണു്. ഒരു മതവിഭാഗത്തെ ഒരു രാഷ്ട്രമാക്കിത്തീർക്കണമെന്നുള്ള അദ്ദേഹത്തിൻെറ ആന്തരമായ ആഗ്രഹം തൻെറ രാഷ്ട്രീയ സിദ്ധാന്തങ്ങളെ തികച്ചും പരിഷ്കരിച്ചു. അദ്ദേഹത്തിൻെറ പാകിസ്താൻവാദം ഇസ്ലാമികമായ അവകാശങ്ങളെ പരിപൂർണ്ണമാക്കാനും, അടുത്തുള്ള മുസ്ലീംരാജ്യങ്ങളുമായി സാമാന്യമായ ഒരു പേരിൽ ഒന്നിച്ചു ചേരാനും ഇന്ത്യക്കു പ്രചോദനം നല്കുവാനുള്ളതാണു്. തീക്ഷ്ണമായ ഇസ്ലാമികവിശ്വാസവും കലാപരമായ സാമർത്ഥ്യവും അദ്ദേഹത്തിൻെറ കവിതകൾക്കു് അസാധാരണമായ ശക്തി നല്കുന്നു. അതു ഹൃദയമസ്തിഷ്കങ്ങളെ ഒരേ സമയത്തു് ബാധിക്കുന്നു. മുസ്ലീം യുവലോകത്തിനു് ഇതിൻെറ കാരണമറിയാം. അവസാനത്തെ ആകർഷണശക്തി സ്ഥിതിചെയ്യുന്നതു് അദ്ദേഹത്തിൻെറ അഗാധമായ മനുഷ്യത്വത്തിലാണു്. നീഷേയുടെ "അതിവീരത്വം" പല രൂപത്തിലും പല വിധത്തിലുമുള്ള സ്വേച്ഛാധികാരികളെ കണ്ടുകഴിഞ്ഞ ജനതയ്ക്കു് നിസ്സാരമായിത്തോന്നുകയും, അതിൻെറ വിദീർണ്ണമായ വട്ടം തിരിച്ചിൽ കാണുവാൻ കഴിയുകയും ചെയ്യുന്നു. എന്നാൽ ഇക്ബാലിൻെറ ചില കവിതകൾ നല്കുന്ന ഉത്തേജനം സാരാർത്ഥഗർഭമാണു്.

"നിരാശരാകരുതു്; അതു് അപമാനമാണു്; യഥാൎത്ഥ മുസ്ലിമിൻെറ ആഗ്രഹം ദൈവമറിയുന്നു. ചക്രവൎത്തിയുടെ കൊട്ടാരഗോപുരമല്ല, നിൻെറ സങ്കേതസ്ഥാനം.

നീ ഒരു കഴുകനാണു്. നീ പാറക്കൂട്ടങ്ങളിൽതന്നെ കഴിഞ്ഞുകൂടണം."

ചില കവിതകളിലെ പരാമൎശനത്താൽ വായനക്കാൎക്ക സുപരിചിതനായ തൻെറ പുത്രൻ ജാവീദിനോടു "യഥാൎത്ഥജീവിതരഹസ്യങ്ങൾ" വെളിപ്പെടുത്താൻ അദ്ദേഹം ആജ്ഞാപിക്കുന്നു.

"സ്നേഹസാമ്രാജ്യത്തിൽ അനുരൂപമായ ഒരു സ്ഥലം കണ്ടുപിടിക്കുക, ഒരു നവ്യമായ കാലഘട്ടത്തെയും നവീനമായ പ്രഭാത സായാഹ്നങ്ങളെയും സൃഷ്ടിക്കുക. പ്രകൃതിയെ മനസ്സിലാക്കാൻ കഴിയുന്ന ഒരു ഹൃദയം ദൈവം നിങ്ങൾക്കു് സംപ്രാപ്തമാക്കുന്നെങ്കിൽ റോസിൻെറയും തുലിപ്പിൻെറയും നിശ്ശബ്ദതയോടു ചേൎന്നിരിക്കാൻ ശ്രമിക്കുക.

എൻെറ ചന്ദ്രാവു് ധനമദത്തിൻെറതല്ല; ഒരു പരമസാധുവിൻേറതാണു്. നിങ്ങൾ ആത്മാവിനെ വിക്രയം ചെയ്യാതെ സൂക്ഷിച്ചുകൊള്ളണം. ഒരു പാവമെന്ന നിലയിൽ നിങ്ങളുടെ പേർ സമ്പാദിക്കുവാനാണു് ശ്രമിക്കേണ്ടതു്..............."

"ബാലേ ജിബ്‌രീലി"ൽ ഒരു യുവാവിനു നല്കുന്ന ഈ സന്ദേശം തീവ്രമാണു്:—

"അവരെ ചന്ദ്രൻേറയും താരാഗണങ്ങളുടേയും അധിപരാക്കി ഉയൎത്തിയ ഖുർആൻ ഇപ്പോൾ മുസൽമാന്മാരെ ലോകം വെടിയാൻ പഠിപ്പിക്കുന്നതായി പറയുന്നു. പൈശാചികമായിരുന്നതെന്തോ, അതി

ച്ചോഠം നല്ലതായി. രാഷ്ട്രങ്ങളുടെ ബോധകശക്തിപോലും അടിമത്തമായി മാറിക്കഴിഞ്ഞിരിക്കുന്നു.''

ഈദൃശമായ പ്രസ്താവങ്ങഠം അതിൻെറ സീമകളേയും ഉല്ലംഘിച്ചുയരുന്നുണ്ടു്. തത്തുല്യമായ ശക്തിയോടുകൂടിത്തന്നെ അധഃപതിച്ചുപോയ വിദ്യാഭ്യാസരീതിയെപ്പററിയും പ്രസ്താവിക്കുന്നു:—

''മണലാരണ്യങ്ങളിലും മലകളിലും വെച്ചു് പ്രകാശിതമാകുന്ന ആ രഹസ്യങ്ങളെ ഈ വിദ്യാലയം നിങ്ങളുടെ ദൃഷ്ടികളിൽനിന്നും മറച്ചുവെച്ചിരിക്കുകയാണു്.'' (മദ്രസം).

ഇതൊക്കെ സാമുദായികമായ പ്രസ്താവങ്ങളെന്നു കരുതി വിഷമിക്കേണ്ട ആവശ്യമില്ല. ആ പ്രസിദ്ധിയേറിയ ''ദേശീയഗീത''ത്തെ ഭാരതത്തിനു മറക്കാൻ കഴിയുന്നതല്ല. അതിൽ ഇക്കബാലിൻെറ ദേശാഭിമാനം പൊൻചിറകുകഠം വിടൎത്തി പറന്നു ഭാരതജനതതിയെ പരിരംഭണം ചെയ്യുന്നതായി കാണാൻ കഴിയും.

''ഗംഗേ, ഭവതി ഓൎമ്മിക്കുന്നുണ്ടോ, ഞങ്ങളുടെ ആദ്യത്തെ കച്ചവടസംഘം ഭവതിയുടെ തീരപ്രദേശങ്ങളിൽ വിശ്രമിച്ച ആ സുദിനം!...............''

''അന്യോന്യം ശത്രുക്കളായിരിക്കാൻ മതം നമ്മെ പഠിപ്പിക്കുന്നില്ല; നാമെല്ലാം ഭാരതീയരും ഭാരതം നമ്മുടേതുമാകുന്നു.''

സാധാരണമല്ലാത്ത സാരള്യം, ഒരിക്കലും പഴകാത്ത ബുദ്ധിപരമായ പുതുമയോടൊത്തു തത്തിക്കളിക്കുന്നതു് ഇക്കബാലിൻെറ കവിതകളിൽ വ്യക്തമായി കാണാവുന്നതാണു്.

"ഷകറൊ—ഷിക്കായത്തി"ൽ അദ്ദേഹം പറയുന്നു:—

"എളിയവനെങ്കിലും ഞാൻ കൃതജ്ഞനാണ്. നീയുമായിട്ടാണ് എനിക്ക് അഭേദ്യമായ ബന്ധമുള്ളതു്. എൻെറ ഹൃദയം നവീനമായ വികാരവായ്പിൽ പുളകം പൂശുന്നു.

ലാഹോറിൽനിന്നു ബുഖാറായും സമർക്കണ്ടും വരെ എൻെറ നിശ്വാസശക്തി ഇതുതന്നെയാണ്. വസന്തകാലത്തുപോലും പ്രഭാതവിഹംഗമങ്ങൾ എൻെറ സാഹചര്യത്തിൽ സന്തോഷംകൊള്ളുന്നു. എന്നാൽ എന്തുചെയ്യാം..............അടിമത്തത്തിൽ സംതൃപ്തിയടയുന്ന ഒരു നാട്ടിലാണ് ഞാൻ ജനിച്ചുപോയതു്."

കലാപരമായ സ്വഭാവത്തിൽ അത്യാവശ്യമായ വിവിധഭാവങ്ങളുടെ മേളനം അദ്ദേഹത്തിൻെറ കവിതകളിൽ കാണ്മാനുണ്ടു്. വായനക്കാരനു വ്യതിചലനം വ്യക്തമായി മനസ്സിലാക്കാൻ സാധിക്കാത്തവിധം നിന്ദനം ഒരു ദയവായ പ്രകാശമാക്കാനും, ദുഃഖത്തെ ഫലിതമാക്കാനും സാധിക്കുന്നുണ്ടു്. വളരെ ഒച്ചപ്പാടുണ്ടാക്കിയ ഒരു കവിത, എന്തൊരു പ്രശാന്തമായ ചിന്തയോടുകൂടിയാണാരംഭിക്കുന്നതു്!

"ഷൈക്ക് മുജാദിദിൻെറ ശവകുടീരത്തിൽ ഞാൻ കടന്നു. ഗഗനസീമയ്ക്കു പിന്നിൽ പ്രഭാപ്രകാശം ചൊരിയുന്ന ഒരു സ്ഥലം...............അവിടത്തെ രേണുരോചിസ്സിൽ താരകാതതിപോലും ലജ്ജിച്ചുപോകുന്നു; അവിടെ, ആ തറയിൽ രഹസ്യങ്ങളുടെ അധികാരി നിദ്രകൊള്ളുകയാണു്..............."

ഈ മാതിരി നിയന്ത്രണങ്ങളുടെ പിന്നിലാണു് ഇക്ബാലിൻെറ കലാവൈഭവം സ്ഥിതിചെയ്യുന്നതു്. വെറും നവീനത്വത്തെയല്ല, അക്ഷയമായ യുവത്വത്തെയാണു് അതു പ്രകാശിപ്പിക്കുന്നതു്. സാഹിത്യപരവും രാഷ്ട്രീയവുമായ ഉപാധികളെയും പിന്നിട്ടുകൊണ്ടു് അദ്ദേഹത്തിൻെറ കവിതകളുടെ അന്തരാളത്തിൽ പ്രവേശിച്ചാൽ സ്ഫടികംപോലെ നിർമ്മലമായ ആ അരുവിയിൽനിന്നും ആവോളം ആമോദം പാനംചെയ്തു ആത്മനിർവൃതി അനുഭവിക്കാം.

സാഹിത്യജീവിതത്തിൻെറ ആരംഭകാലത്തു്, യൂറോപ്പുസന്ദർശനത്തിനുമുമ്പു്, ഇക്ബാൽ ദേശീയത്വത്തിൽ വിശ്വസിക്കുകയും അനേകം ഉത്തേജകങ്ങളായ ദേശീയഗാനങ്ങൾ രചിക്കുകയുംചെയ്തു. അദ്ദേഹം തൻെറ നാട്ടുകാരെ സംബോധനചെയ്കയും, സൌഹൃദവും പരസ്പരസ്നേഹവും വളർത്താൻ ഹൃദയപൂർവ്വം അഭിലഷിക്കുകയുംചെയ്തു.

"ഒരിക്കൽക്കൂടി അന്യമെന്നു തോന്നിക്കുന്ന ആ യവനികയെ നമുക്കുയർത്താം. പിരിഞ്ഞുപോയ വ്യക്തികൾക്കു് ഒന്നിച്ചുചേരുകയും ദ്വൈതഭാവം മാച്ചുകളയുകയും ചെയ്യാം. പൊന്നുഷസ്സിൽ ഉണർന്നു നമുക്കു മധുരതരവും മോഹനവുമായ ഗീതങ്ങളെ ഗാനംചെയ്യുകയും, ആരാധകന്മാരെ എല്ലാം സ്നേഹമധു നുകരാൻ പ്രേരിപ്പിക്കയും ചെയ്യാം."

പരസ്പരസ്നേഹത്തിനും ഐക്യത്തിനുംവേണ്ടി പിന്നെയും ഹൃദയത്തിൻെറ അഗാധതയിൽനിന്നു് ഉതിർന്നുപൊങ്ങുന്ന ഈ വരികൾ വായനക്കാരെ വികാരവിലോലിതരാക്കാൻ ശക്തമാണു്.

"ഭക്തന്മാരുടെ ഗാനങ്ങൾ പരമാർത്ഥത്തിൽ ശക്തിയും സമാധാനവും ഉണ്ടാക്കുന്നു. ലോകനിവാസികളുടെ സ്വാതന്ത്ര്യം സ്നേഹത്തിൽ സ്ഥിതിചെയ്യുന്നു."

യൂറോപ്പുയാത്ര, അഗാധമായ ചിന്ത, മതപരമായ പാണ്ഡിത്യം, ഇസ്ലാമികതത്വപഠനം എന്നിവ അദ്ദേഹത്തിൻെറ ദേശീയാദർശങ്ങളെ പരിഷ്ക്കരിച്ചു. പിന്നെയുണ്ടായ പ്രതിഫലനങ്ങളാൽ ഇസ്ലാമിൻെറ സാർവ്വത്രികഭാവത്തിൽ അദ്ദേഹത്തിൻെറ ശ്രദ്ധ ശക്തിയായി പതിഞ്ഞു.

സ്വാധീനശക്തിയുടെ വിദൂരവ്യാപകത്വത്തിലും, മാനുഷികൈക്യത്തിൻെറ പ്രവർത്തനപരമായ അടിസ്ഥാനമായി എന്നെന്നും സേവനം ചെയ്യുവാനുള്ള ശക്തിയിലും ഇസ്ലാമികസാഹോദര്യം, ദേശീയവിശ്വാസങ്ങളെക്കാൾ, അതു എത്രതന്നെ അഭികാമ്യമായി തോന്നിയാലും, വളരെ ഉപരിയാണെന്ന് അദ്ദേഹംകണ്ടു. തൻെറ വീക്ഷണത്തിൻെറ വ്യതിചലനകാരണങ്ങളെ ഇങ്ങനെ വിശദീകരിക്കുന്നു:—

"ദേശീയമായ അതിരുകളുടെ ഫലം നാശമാണ്. ഒരു മത്സ്യത്തെപ്പോലെ, നിശ്ചിതമായ ഒരു സങ്കേതവുമില്ലാതെ, പരപ്പേറിയ പാരാവാരത്തിൽ ജീവിക്കണം.

ദൈവത്തിൻെറ സ്നേഹഭാജനത്തെ (ഇസ്ലാംമതപ്രവാചകനെ) അനുകരിച്ചുകൊണ്ടു ചെയ്യുന്ന വിശ്വാസത്തിൻെറ മാതൃകാപരമായ ഒരു പ്രവൃത്തിയാണ് ഗൃഹത്തെ ത്യജിക്കുക എന്നതു്. ദൈവദൂതൻെറ പരമാർത്ഥത്തിനു നിങ്ങൾ തീർച്ചയായും സാക്ഷ്യം വഹിക്കണം."

രാഷ്ട്രീയമായ കാര്യങ്ങളിൽ ഗ്രഹത്തെ ഏതൊരത്ഥത്തിൽ ചിന്തിക്കുന്നുവോ, അതിൽനിന്നും വളരെ വ്യത്യാസപ്പെട്ട ഒരത്ഥമാണ് പ്രവാചകൻെറ അഭിപ്രായത്തിൽ അതിന്നുള്ളതു്.

ഇക്ബാലിന്ന് എതിരായുള്ള വിമശ്നങ്ങളിൽ പലതും അദ്ദേഹമൊരു ദേശീയകവി അല്ലെന്നുള്ളതാണ്. അദ്ദേഹത്തിൻെറ വീക്ഷണം തികച്ചും ഇസ്ലാമികവും, എഴുത്തുകഠ ലോകമുസ്ലിംകഠക്ക വേണ്ടിയുമാകുന്നു. ഭാരതീയചിന്തയ്ക്കും സംസ്കാരത്തിനുംവേണ്ടി അദ്ദേഹം ചെയ്തിട്ടുള്ള ഗുണം വളരെ തുച്ഛമാണ്. ടാഗോറിനെപ്പോലെയുള്ള ഒരു ദേശീയകവിയായിരുന്നില്ല അദ്ദേഹം. എന്നിങ്ങനെ പലതും പറയാറുണ്ടു്.

പ്രാചീനമായ ഹിന്ദുവിചിന്തനത്തിന്ന് ടാഗോർ തികച്ചും അധീനനാണ്. അദ്ദേഹത്തിൻെറ കവിതാപരമായ ഭാവനയുടേയും തത്വചിന്തയുടേയും നിമ്മാണവ്യാപാരങ്ങഠ ഭാരതസംസ്കാരവുമായി അവിഭാജ്യമാംവണ്ണം ബന്ധപ്പെട്ടിരിക്കുന്നു. ഇക്ബാൽ ഒരു മുസ്ലിമാകയാൽ, സ്വാഭാവികമായി ഇസ്ലാമികപാരമ്പര്യത്താലും സംസ്കാരത്താലും വണ്ണനം ചെയ്യപ്പെടുന്നു. അദ്ദേഹത്തിൻെറ എല്ലാ പ്രവത്തനങ്ങഠക്കും പരിചിന്തനങ്ങഠക്കും ആവശ്യമായ ഉദ്ദീപനത്തിനും ഉപദേശത്തിനുംവേണ്ടി ഇസ്ലാമിലേയ്ക്കാണ് അദ്ദേഹം നോക്കുന്നതു്. അദ്ദേഹത്തിന്നു തന്നോടും തൻെറ ജീവിതത്തോടും വിശ്വസ്തനായിരിക്കണം. ഇസ്ലാം സാവ്വത്രികമായ മതമാണ്. ജാതിയോ, വണ്ണമോ, വംശമോ, രാജ്യമോ പരിഗണി

ക്കാതെ അതു് എല്ലാമനുഷ്യജീവികളേയും സംബോധനചെയ്യുന്നു.

ഉന്നതമായ ആദർശവും വിദൂരവ്യാപകമായ ആശയവും വഹിക്കുന്ന ഇസ്ലാമിലെ ചിന്തകന്മാരിൽ ഒരാളാണു് ഇക്ബാൽ. ദൈവത്തിന്റെ ഏകത്വത്തിലും മുഹമ്മദിന്റെ പ്രവാചകത്വത്തിലുമുള്ള ഉറച്ച വിശ്വാസമാണു് എല്ലാം മുസ്ലീംകളേയും യഥാർത്ഥത്തിൽ കൂട്ടിയിണക്കുന്നതു്. ഇസ്ലാമിക സാഹോദര്യത്തിന്റെ സാർവ്വത്രികമായ ആദർശങ്ങളിൽ വിശ്വസിക്കുന്നവർക്കു് രാഷ്ട്രമെന്ന ഹ്രസ്വമായ ജനസമൂഹത്തെ സ്ഥിരീകരിക്കാവുന്നതല്ല.

യൂറോപ്പിലെ ഗണനീയന്മാരായ പല ചിന്തകന്മാർക്കും ദേശീയാദർശം രസിക്കുന്നില്ലെന്നു കാണാം. അവർ അതിനെ പരസ്പരമുള്ള കലഹത്തിന്റെയും അസൂയയുടേയും ശത്രുത്വത്തിന്റെയും മൂലകാരണമായി കരുതുന്നു. ഐക്യം ഇസ്ലാമികധർമ്മമാണു്. ദേശീയത്വത്തെ വെറുക്കുകയും അന്തർദേശീയത്വത്തെ വെറുക്കുകയും ചെയ്യുന്നതു് ഇക്ബാൽ മാത്രമല്ല. രാഷ്ട്രീയ ചിന്തകന്മാരായ സർ നാർമൻ എൻജൽ, ബർട്ടുറൻഡ്റസ്സൽ, ഷില്ലർ, ഗാർട്ടൻ, ജെ. എച്ചു്. ഹെയിസ്, ബർനാഡ് ജോസഫ് എന്നിവരും ഇതേ അഭിപ്രായക്കാരാണു്.

ഒന്നാമതായി ഒരു കവി എന്ന നിലയിലും, അതു കഴിഞ്ഞു് ഒരു രാജ്യതന്ത്രജ്ഞൻ എന്ന നിലയിലുമാണു് അദ്ദേഹം ഇന്ത്യയിലെ രാഷ്ട്രീയകാര്യങ്ങൾക്കു് വലിയ സഹായം ചെയ്തിട്ടുള്ളതു്. ഒരു കാലത്തു് അഭിവൃദ്ധമായിരുന്നതും, രണ്ടു നൂററാണ്ടുകളായി അധഃപതിച്ചുവരുന്നതുമായ ഒരു ജനസമുദായത്തെ ഉദ്ധ

രീക്കാൻ ഇക്ബാൽ ശ്രമിച്ചു. ഇക്ബാലിനെ സംബന്ധിച്ചിടത്തോളം, ഒരു കാലത്തു് വിശ്വാസം അത്ഭുതങ്ങൾ കാണിച്ചിരുന്ന ജനങ്ങളുടെ അധഃപതനകാരണം വിശ്വാസവിഹീനതയാണു്. നശിച്ച രാജ്യത്തിനു നവജീവൻ നല്കി; ഭാരതരാഷ്ട്രീയഭൂവിൽ ഒരു പരിവത്തനംതന്നെ ഉണ്ടാക്കി. കഴിഞ്ഞകാലത്തെ അത്ഭുതകരമായ കഥകൾകൊണ്ടു് ഉത്സാഹവും ശക്തിയും പ്രചോദിതമാക്കി. ഭാരതമുസ്ലീംകൾ, അവരുടെ അധഃപതനകാരണങ്ങളെ ഗ്രഹിച്ചില്ലെങ്കിൽ, സഹോദരസമുദായങ്ങളുടെ വാഗ്ദാനങ്ങൾ നിറവേറുകയില്ല. ഹിന്ദുക്കളുടെ പെരുമാററത്തെ നോക്കി, നിങ്ങൾ നിങ്ങളുടെ സ്വന്തം കാലിൽതന്നെ നില്ക്കുവാൻ ശക്തിയുള്ളവരായിത്തീരുക. ചരിത്രത്തിൽ അവഗാഹകനായ ഇക്ബാലിൻെറ ഉപദേശമാണിതു്:—

"അശക്തമാകുക എന്ന കുററം മരണശിക്ഷാർഹമെന്നാണ് സൃഷ്ടിയുടെ ഉദയം തുടങ്ങി വിധിയുടെ ന്യായാധിപൻ കല്പിക്കുന്നതു്."

അദ്ദേഹത്തിൻെറ ഈ ആവത്തിച്ചാവത്തിച്ചുള്ള ഉപദേശം മുസ്ലീംകളുടെ ഇടയിൽ ഉണവ്വും ഉത്സാഹവും ഉളവാക്കി. സവ്വീസിലും നിയമസഭയിലും മുസ്ലീംകൾക്കു് പ്രത്യേക പ്രതിനിധികൾ വേണമെന്നാണ് അദ്ദേഹത്തിൻെറ ഉപദേശം. മററ സമുദായങ്ങളോടോ, രാഷ്ട്രങ്ങളോടോ വെറുപ്പുണ്ടാക്കണമെന്നു് ഇക്ബാൽ ഒരിക്കലും ഉദ്ദേശിച്ചിട്ടില്ല. ഒരു രാഷ്ട്രത്തിൻെറ പരമമായ ഉദ്ദേശം ഇക്ബാലിനെപ്പോലെ ഒരു കവിയും വിശദമാക്കിയിട്ടില്ല. ഇൻഡ്യൻ മുസ്ലീംകൾ മൌലാനാ അബ്ദുൽക്കലാം ആസാദി

ൻെറ പ്രവത്തനങ്ങളോടോ, സർ മുഹമ്മദയാമിനെയ പ്പോലുള്ളവരുടെ നേതൃത്വത്തോടൊ ചേരുന്നില്ല. ഭാരതമുസ്ലീംകൾക്ക് ഇക്ബാൽ അവരുടെ മാർഗ്ഗം കാണിച്ചുകൊടുത്തിട്ടുണ്ട്. ഇസ്ലാമിനെ അദ്ദേഹം എങ്ങിനെയാണ് സ്നേഹിച്ചിരുന്നതെന്നു് അവർക്കു് നല്ലവണ്ണം അറിയാവുന്നതാണു്.

വിഖ്യാതനായ ഒരു ചരിത്രപണ്ഡിതൻ എന്നപോലെതന്നെ, രാജ്യങ്ങളുടെ സദാചാരത്തെപ്പററിയുള്ള ഒരു ന്യായാധിപനുംകൂടിയായിരുന്നു ഇക്ബാൽ. മുസ്ലീംലീഗിനു്, ഉന്നതമായ ശക്തിയും ഉത്തേജനവും നല്കിയ പൌരസ്ത്യതത്വചിന്തകനോടു് വളരെ കടപ്പാടാണുള്ളതു്. മിസ്റ്റർ ജിന്നായ്ക്കു ശരീരപരിപാലനകൃത്യം മാത്രമെ നിർവ്വഹിക്കേണ്ടതുണ്ടായിരുന്നുള്ളു. സർ ഇക്ബാൽ അതിനു് ആത്മാവു് കൊടുത്തുകഴിഞ്ഞിരുന്നു.

ദേശീയതത്വം പുതിയ പരിഷ്കാരത്തിൻെറ ജീവനാണെങ്കിൽ, ഇസ്ലാമിക സാഹോദര്യത്തിൻെറ മൌലികസിദ്ധാന്തങ്ങൾക്കു് പ്രകടമായ എതിരാകുന്നു.

"അതു ദൈവത്തിൻെറ സൃഷ്ടികളെ രാഷ്ട്രങ്ങളായി വിഭാഗിക്കുന്നു. അതു് ഇസ്ലാമിക ദേശീയത്വ (ഭൂമിശാസ്ത്രപരമോ വർഗ്ഗസംബന്ധമോ ആയ പരിഗണനകളാൽ ബന്ധിക്കപ്പെട്ടിരിക്കുന്ന ദേശീയത്വത്തിൽ നിന്നും വളരെ വ്യത്യസ്തമായ) ത്തിൻെറ അടിസ്ഥാനങ്ങളെ ഭേദിക്കുന്നതാണു്."

മനുഷ്യരുടെ ഇടയിൽ എന്തെങ്കിലും വർഗ്ഗവിഭജനം വേണമെങ്കിൽ അതു തികച്ചും സദാചാരപരമായിരിക്കേണ്ടതാണു്. അതു ശത്രുത്വമുണ്ടാക്കാതിരിക്കാൻ പ്രത്യേകം സൂക്ഷിക്കണം.

ഭൗതികമായ അടിസ്ഥാനങ്ങളുള്ള അന്തർദേശീയസ്ഥാപനങ്ങൾക്ക്, ദേശീയസംഘട്ടനത്താൽ ഉണ്ടാകുന്ന ദുരിതങ്ങൾ ദൂരീകരിക്കാൻ കഴിയുകയില്ലെന്നാണ് ഇക്ബാൽ വിശ്വസിക്കുന്നതു്. അതു് സ്ഥിതിഗതികളെ കൂടുതൽ വഷളാക്കുകയേയുള്ളു.

സർവ്വസമ്മതമായ ഒരു "സർവ്വാധികാര"ത്തെ മററുള്ള ഏതു ഭരണരീതിയെക്കാളും അധികമായി അദ്ദേഹം ഇഷ്ടപ്പെടുന്നു.

"ഡെമോക്രാററിക്ക് ഗവമ്മെണ്ടുകളിൽനിന്നും ഓടിയകന്നു്, യോഗ്യനായ ഒരു സർവ്വാധികാരിയുടെ കീഴിൽ അടിമയായിരിക്കുക. രണ്ടുശതം കഴുതകളുടെ മസ്തിഷ്കം ഒന്നിച്ചുചേർത്താൽപോലും ഒരു മനുഷ്യനെപ്പോലെ ചിന്തിക്കാൻ സാദ്ധ്യമല്ല."

ഒരു കവിതയിൽ, ഇക്ബാൽ പിശാചുക്കളുടെ ഒരു കൌൺസിലിനെപ്പററി വിവരിക്കുന്നു. അതിൻെറ ഒരു യോഗത്തിൽവച്ചു് ഒരു പിശാചു് കൌൺസിലർ, ഡെമോക്രസിയുടെ വദ്ധനവു് മനുഷ്യഭാഗ്യത്തെ പുരോഗമിപ്പിക്കുമോ എന്നു ശങ്കിക്കുന്നു. കുറെക്കൂടെ സൂക്ഷ്മനിരീക്ഷകനായ വേറൊരു മെമ്പർ അതിനെ എതിർക്കുകയാണു്:—

"റിപ്പബ്ലിക്കിൻെറ (പ്രജായത്തഭരണം) അഭിവൃദ്ധിയിൽ നാമെന്തിനു് ആശങ്കപ്പെടുന്നു. മൊണാക്കി (ഏകാധിപത്യം) യുടെ ശക്തിതന്നെയല്ലേ അവിടെയും പ്രവർത്തനം നടത്തുന്നതു്?

സൂക്ഷ്മമായ നിരീക്ഷണത്തിൽ ഇവരണ്ടും തമ്മിൽ വ്യത്യാസമില്ലെന്നു കാണാവുന്നതാണു്.

യൂറോപ്പിലെ ഡെമോക്രാററിക്ക് (ജനപ്രതിനിധി) സിദ്ധാന്തം ആ പഴയ വീണതന്നെയാണു്.

അതിൻെറ തന്ത്രികളിൽ മൊണാക്കിയുടെ ശ്രുതി ക്കൊത്ത രാഗങ്ങറം മാത്രമാണുള്ളതു്."

ഡെമോക്രസി പൊതുജനാഭിപ്രായത്തെ ഒട്ടുംതന്നെ പ്രതിനിധീകരിക്കുന്നില്ല. പ്രഭുത്വത്തിനു വഴ ക്കുപിടിക്കുവാൻ ഒരുക്കിയിട്ടിരിക്കുന്ന ഒരു "കുതന്ത്രം"മാത്രമാണതു്. അദ്ദേഹം പറയുന്നു,

"അസംബ്ലിമെമ്പർമാരുടെ ചൂടുപിടിപ്പിക്കപ്പെട്ട വാദപ്രതിവാദങ്ങളിൽനിന്നും ദൈവം നമ്മെ രക്ഷിക്കട്ടെ. ഇതു ധനികത്വത്താൽ തയ്യാറാക്കപ്പെട്ട വെറുമൊരു "വിനോദസമരം" മാത്രമാണു്."

പൂണ്ണസ്വാതന്ത്ര്യത്തിൽ കുറഞ്ഞ ഒന്നുംതന്നെ അദ്ദേഹത്തെ തൃപ്തിപ്പെടുത്തുകയില്ല. അദ്ദേഹത്തിൻെറ വിശ്വാസത്തിൽ പാരതന്ത്ര്യം ഒരിക്കലും അനുവദനീയമല്ല. അതു് എല്ലാം മനുഷ്യഗുണങ്ങളേയും നശിപ്പിച്ചുകളയും.

"അടിമത്തം ജീവിതത്തെ ഒരു 'കൈത്തോട്ട്' പോലെ അധഃപതിപ്പിക്കുന്നു. പക്ഷെ ഒരു സ്വതന്ത്രരാഷ്ട്രത്തിൽ അതു തുംഗതരംഗപരമ്പരകളാൽ ഗംഭീരമാക്കപ്പെടുന്ന വിശാലവും അഗാധവുമായ ഒരു പാരാവാരംപോലെ പരന്നുകിടക്കുന്നു."

"സ്വപ്രയത്നത്താലല്ലാതെ സമ്പാദിക്കപ്പെടുന്ന ചക്രവൎത്തിത്വം ഒരു മുസൽമാനു് ഏററവും ലജ്ജാവഹമായിട്ടുള്ളതാണെ"ന്നാണു് അദ്ദേഹത്തിൻെറ അഭിപ്രായം.

രാഷ്ട്രീയ കാര്യങ്ങറം പ്രസംഗിച്ചു പ്രസംഗിച്ചു ശക്തി കെടുത്താതെ അവസാനപ്പോരിനു് തയ്യാറാകാൻ ഉദ്ബോധിപ്പിക്കുന്നു:—

"നിങ്ങളുടെ ഹൃദയചഷകത്തിൽ സ്നേഹമകരന്ദം സശ്രദ്ധം സൂക്ഷിക്കുക. നിങ്ങളുടെ ഈ മധുവിനെ ദുഷ്ടതയിലേക്കു് മാററരുതു്."

മഹാത്മാഗാന്ധി ആത്മനിരാകരണം ഉപദേശിക്കുമ്പോൾ ഇക്ബാൽ ആത്മപ്രശംസനത്തെ ബലപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ തത്വങ്ങൾ പ്രകൃതിയുടെ മാർഗ്ഗങ്ങളെ അനുഗമിക്കുകയാണു് ചെയ്യുന്നതു്. എന്നാൽ ഗാന്ധിജിയുടേതു് അങ്ങനെയല്ല. പടന്നിരച്ചു വളരുന്ന വൻവൃക്ഷങ്ങൾ നിസ്സാരമായ മുളയിൽ നിന്നാണുണ്ടാകുന്നതു്. ഒരു കൊച്ചുകുട്ടി ശക്തനായ പുരുഷനായി വളൎന്നു വരുന്നു. മനുഷ്യൻ തന്റെ കഴിവുകളെ അഭിവൃദ്ധിപ്പെടുത്തുകയും ലോകത്തു് അധികാരം സ്ഥാപിക്കുകയും ചെയ്യുന്നു. അക്രമരാഹിത്യം ആത്മലംഘനമാകുന്നു; ഒരുത്തന്റെ സ്വന്തം പ്രകൃതിയോടുള്ള അക്രമമാകുന്നു. അതു മനുഷ്യപ്രകൃതി മൌലികമായും ദോഷകരമാണെന്നുള്ള തെററായ വിശ്വാസത്തിൽ അധിഷ്ഠിതമാണു്. ശവക്കുഴിയിലേക്കു ത്വരിക്കുന്ന അധഃപതിച്ച ഒരു രാഷ്ട്രത്തിനുമാത്രമെ അതു യോജിക്കയുള്ളു. പോരെങ്കിൽ, നിഷ്കൃഷ്മായി തെരഞ്ഞെടുത്തു പ്രത്യേക പരിശീലനം നല്കുന്ന ഏതാനും ചിലൎക്കല്ലാതെ അതു് അനുകരിക്കാൻ കഴിയുന്നതല്ലെന്നു പല സംഭവങ്ങളും തെളിയിച്ചു കഴിഞ്ഞിരിക്കുന്നു.

രാഷ്ട്രീയകാൎയ്യങ്ങൾ മതത്തിൽനിന്നും വിട്ടുകലുമ്പോൾ അതു മനുഷ്യത്വത്തിനു ദുഃഖകരമാണു്. ഇസ്ലാമിൽ രാഷ്ട്രീയവും മതപരവുമായ കാൎയ്യങ്ങൾ യോജിച്ചിണങ്ങിയിരിക്കുന്നു. ഇതുതന്നെയാണു് ഇക്ബാ

ലിൻെറ സന്ദേശങ്ങളിലും മുഖരിതമാകുന്നതു്. അദ്ദേഹം ഉപദേശിക്കുന്നതു്,

"നിങ്ങൾ തന്നത്താൻ ശക്തരാകുക; എന്നാൽ മററുള്ളവരുടെ സുരക്ഷിതത്വത്തെ ആപത്തിലാക്കരുതു്" എന്നാണു്.

രൂപത്തിലും ഭാവത്തിലും പഴയ കവിതാമര്യാദകളിൽനിന്നും തീവ്രമായി അകന്നതുകൊണ്ടാണു് ഇക്ബാലിൻെറ കവിത വിമർശനസുലഭമായിത്തീന്നതു്. അദ്ദേഹത്തിൻെറ വൃതിചലനത്തിൻെറ ശരിയായ സ്വഭാവം മനസ്സിലാക്കണമെങ്കിൽ ഉർദുകവിതയുടെ പണ്ടത്തെ അവസ്ഥയെപ്പററി ഒരു നിരീക്ഷണം നടത്തേണ്ടതു് ആവശ്യമാകുന്നു. ഗാലിബിൻെറ കാലംവരെ ഉർദുസാഹിത്യഭണ്ഡാരം അനുരാഗകാവ്യങ്ങളാൽ നിറഞ്ഞിരുന്നു. അദ്ദേഹത്തിൻെറ കാലശേഷവും അതിനു വലിയ മാററമൊന്നുമുണ്ടായില്ല. അതു ജീവിതവുമായി യാതൊരു ബന്ധവുമില്ലാത്ത ശബ്ദചിത്രങ്ങൾകൊണ്ടുള്ള ഒരു മഹേന്ദ്രജാലം മാത്രമായിരുന്നു. കവിയുടെ ഉദ്ദേശം തൻെറ മനോധമ്മങ്ങളെ പ്രസ്താവിക്കുക മാത്രമാണു്. അതിനായി സുഗമമായ ഒരു വാചകരീതിയും സങ്കല്പങ്ങളും ഉപയോഗിക്കുകയും, ഏതാനും ഉറച്ച കാവ്യപദ്ധതികളേയും പരമ്പരാഗതങ്ങളായ പ്രാചീനസമ്പ്രദായങ്ങളേയും അനുകരിക്കുകയും ചെയ്യുന്നു. കാമുകീകാമുകന്മാർ തമ്മിലുള്ള സംഘട്ടനങ്ങളായിരിക്കും സർവ്വസാധാരണമായ പ്രതിപാദ്യവിഷയം. എല്ലാററിലേയും അന്തരീക്ഷം വളരെ മോശവും അനഭിവഞ്ഛകവുമാണു്. വൃഥാവ്യാകുലനായ ഒരു ചടച്ച മനുഷ്യനായിരിക്കും കാമുകൻ. ശോകനിമഗ്നമായ മുഖ

വും, ചിന്നിച്ചിതറിയ തലമുടിയും, കീറിപ്പറിഞ്ഞ വസ്ത്രങ്ങളുമുള്ള ആ പ്രണയഭിക്ഷു, ആത്മാഭിമാനഭേദകങ്ങളായ ഭത്സനങ്ങറംപോലും ക്ഷമയോടെ സ്വീകരിക്കുന്നു. അന്വേഷിച്ചുഴലുന്ന പരമാനന്ദത്തിൽ ആഹ്ലാദംകൊള്ളാൻ അയാറം പരിപൂൎണ്ണമായും അശക്തനായിരിക്കും. പുരുഷനായ ദുഃഖിതനോ, അഭിമാനിയായ കാമുകനോ ആയി അയാളെ കാണുവാൻ കഴിയുകയില്ല. കാമുകി, ജീവശാസ്ത്രപരമായ ഒരു മഹാത്ഭുതവും, അദ്ധ്യാത്മജ്ഞാനസംബന്ധമായ ഒരു രഹസ്യവുമാണ്. ഉണ്ടെന്നു വിശ്വസിക്കാൻപോലും വിഷമംതോന്നുന്ന ഒരു വിചിത്രസൃഷ്ടിയായിരിക്കും അതു്. സ്ത്രീത്വത്തിന്റെ ലളിതവിലാസങ്ങളെക്കാറം പുരുഷത്വത്തിന്റെ ദൃഢതയായിരിക്കും അതിൽ കൂടുതലായി കാണുക. ഇങ്ങനെ പോകും അതിന്റെ കഥാഗതി. അതു ബാഹ്യമായി നിരുന്മേഷവും നിരുപദ്രവവുമാണെന്നു തോന്നുമെങ്കിലും ചെന്നായെപ്പോലുള്ള ഭയങ്കരത അതിനുണ്ടു്.

കാമുകവൃന്ദത്തിന്റെ നെടുവീൎപ്പുകളാകുന്ന മൂടൽമഞ്ഞിൽ ഒളിച്ചും, ഹൃദയസമൂഹത്താൽ വലയിതമായും ഇരിക്കുന്ന ഈ കവിതാരീതി, വിനീതമായി അൎപ്പണം ചെയ്യുന്ന മനുഷ്യാത്മാക്കളെ നിൎദ്ദയം നിഹനിക്കുകയാണു ചെയ്യുന്നതു്. "മരണകവിത" എന്നു സാൎത്ഥകമായി വിളിക്കപ്പെടുന്ന ഈ കവിതകറം മനുഷ്യസമുദായത്തിനു യാതൊരു സേവനവും ചെയ്യുന്നില്ല. പ്രത്യുത ചില അവസരങ്ങളിൽ ഇതു ഉല്പാദിപ്പിക്കുന്ന ഫലം ഭയങ്കരവുമാണ്. മുമ്പേതന്നെ അധഃപതിച്ചുകഴിഞ്ഞ ഒരു ജനസമുദായത്തിനു മരണകരമായ അനുഭവങ്ങറം പ്രദാനം

ചെയ്യുന്നതു വളരെ ആപൽക്കരമാണല്ലോ. കൂടാതെ ഇതിൻെറ പരമദയനീയമായ പശ്ചാത്തലം, ജീവിതത്തെപ്പററിയുള്ള ഒരു തെററായ വീക്ഷണശക്തിയെ പരിപോഷിപ്പിക്കുന്നു. ആത്മീയമായ യാതൊരു ഗുണവും ഇതിൽനിന്നുണ്ടാകുന്നില്ല എന്ന വാദത്തെ ഖണ്ഡിക്കുവാനായി, അനുരാഗപരവശനായ നായകൻെറ മദോന്മത്തമായ ആരാധനാവചനങ്ങളിൽ ആദ്ധ്യാത്മികചിന്തകളെ സൂചിരീതിയിൽ വായിക്കാൻ ഒരു ശ്രമം നടക്കുന്നുണ്ടു്. ഈ മതപരമായ വസ്ത്രത്തിനുള്ളിൽനിന്നുകൊണ്ടു് ഇതു കൂടുതൽ ഉപദ്രവമാണുണ്ടാക്കിയതു്.

അനുരാഗകാവ്യങ്ങൾക്കുശേഷം സ്തുതിഗീതങ്ങളാണുണ്ടായതു്. മുഖസ്തുതിയിൽ മുഖംതെളിയുന്ന വല്ല നവാബുമാരേയോ രാജാക്കന്മാരേയോപററി കൃത്രിമവും അന്തസ്സാരവിഹീനവുമായി എഴുതിക്കൂട്ടുന്ന പദ്യങ്ങളാണ് ഇതിൽ കാണുന്നതു്. ഔചിത്യബോധത്തിൻെറ അല്പമോ, പരമാത്ഥത്തിൻെറ കണികയോ തന്നിലുണ്ടെങ്കിൽ ആ പ്രശംസാപാത്രം, കവി ആരോപിക്കുന്ന ഉൽകൃഷ്ടതകൾ കേട്ടു കരുവാളിച്ചുപോകുമെന്നുള്ളതിനു സംശയമില്ല. ആ സാധുവിനെ വണ്ണിച്ചുവണ്ണിച്ചു മനുഷ്യസൃഷ്ടിയുടെ മൌലികമായ സ്വഭാവവിശേഷങ്ങൾപോലും അയാൾക്കു നഷ്ടപ്പെടും. ദൈവത്തിനുപോലും തിരിച്ചറിയാൻ കഴിയാത്തവിധം ഭീമവും വിചിത്രവുമായ ഒരു സൃഷ്ടിയായിട്ടായിരിക്കും അയാൾ ചിത്രീകരിക്കപ്പെടുന്നതു്.

പിന്നീടുണ്ടായ സൂഫിസ്റ്റ്കവിതകളും ജീവിതത്തിൻെറ തെററായ ഒരു വീക്ഷണത്തെ പ്രോത്സാഹി

പ്പിക്കയാൽ തുല്യമായ ഉപദ്രവം തന്നെയാണുണ്ടാക്കിയതു്. ഭൌതികമായ ദുല്ലഭത്തിനുവേണ്ടിയുള്ള ശപിക്കപ്പെട്ട അദ്ധ്വാനംപോലെ പ്രവൃത്തിയെ ആക്ഷേപിച്ചുകൊണ്ടു് അതു് സന്ന്യാസത്തേയും വിധിയെപ്പററിയുള്ള വിശ്വാസത്തേയും ബലപ്പെടുത്തി. അഭിവൃദ്ധിക്കായുള്ള എല്ലാം ദേശീയപ്രവത്തനങ്ങളെയും ഇതു തകത്തുകളഞ്ഞു. രാഷ്ട്രീയമായ കൊടുങ്കാററ പ്രബലമായി ചുററിയടിച്ചുകൊണ്ടിരുന്നപ്പോഠംപോലും അവൻ ഉണന്നെഴുന്നേററില്ല. ഇതിൻെറ വിഷബാധ, ധീരമായ ചില ഹൃദയങ്ങളെ ഒഴിച്ചു എല്ലാടവും വ്യാപിച്ചിരുന്നു. കലാപരമായ വീക്ഷണകോണത്തുകൂടി നിരീക്ഷിക്കുമ്പോഠം, ഇതിൽ ഗുണോൽക്കഷം തെളിഞ്ഞുകാണുമെങ്കിലും, രാജ്യത്തിൻെറ സർമുദായികവും രാഷ്ട്രീയവുമായ ജീവൽപ്രശ്നങ്ങളിൽ അവസ്ഥ പ്രയോഗിക്കാൻ കഴിഞ്ഞ ശക്തി വളരെ ദുഃഖകരമായതാണു്. ഗാലിബിൻെറ രംഗപ്രവേശം, പരിഷ്കരിച്ച ഒരു കലാവാസനയും മിനുസപ്പെടുത്തിയ ഒരു രീതിയും കൊണ്ടുവന്നതിനോടൊപ്പംതന്നെ, സൂക്ഷ്മവും നിശിതവുമായ നിരീക്ഷണശക്തിയേയും രാഷ്ട്രീയവിശ്വാസത്തേയും ഉണ്ടാക്കി. സാഹിത്യജീവിതത്തിൻെറ ആദ്യദശയിൽ, അദ്ദേഹം പ്രാചീനസാഹിത്യമയ്യാദകഠംക്കു വശംവദനായിരുന്നു. പക്ഷെ അവസാനഘട്ടത്തിൽ, 1857-നു ശേഷം, ഒരു വിദേശീയ നുകത്തെ തങ്ങളുടെ ചുമലുകളിൽനിന്നും ബഹിഷ്കരിക്കാനുള്ള ആദ്യത്തെ ദേശീയപരിശ്രമത്തിൽ ഭാരതീയർ പരിഹാസകരമാംവണ്ണം പരാജയമടഞ്ഞപ്പോഠം തൻെറ ചുററുപാടുംകാണുന്ന രാഷ്ട്രീയമായ അധഃപതനത്തിൻെറയും ദേശീയമായ അപകഷ

ത്തിൻെറയും ബോധത്താൽ വിജൃംഭിതഹൃദയനായ ഒരു ദേശാഭിമാനിയായി അദ്ദേഹം രംഗത്തിറങ്ങിനിന്നു. അദ്ദേഹത്തിൻെറ യഥാൎത്ഥമായ ഭാവമറിയണമെങ്കിൽ, 1875-നു ശേഷം വെളിപ്പെട്ട കവിതകറം വായിക്കണം.

ഇക്‌ബാലിൻെറ കവിത തത്വചിന്താപരമാണെന്നു പറയുന്നതു തികച്ചും പരമാൎത്ഥമാണു്. എല്ലാ മഹാകാവ്യങ്ങളും ഒരുവിധത്തിൽ താത്വികവിചിന്തനമായിരിക്കും. അതു മഹത്തായ ജീവിതതത്വമാണു്. എന്തുകൊണ്ടെന്നാൽ, അതു ജീവിതസത്യങ്ങളെയാണു് പ്രസ്പഷ്ടീകരിക്കുന്നതു്. ചേതസ്സമാകൎഷകമായും പ്രചോദനകരമായും അതിനെ പ്രകാശിപ്പിക്കുന്നതിനാൽ അതു മികച്ച കവിതയുമായിരിക്കുന്നു. കവിതക്കും തത്വജ്ഞാനത്തിനും തമ്മിൽ, തന്നിമിത്തം മൌലികമായി യാതൊരു വ്യത്യാസവുമില്ലെന്നു തെളിയുന്നു. ഒരു വിധത്തിൽ ഉൽകൃഷ്ടമായ ഒരു പ്രവൎത്തനത്തിൽ—ജീവിതവ്യാഖ്യാനത്തിൽ—അതു് അന്യോന്യം ബന്ധപ്പെട്ടിരിക്കുകയാണു്. തത്വജ്ഞാനം ജീവിതപരമാൎത്ഥങ്ങളെ വിശകലനം ചെയ്യുകയാണെങ്കിൽ, കവിത അതിനെ വികാരമയമായ ഭാഷയിൽ മനോഹരമായി പ്രകാശിപ്പിക്കുന്നു. ഇങ്ങനെ കവിത തന്നെ, ജീവിതപരമാൎത്ഥങ്ങളെ വെളിപ്പെടുത്തുന്നിടത്തോളം തത്വവിചിന്തനമായിത്തീരുന്നു. ഇതിനെയാണു്, അരിസ്റ്റാട്ടിൽ, "വികാരസംവലിതമായ തത്വചിന്തനം" എന്നു നിൎവ്വചിക്കുന്നതു്. അദ്ദേഹത്തിൻെറ കവി "ദൈവികമായ വികാരവായ്പിൽ പുളകംപൂശുന്ന അമാനുഷികനായ തത്വചിന്തകനാകുന്നു"—അതെ, അസാധാരണവും

പ്രകൃതിദത്തവുമായ പ്രചോദനത്തിന്റെ പ്രേരണയിൻകീഴിൽ, അത്ഭുതാവഹമായ വികാരവിശേഷവും ഗ്രഹണപാടവവും സമഞ്ജസമായി സംയോജിപ്പിച്ചു കവിത രചിക്കുന്ന മഹാനുഭാവൻ— ഇങ്ങനെ താത്വികകവിയാകുക എന്നതു് അസാധാരണമല്ലെന്നു തെളിയുന്നു. ഒരു ജനസമുദായത്തെ ആദ്ധ്യാത്മികവിചാരത്തിലേയ്ക്കു നയിക്കുകയും, സ്വശക്തിയേയും പൌരുഷത്തേയും ബോദ്ധ്യപ്പെടുത്തുകയും, സദാചാരസരണിയിൽക്കൂടി ചരിപ്പിക്കുകയും ചെയ്യുന്ന പ്രേരണശക്തികളിൽ തത്വചിന്താപരമായ കവിതകൾക്കു് ഒരു പ്രത്യേകസ്ഥാനമുണ്ടെന്നുള്ളതിനു സംശയമില്ല. കവിത, തത്വചിന്താപരമായിത്തീരുമ്പോഴാണു് ജീവിതവിമർശം എന്ന അതിന്റെ അതിപ്രധാനമായ കൃത്യം നിർവ്വഹിക്കുന്നതു്.

ഒരു വെറും കവിക്കു, പ്ലേറ്റോയുടെ "റിപ്പബ്ലിക്കിൽ" സ്ഥാനമില്ല. യുവലോകത്തെ വഴിതെററിക്കുന്ന ദുർമ്മാർഗ്ഗിയെപ്പോലെയാണു് അയാൾ കരുതപ്പെടുന്നതു്. സമുദായത്തിനു് അയാളുടെ ആവശ്യമേയില്ല. എല്ലാ മഹാകാവ്യങ്ങൾക്കും, താത്വികമായ ജീവിതവിശദീകരണങ്ങളെപ്പോലെ സുസ്ഥിരവും അവികലവുമായ മാഹാത്മ്യമാണുള്ളതു്. വെറും ക്ഷണഭംഗുരവും അനതിവിദൂരഭാവിയിൽത്തന്നെ വിസ്മൃതമാകുന്നതുമായ കൃതികളല്ല അവ. വിലയമററ മഹത്വത്താൽ അവ നിറംപിടിച്ചിരിക്കും. ഷേക്സ്പീയർ, മിൽട്ടൻ, വേഡ്സ്വർത്തു്, കാളിദാസൻ, രാമി ആദിയായവർ എന്നെന്നും മഹാന്മാരായി സ്മരിക്കപ്പെടുന്നു. എന്തുകൊണ്ടെന്നാൽ, അവരുടെ ഗ്രന്ഥങ്ങൾക്കു, വെറും സൌന്ദര്യാസ്വാദനപരവും വ്യക്തി

ഗതവുമായ ഗുണങ്ങൾ മാത്രമല്ല ഉള്ളതു്. ഏതാദൃശമായ സീമകൾക്കെല്ലാം അതീതമായി, സാർവ്വത്രികമായ ആകർഷകത്വത്താലും അവികലമായ മാഹാത്മ്യത്താലും അവ എന്നെന്നും പ്രശോഭിക്കുന്നു. ഈ ഗുണവിശേഷങ്ങളാൽതന്നെ ഗാലിബും ഇക്ബാലും ഇവരുടെ കൂട്ടത്തിൽ സ്ഥാനം അർഹിക്കുന്നുണ്ടു്. കവികൾ എന്നപോലെതന്നെ അവർ തത്വചിന്തകന്മാരുമാകുന്നു. അവരുടെ കൃതികൾ പരിശോധിക്കേണ്ടതു് കവിതാപരമായ മാനദണ്ഡം മാത്രം വെച്ചുകൊണ്ടായാൽ പോരാ. അതിനു്, ഒരു യഥാർത്ഥകവിയുടെ ജീവിതപരമാർത്ഥങ്ങളേയും, ജീവിതത്തിൽ അയാളുടെ യഥാർത്ഥമായ പ്രവർത്തനങ്ങളേയും പററി നോക്കേണ്ടതുണ്ടു്.

മതപരമായും രാഷ്ട്രീയമായും ഇക്ബാലിനോടു് വ്യത്യാസപ്പെട്ടു് നില്ക്കുന്നവർ അദ്ദേഹത്തിൻെറ കവിത സമുദായപരിധിക്കുള്ളിൽ ഒതുങ്ങി നില്ക്കുന്നതു മാത്രമാണെന്നഭിപ്രായപ്പെടുന്നു. തന്നിമിത്തം അതിൻെറ ആകർഷകത്വവും പ്രചോദനവും വളരെ പരിമിതമായിരിക്കും. അദ്ദേഹത്തെ ഒരു കടുത്ത യാഥാസ്ഥിതികനും, അസഹിഷ്ണുവായ ഒരു സാമുദായികവാദിയുമായിട്ടാണു് അവർ കാണുന്നതു്. അദ്ദേഹത്തിൻെറ കവിതകൾ അമുസ്ലീംകളുടെ രക്ഷയുടേയും സമാധാനത്തിൻേറയും നേരെയുള്ള ഒരു തർജ്ജനംപോലെയാണു് അനുഭവപ്പെടുന്നതെന്നും പ്രസ്താവിക്കുന്നു. കൂലങ്കഷമായ പരിചിന്തനത്താൽ ഈദൃശമായ ആരോപണങ്ങളുടെ അർത്ഥവിഹീനത മനസ്സിലാക്കാൻ സാധിക്കുന്നതാണു്. അദ്ദേഹത്തിൻെറ കവിതകൾ, അതിൻെറ യഥാർത്ഥമായ വികാരപ്രക

ഷത്തിൽ സാമുദായികസീമകൾക്കെല്ലാം അതീതമായി അത്യുന്നതമായി പ്രവഹിക്കുകയാണു് ചെയ്യുന്നതു്. അദ്ദേഹം ഒരു മുസ്ലിം എന്ന നിലയിലും മുസ്ലിംകൾക്കായിട്ടും ആണു് എഴുതിയതെന്നുള്ളതിനു തെല്ലും സംശയമില്ല. എങ്കിലും അതിന്റെ വ്യാപകമായ അർത്ഥത്തിൽ, അതു രാഷ്ട്രീയമായ ദാസ്യശൃംഖല പൊട്ടിച്ചെറിയുവാൻ വീരപ്രവർത്തനങ്ങൾ നടത്തുന്നവർക്കെല്ലാം മഹത്തായ ഒരുത്തേജനശക്തിയായിട്ടാണനുഭവപ്പെടുന്നതു്. മദ്ധ്യകാലത്തെ ഒരുറച്ച 'ഫ്ളോറന്റയ്ൻക്രിസ്ത്യ'നായിട്ടാണു് ഡാന്റെ എഴുതിയിട്ടുള്ളതു്. ആംഗ്ലേയകവിയായ മിൽട്ടൻ ഒരു 'പ്യൂരിട്ട'നായിരുന്നു. ഒരു തനി ഹിന്ദുവായിട്ടുതന്നെയാണു് മഹാകവി ടാഗോറും എഴുതിക്കൊണ്ടിരുന്നതു്. എന്നിട്ടും അവരുടെ കൃതികൾ, കൃസ്ത്യാനിക്കും ഹിന്ദുവിനും അല്ലാത്തവർക്കും തുല്യമായ പ്രചോദനമാർഗ്ഗത്തെത്തന്നെയല്ലേ പ്രദാനംചെയ്യുന്നതു്? ഭാരതദേശീയപ്രസ്ഥാനം പാശ്ചാത്യരായ എഴുത്തുകാരിലും ഉന്നതമായ ഉജ്ജീവനം ഉളവാക്കിയിട്ടുണ്ടു്. മുസ്ലിമോ കൃസ്ത്യനോ, ആരുതന്നെ പറഞ്ഞാലും സത്യം എന്നും സത്യമായിത്തന്നെ പ്രകാശിക്കും. അതു് അതിന്റെ ഗുണപ്രകർഷത്തെ ജാതിയും മതവും നിറവും നോക്കാതെ എല്ലാരിലും പ്രസരിപ്പിക്കുകയും ചെയ്യുന്നു. അണുപ്രാണികൾക്കു കാണാനും അതിന്റെ വെളിച്ചത്തിൽ ആഹ്ലാദിക്കാനും കഴികയില്ലെന്നുവച്ചു സൂര്യനെ കുററംപറയാവുന്നതാണോ?

ജീവിതത്തിന്റെ സജീവമായ ചില രഹസ്യങ്ങളുടെ വിവരണത്താൽ സ്വകവിതയെ അദ്ദേഹം പരിപോഷിപ്പിച്ചു. അഭിവൃദ്ധ്യുന്മുഖരും സ്വാതന്ത്ര്യ

സ്നേഹികളുമായ വ്യക്തികളാൽ സമുദായം സമലം കൃതമാകേണ്ടതു് അത്യാവശ്യമാണെന്നാണു് അദ്ദേഹത്തിൻെറ അഭിപ്രായം. ജീവിതത്തിൽ പ്രവത്തനത്തിൻെറ ആവശ്യകതയെ അദ്ദേഹം സുവ്യക്തമാക്കി.

ജീവിതത്തിൻെറ സജീവപ്രശ്നങ്ങളിൽനിന്നുമകന്നു് സാങ്കല്പികവും മിക്കവാറും അപ്രായോഗികവുമായ പ്രണയകവനങ്ങളാലും സ്തുതിഗീതങ്ങളാലും നിറയപ്പെട്ടിരുന്ന ഉർദുസാഹിത്യത്തിൽ ഒരു നവീനപ്രസ്ഥാനം ആരംഭിച്ചു. ഇതു ഗതാനുഗതികതത്തിനടിമപ്പെട്ടു ഓജസ്സു കെട്ടുപോയ പ്രകൃതസാഹിത്യത്തിനു് ഉൽകൃഷ്ടമായ ഉൽക്കഷ്ത്തേയും ആകഷ്ണീയതയേയും പ്രദാനംചെയ്തു. ഇതിൻെറ യഥാത്ഥജനയിതാവു് മൌ: ഹാലിയാകുന്നു. അദ്ദേഹത്തിൻെറ 'മുസദ്ദസ്'' ആയ ''മദ്ദോജസർ ഇസ്ലാം'' (ഇസ്ലാമിൻെറ ഉൽക്കഷാപകഷങ്ങൾ) എന്ന മഹാകാവ്യം ഉർദുസാഹിത്യത്തിൻെറ പുരോഗമനത്തിനു സ്പഷ്ടമായ അടയാളമാകുന്നു. അദ്ദേഹത്തിൻെറ സരളമായ ശയ്യ, ഗാലിബിൻെറ തീവ്രമായ ശൈലിയുമായി തട്ടിച്ചുനോക്കുക അത്ര എളുപ്പമല്ല. സാരള്യത്തോടുകൂടി നല്ല പ്രവാഹവും മനോഹരതയും അദ്ദേഹത്തിൻെറ കവിതകളിൽ കാണുന്നുണ്ടു്. അദ്ദേഹത്തിൻെറ കൃതികൾ ദേശീയവികാരത്താൽ പ്രേരിതവുമാണു്. രാഷ്ട്രീയമായ അധഃപതനത്തെയും ദേശീയമായ അപകഷ്ത്തെയും പററി നല്ല ബോധമുള്ള ഒരു യഥാത്ഥദേശാഭിമാനിയുടെ ഭാവനയാൽ പരിപൂണ്ണവുമാണതു്. പ്രേരണയും വിവാദവുംകൊണ്ടു് സമതസ്ഥരിൽ ദേശീയജീവിതാസക്തി പുനജ്ജീ

വിപ്പിക്കാൻ യത്നിച്ചു എന്നുള്ളതാണ് അദ്ദേഹത്തിന്റെ വിശേഷമായ ഗുണം. ഹാലിയുടെ മരണത്താൽ ഉർദ്ദുസാഹിത്യത്തിലുണ്ടായ 'വിടവു്' തികച്ചും നികത്തിയതു് ഇക്ബാലാകുന്നു. നൈസർഗ്ഗികമായ കവിതാവാസനയോടു് പാശ്ചാത്യവിദ്യാഭ്യാസത്താൽ സിദ്ധമായ ഗുണങ്ങളും, പാശ്ചാത്യമായ സാഹിത്യം, വേദാന്തം, ചിന്ത ഇവയെപ്പററിയുള്ള അഭ്യസനവും കൂട്ടിക്കലർത്തുകയും, ഇസ്ലാമികചരിത്രത്തിലും തത്വചിന്തയിലുമുള്ള അഗാധമായ പരിജ്ഞാനത്താൽ ഇസ്ലാമിനോടുള്ള തീക്ഷ്ണമായ സ്നേഹത്തെ ഒന്നുകൂടി ദൃഢമാക്കുകയും ചെയ്തു. ആദ്യത്തെ ചുരുക്കം ചില കവിതാനിബന്ധങ്ങൾ ഒഴിച്ചാൽ, അദ്ദേഹത്തിന്റെ കവിത തുടക്കംമുതൽക്കേ ദേശീയവികാരത്താൽ ഭരിതവും, ഒരുപരിശുദ്ധമായ ഉദ്ദേശത്തിനായി സേവനം ചെയ്യാൻ ഒരുക്കിയതുമാണ്. അതിന്റെ അതുല്യമായ ഗുണം പഴയ ഉർദ്ദുകവിതകളിൽ കാണാൻ കഴിയാത്ത, ശുഭാപ്തിവിശ്വാസസംബന്ധമായ നിർമ്മലവും ശക്തവുമായ ലേഖനമാകുന്നു. ആദ്യത്തെപ്രണയപരമായ കവനങ്ങളിൽ, അനുരാഗത്തിന്റെ ആവലാതികളും നിരാശരായ കാമുകീകാമുകന്മാരുടെ കഷ്ടപ്പാടുകളും മാത്രം നിറഞ്ഞു നില്ക്കുന്ന വെറും കഥകളും മുഷിപ്പിക്കുന്ന ആവർത്തനങ്ങളുമല്ലാതെ മററൊന്നുമുണ്ടായിരുന്നില്ല. ഗാലിബിന്റെയും ഹാലിയുടെയും കവിതകൾ, പ്രതികൂലമായ പരിതഃസ്ഥിതികൾമൂലം വളരെ അപ്രസന്നമായ അനുഭവങ്ങളെ മാത്രമേ ഉണ്ടാക്കിയുള്ളു. ദേശീയാധഃപതനത്തിന്റെ ശോകമയമായ പരിണതഫലങ്ങളെ അതിൽ മർമ്മസ്പൃക്കാകുംവണ്ണം വിവരിച്ചിരുന്നു. രാഷ്ട്രീയമായ ദൃഷ്ടിക

ത്തത്താൽ മൂടപ്പെട്ടിരുന്നതിനാൽ അവരെ വലയം ചെയ്തിരുന്ന തടസ്സം ഒരു ആശാകിരണത്തെയും പ്രകാശിപ്പിച്ചില്ല.

ഇക്ബാൽ ഒരുറച്ച ശുഭാപ്തിവിശ്വാസിയായതു, വ്യത്യസ്തമായ ഒരു യുവശക്തിക്കു് അദ്ദേഹം അധീശനായതുകൊണ്ടു മാത്രമല്ല. തന്റെ പഠനവും അവഗാഢമായ ചിന്തയും അദ്ദേഹത്തെ വ്യക്തമായ കാരണങ്ങളുടെ സ്വപ്നങ്ങൾക്കും ഉപരിയായി കാണാൻ കഴിയുന്ന ഒരു ദർശനശക്തിയാൽ അനുഗ്രഹിച്ചതും അതിനു കാരണമാണു്. പ്രകൃതിനിയമങ്ങളുടെ പ്രവർത്തനത്തിലുള്ള അദ്ദേഹത്തിന്റെ വിശ്വാസത്തെ അല്പംപോലും ഉലയ്ക്കാൻ തടസ്സത്തിന്റേയും അന്ധകാരത്തിന്റേയും ശക്തികൾക്കു കഴിവില്ലതന്നെ. അതിൽ ഒന്നു, രാത്രി എങ്ങനെ എല്ലാം ഇരുണ്ടും നീണ്ടുമിരുന്നാലും ഒരു പകലിനാൽ അനുഗമിക്കപ്പെടാൻ നിർബ്ബന്ധമാണെന്നുള്ളതാകുന്നു. അദ്ദേഹം ഒരിക്കലും ആശ നഷ്ടപ്പെടുത്തുകയില്ല.

ഒരു രാഷ്ട്രത്തിന്റെ ഭയങ്കരമായ കഷ്ടപ്പാടുകൾക്കെല്ലാം ഒരതിരുണ്ടെന്നു് അദ്ദേഹത്തിനു് ഉറച്ച വിശ്വാസമുണ്ടു്. അതു സുഖപ്രിയത്തിലും സന്തോഷത്തിലും മുഴുകി പ്രവർത്തനശക്തി ഉപേക്ഷിച്ചില്ലെങ്കിൽ, അതിന്റെ സ്വാതന്ത്ര്യത്തെ പുനഃസ്ഥാപിക്കാൻ ത്യാഗപൂർവ്വമായ പ്രവർത്തനങ്ങൾ നടത്തുകയാണെങ്കിൽ അവസാനം വിജയം വരിക്കുവാൻ അതു നിർബ്ബന്ധിതമായിത്തീരുന്നതാണു്. അതിന്റെ കഷ്ടപ്പെടുന്ന കാലം ഒരുവിധത്തിൽ ഒരുക്കത്തിനുള്ള കാലമാകുന്നു. മുമ്പിൽ കാണുന്ന ശ്ലാഘനീയമായ പ്രവൃത്തിക്കുവേണ്ടി അതിന്റെ ശക്തികളെ പുനർജ്ജീവിപ്പിക്കാനുള്ള കാലമാകുന്നു.

ഗാലിബിന്റെ തത്വചിന്തയിലേക്കു, ഡാഗിന്റെ മാധുര്യവും, ഹാലിയുടെ ലാളിത്യവും ദേശീയതയും, അദ്ദേഹത്തിന്റെ സ്വന്തവും സ്വാതന്ത്ര്യവുമായ ശുഭാപ്തിവിശ്വാസവും ഇക്ബാൽ കൂട്ടിച്ചേർത്തു.

ഇക്ബാലിന്റെ ശുഭാപ്തിവിശ്വാസം പ്രവൃത്തിയിലുള്ള അദ്ദേഹത്തിന്റെ ഉറച്ച വിശ്വാസത്തിൽനിന്നും ഉദ്ഭൂതമായതാണു്. പ്രവൎത്തനം അഥവാ ത്യാഗപൂൎവ്വമായ പ്രവൎത്തനം ഒരു രാഷ്ട്രത്തിനു "ജീവരക്ഷിക"പോലെയാണെന്നു്, അന്തർദേശീയചരിത്രാഭ്യസനം അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തി. ഒരു രാജ്യം എത്രമാത്രം ശക്തിവിഹീനമായതായാലും, അതിനെ മുക്കിത്താഴ്ത്താതെ സൂക്ഷിക്കാൻ പ്രവൎത്തനത്തിനു കഴിയുന്നതാണു്. ഇതു വ്യക്തികളെ സംബന്ധിച്ചും പരമാൎത്ഥംതന്നെയാകുന്നു. കൎമ്മനിരതനായ ഒരു മനുഷ്യനു കീഴടങ്ങുക എന്നതു അതികഠിനമാണു്. അവന്റെ പ്രവൎത്തനങ്ങൾ, അവനെ നിരുത്സാഹപ്പെടുത്തുന്നതിനു പകരം, ഏതിലുമുപരിയായി അവന്റെ ആഗ്രഹത്തെ ശക്തിപ്പെടുത്തുകയും ത്യാഗപൂൎവ്വമായ പ്രവൎത്തനത്തിനു് അവനെ ഉദ്യുക്തനാക്കുകയുമാണു് ചെയ്യുന്നതു്.

ഇക്ബാലിന്റെ പ്രവൃത്തിനിരതനായ മനുഷ്യൻ നിൎമ്മിക്കപ്പെട്ടിരിക്കുന്നതു് യുദ്ധോദ്യുക്തമായ ചിന്തയിൽനിന്നല്ല; തികച്ചും മാനുഷികമായ ചിന്തയിൽനിന്നാകുന്നു. അദ്ദേഹം നിഷേയുടെ "അതിമാനുഷ"നെപ്പോലെ വെറും ശാരീരികമായ ശക്തിയുടെ (അതെ മൃഗീയശക്തിയുടെ) ഒരു മൂൎത്തീകരണമല്ല. മാനസികവും ശാരീരികവുമായ എല്ലാശക്തികളും സന്മാൎഗ്ഗികമായ ഗുണങ്ങളും ഉള്ള ഒരു പ

രിപൂണ്ണമനുഷ്യന്റെ രൂപീകരണത്തിന്ന അവശ്യം വേണ്ടതായ ഗുണവിശേഷങ്ങളുടെ ഒരു വിളനിലമാണതു്. നീഷേയുടെ 'അതിമാനുഷനു', അവന്റെ പിന്നിൽ പ്രവൎത്തിക്കുന്നതായ സംഗ്രാമപ്രിയത്വം (അഥവാ അയുക്തമായ സ്വദേശാഭിമാനം) ഹേതുവായി, അവന്റെ പ്രകൃതിയിൽ കാരുണ്യം, ഔദാൎയ്യം എന്നീ സൽഗുണങ്ങൾക്കു സ്ഥാനമില്ല. അവനു് അതൊക്കെ വളരെ മൃദുലവും മനുഷ്യത്വത്തിനു യോജിക്കാത്തതുമാണു്. അവൻ മനുഷ്യത്വത്തിനു മുകളിൽ ഉയൎത്തപ്പെടുന്നതു്, അവന്റെ മൃഗീയശക്തിനിമിത്തമാണു്; അതിന്റെ ക്രൂരമായ ഉപയോഗത്താൽ മാത്രമാണു്. ആത്മീയമായ യാതൊരു ശക്തിയും അവിടെ പ്രവൎത്തിക്കുന്നില്ല. രാജ്യംമുഴവനും ശക്തിയുടെ മാൎഗ്ഗത്തെ പിന്തുടരുകയും, എല്ലാ രോഗങ്ങളും സംഹരിക്കാൻ ശക്തിയുള്ള ഒരു "ഒററമൂലിക"യായി അതിനെ കരുതുകയും ചെയ്തകാലത്തു് ഈ "അതിമാനുഷൻ" ജൎമ്മനിയിൽ അംഗീകരിക്കപ്പെട്ടു. എന്നാൽ ഇക്ബാലിന്റെ "പരിപൂണ്ണമനുഷ്യൻ" മാനുഷികങ്ങളായ എല്ലാ ഗുണങ്ങളുടേയും മൂൎത്തീകരണവും, മൃദുലവികാരങ്ങളാൽ പ്രചോദിതനുമാണു്. എല്ലാററിനും പുറമെ, അവൻ വാക്കിലും പ്രവൃത്തിയിലും ഒരു യഥാൎത്ഥമുസ്ലിമായിരിക്കും.

ഇക്ബാൽ പ്രവൃത്തിയുടെ പ്രമുഖനായ പ്രചാരകനാണു്. പ്രചോദനത്തിനും ഒരു സ്ഥിരമായ പ്രസരിപ്പിനും വേണ്ടിയുള്ള വെറുമൊരു സാധനമല്ല ജീവിതം. 'ഒരു വ്യക്തിയിൽത്തന്നെ ദിവസംപ്രതി വ്യക്തമായ വ്യത്യാസം—പ്രവൃത്തിയിൽ അഭിവൃദ്ധികരമായ പുരോഗമനത്തെ പ്രദ്യോതിപ്പിക്കുന്നതായ

ഒരു പരിവർത്തനം—ഉണ്ടായിക്കൊണ്ടിരിക്കുക എന്നുള്ളതാണ് ഇതിനാൽ അർത്ഥമാക്കപ്പെടുന്നതു്.

പ്രവൃത്തിയുടെ ഒരു പ്രോത്സാഹനവാദിയായ ഇക്ബാൽ ''മിസ്റ്റിസിസ''ത്തിൻെറ മുന്നോടിയായ ''പ്ലേറേറാനിസ''ത്തിൻെറ പരമശത്രുവാണ്. പ്ലേറേറായുടെ സിദ്ധാന്തങ്ങൾ, ഇക്ബാലിൻെറ അഭിപ്രായത്തിൽ, ജീവിതത്തിൽ ചലനരഹിതവും അലസവുമായ ഒരവസ്ഥയെ—മരണത്തെക്കാളും പതിന്മടങ്ങു ചീത്തയായ ഒരവസ്ഥയെ—പ്രോത്സാഹിപ്പിക്കുകയാണ് ചെയ്യുന്നതു്. മുസ്ലിംമിസ്റ്റിക്കു നിർദ്ദോഷാത്മകമായ ഉപദേശത്താൽ ജീവിതവിരക്തി ഉണ്ടാക്കുകയും, മാദകമായ ഈ സിദ്ധാന്തങ്ങളെ, വളരെ കൂടിയ അളവിൽ തൻെറ അനുയായികളിൽ സംക്രമിപ്പിക്കുകയുംചെയ്തു. ഈ സിദ്ധാന്തങ്ങൾ മതപരമായ വിദ്യാഭ്യാസത്തോടു കൂട്ടിക്കലർത്തപ്പെട്ടപ്പോൾ, അതു നിർണ്ണയാതീതമായ ഉപദ്രവമാണുണ്ടാക്കിത്തീർത്തതു്. സംതൃപ്തിയും തജ്ജന്യമായ പ്രശംസയുംമൂലം ഏററവും പ്രധാനമായ ഒരു ഗുണമാണതെന്നു തെററിദ്ധരിച്ചു് അതിനനുസരണമായി തങ്ങളുടെ ജീവിതനിരീക്ഷണകോണം മാററുകയുംചെയ്തു. ഫലസമ്പാദനാർത്ഥം യാതൊന്നും പ്രവർത്തിക്കാതെ, അന്ധവും അകാരണവുമായ ദൈവാശ്രയത്തെ അതു പ്രോത്സാഹിപ്പിച്ചു. അവരിൽ മടിയും പ്രവർത്തനമില്ലായ്മയും ഉണ്ടാക്കിത്തീർക്കുകയാൽ മുസ്ലിംകളുടെ ദേശീയജീവിതത്തിൽ സൂഫികൾ ഒരു വല്ലാത്ത ബാധയായിരുന്നു. സന്യാസിത്വവും, ഏകാന്തതയും ഗുണങ്ങളായി പരിഗണിച്ചു. എന്നാൽ ഒരു യഥാർത്ഥമുസ്ലിമിൻെറ ശക്തിയായ ഗുണമാകട്ടെ, ജീവിതത്തിൽ പ്രതിബന്ധമാ

യിനില്ക്കുന്ന വിഷമങ്ങളിൽനിന്നും ഒളിച്ചോടി ഒരു ആശ്രമത്തിൻെറ മൂലയിൽ പതുങ്ങിക്കഴിയാതെ, അതിനെതിരായി ധീരമായ പ്രവത്തനങ്ങൾ നടത്തുന്നതാകുന്നു. വളരെക്കാലത്തെ നിരന്തരപ്രവത്തനങ്ങൾക്കുശേഷം, ഇസ്ലാമികാക്രമണപ്രവാഹം പ്രശാന്തമാകുകയും, ജനങ്ങൾ സുഖപ്രദവും സന്തോഷകരവുമായ ജീവിതം നയിക്കാൻ തുടങ്ങുകയും ചെയ്തപ്പോൾ, സൂഫിസ്റ്റിക സിദ്ധാന്തങ്ങൾക്കു സന്നദ്ധമായ സ്വീകരണംതന്നെ ലഭിച്ചു. ഇനിയുമുള്ള പ്രവത്തനത്തിൻെറ ഭയങ്കരതയിൽനിന്നും അവരെ തടുക്കാൻ ശ്രമിക്കുകയാൽ, ശക്തിയേറിയ ഒരാകഷകത്വം അവർ അതിൽകാണുകയും ആ ജീവിതവീക്ഷണത്തെ പിൻതാങ്ങുകയുംചെയ്തു. ഈ ഫലങ്ങളെപ്പററി ചിന്തിച്ചുകൊണ്ടു് ഇക്ബാൽ, പ്ലേറോയെ "പണ്ടത്തെ കിടയിലെ പരമസാധുവായ മേഷ"മെന്നും, "മനുഷ്യച്ചട്ട ധരിച്ച കുഞ്ഞാടെ"ന്നും വിളിക്കുന്നു.

പ്ലേറോയെപ്പററിയുള്ള ഇക്ബാലിൻെറ നിഷ്ഠയമായ നിരൂപണം മനഃപൂവ്വമായ യാതൊരുദ്ദേശത്താലും പ്രേരിതമല്ല. 'പ്ലേറോനിസം' മുസ്ലിംലോകത്തിൽ ഉണ്ടാക്കിത്തീത്ത ഏററവും നിർഭാഗ്യകരമായ അനുഭവങ്ങൾ മാത്രമാണതിനു കാരണം. അഭിവൃദ്ധിയിൽ ആകാംക്ഷയുള്ള ഏതൊരു രാഷ്ട്രത്തിനും എന്തെങ്കിലും പ്രവത്തനങ്ങൾ അതിനുവേണ്ടി ചെയ്യാൻ കഴിയുന്നതാണു്. ദേശീയജീവിതത്തിനു് ആവശ്യമായ "ഒററമൂലിക"പ്രവത്തനമാകുന്നു. അതിൻെറ ശക്തമായ അഭ്യുന്നതിയും പ്രവൃത്തിയെയാണു് ആശ്രയിച്ചിരിക്കുന്നതു്. സുഖാസക്തവും അശക്തവുമായ ഒരു രാഷ്ട്രം, പ്രാചീനമായ ഉൽക്കഷത്തിൽനി

നം പൂൎണ്ണമായും അധഃപതിച്ച നക്തമായ വേറൊന്നിനു നിസ്സാരമായ ഇരയായി ഭവിക്കുന്നു.

പ്രകൃതിതന്നെ അഭിവൃദ്ധി ആകാംക്ഷിക്കുകയും, വികസനത്തെ അനുകൂലിക്കുകയും, പുരോഗമനത്തിനായുള്ള എല്ലാംപ്രവൎത്തനങ്ങളേയും സഹായിക്കുകയും ചെയ്യുന്നു. സൂഫികൾക്കുള്ളതുപോലെ 'പുരം' സുന്ദരമായ സിദ്ധാന്തങ്ങളുമായി അഭിവൃദ്ധ്യുന്മുഖമായ ശക്തികളെ തടുക്കുവാൻ ശ്രമിക്കുന്നതു പ്രകൃതിനിയമങ്ങൾക്കുതന്നെയും എതിരാകുന്നു.

പരിശുദ്ധ ഖുർആൻ പ്രവൎത്തനം ഉപദേശിക്കുകയാണു് ചെയ്യുന്നതു്. എങ്കിലും സൂഫികൾ അവരുടെ നിദ്രോല്ലാദകമായ സിദ്ധാന്തങ്ങളുടെ വെളിച്ചത്തു് അവയുടെ അൎത്ഥം വിശദീകരിക്കാൻ ശ്രമിച്ചു. ഇങ്ങനെ മുസ്ലിംലോകത്തിൻെറ ശക്തിയെ അതു കെടുത്തി.

ഇക്കബാൽ തൻെറ ജീവിതപരമായ തത്വജ്ഞാനത്തെ, ആത്മീയമായ തത്വചിന്തയിൽ അധിഷ്ഠിതമാക്കി. ഈ തത്വവിവരണം, പാട്ടിൻെറ പല്ലവിപോലെ, അദ്ദേഹത്തിൻെറ കൃതികളിൽ എവിടെയും കാണുന്നുണ്ടു്. ഓരോവശത്തും അദ്ദേഹത്തിൻെറ കൺകങ്ങൾ അതിൻെറ മഞ്ജുളമായ സംഗീതം ആരായുകയാണു്. അദ്ദേഹത്തിൻെറ ആത്മീയത, അഥവാ ആത്മാസക്തി സൂഫികളുടെ ആത്മത്യാഗത്തിനും, ക്രൈസ്തവബൌദ്ധസന്യാസിമാരുടേയും യോഗികളുടേയും ആത്മബഹിഷ്കരണത്തിനും പ്രകടമായ എതിരാകുന്നു. അതിൻെറ തത്വത്തിൽ അന്തർലീനമായിരിക്കുന്ന യാഥാൎത്ഥ്യം ജീവിതമാണു്. പ്രവൃത്തിയുടേയും ആദൎശത്തിൻേറയും ഏററവും ഉൽകൃഷ്ടമായ

വശങ്ങളിൽ എല്ലാംതന്നെ അതു ജീവിതത്തെ പിൻതുടരുകയും ചെയ്യുന്നു. അന്യശ്രദ്ധയെ ആകർഷിക്കാൻ വേണ്ടിമാത്രം ആത്മപ്രദർശനം ആഗ്രഹിക്കുന്ന കുത്സിതഹൃദയങ്ങളുടെ രോഗബാധിതമായ സ്വഭാവത്താൽ ഇതിനു ക്ഷതം സംഭവിക്കുകയില്ല. ആത്മസ്ഥൈര്യത്തിന്റേയും എളിമയുടേയും സംയോജനം അത്ഭുതകരമാണു്. അവിടെ അഭിവൃദ്ധിപ്പെടുന്ന ആത്മശക്തിയുടെ മുമ്പിൽ ലോകത്തിന്റെ ഗർവ്വ് കുമ്പിടപ്പോകുന്നു. ഈ ജീവിതത്തിനു പുറകിലുള്ള പുരോഗമനശക്തിയാണു്. ഒരു രാഷ്ട്രത്തെ അഭിവൃദ്ധ്യുന്മുഖമാക്കുന്ന ശാരീരികവും, സാന്മാൎഗ്ഗികവും ബുദ്ധിപരവുമായ എല്ലാകഴിവുകളേയും ഉൾക്കൊള്ളുന്നതും, മനുഷ്യനിൽ നിഗൂഹിതമായിരിക്കുന്നതുമായ ശക്തികളുടെ പരിപോഷണമാണു് ഇതുകൊണ്ടുദ്ദേശിക്കുന്നതു്. ഇതിന്റെ പ്രധാനോദ്ദേശ്യം ഓരോരുത്തരിലും വ്യക്തിഗതമായ വികാസം ഉണ്ടാക്കുകയും, പ്രവൎത്തിക്കാനുള്ള ആഗ്രഹത്തെ കെടുത്തുന്ന ആ മാനസികമായ വൈപരീത്യത്തെ ഒഴിച്ചുവിടുകയുമാകുന്നു. സ്വന്തം ശക്തിയേയും സ്വഭാവത്തേയുംപററി ശരിയായബോധമുണ്ടാകുമ്പോൾ അവൻ ധൈൎയ്യത്തോടെ ലോകത്തെ അഭിമുഖീകരിക്കയും അസ്വാതന്ത്ര്യത്തിനെതിരായി ഭീതിരഹിതമായ പ്രവൎത്തനങ്ങൾ നടത്തുകയും ചെയ്യും.

തന്നെപ്പററി ബോധമില്ലാത്ത ഒരുവൻ സ്വഭാവപരമായി ഒരു പരമസാധുവാകുന്നു. ആപത്തിനെ അഭിമുഖീകരിക്കുമ്പോൾ "സത്യവചനങ്ങൾ" ഉച്ചരിക്കാൻ കഴിയാത്തവിധം അശക്തനുമാണു്. ശക്തിയോടെ എതിർക്കുന്നതിനുപകരം ഔഷ്ട്യത്തിന്റെ മു

മ്പിൽ അശക്തനാകുകയാണു് ചെയ്യുന്നതു്. എന്നാൽ ലോകത്തെ ഒരു മൃഗീയശക്തിക്കും വളയ്ക്കാൻ സാധിക്കാത്തവിധത്തിൽ അവന്റെ മുതുകിനെ ബലപ്പെടുത്താൻ ആത്മസാക്ഷാൽക്കാരത്തിനു കഴിയുന്നതാണു്. ഇങ്ങനെ, ആത്മാവിന്റെ ആദ്യത്തെ സിദ്ധാന്തം ആത്മസാക്ഷാൽക്കാരവും, ദുരഭിമാനത്തിന്റേയും, അഹങ്കാരത്തിന്റേയോ യാതൊരുവിധ ബോധവുമായി ബന്ധമില്ലാത്തതും, ഒരുത്തനു എന്തു മാത്രം വിലയുണ്ടെന്നു ലോകത്തിനു കാണിച്ചുകൊടുക്കുക എന്ന ഏകോദ്ദേശ്യപ്രേരിതവുമായ ആത്മപ്രകാശനവുമാകുന്നു. ഈ പ്രദർശനശക്തി പ്രകൃതിദത്തമാണു്. സ്വാഭാവികമായ ഈ ശക്തിയെ ഉപേക്ഷിക്കുന്നവർ ജീവിച്ചിരിക്കുന്നതിനെക്കാൾ കൂടുതലായി മരിച്ചവരാകുന്നു.

ഇക്ബാൽ സ്വീകരിച്ചിരിക്കുന്ന ആത്മാവിനു ക്ലിപ്തമായ ഉപാധികളൊന്നുമില്ല. അതു ആദർശപരമായ ഒരു സ്വഭാവത്തിൽ ദൃശ്യമാകുന്ന സ്വാഭാവികഗുണങ്ങളുടെ പേരാകുന്നു. അവ ആത്മസാക്ഷാൽക്കാരം, ആത്മപ്രകാശനം, ധൈര്യം, സ്വാതന്ത്ര്യശക്തി, ബഹുമാനബോധം, ആത്മബഹുമാനം, ഉൽകൃഷ്ടമായ ആദർശം, പ്രവൃത്തി എന്നിവയാകുന്നു. അതിന്റെ ഉദ്ദേശം ഭൗതികമായ ശക്തിസംവർദ്ധനമല്ല, ആത്മീയമായ അലങ്കാരമാകുന്നു. രാഷ്ട്രീയമായ അടിമത്തവും സാമ്പത്തികമായ അധഃപതനവും ഇതു സ്വീകരിക്കാൻ പ്രേരകമായിരുന്നു. ഇങ്ങനെ ഇതിന്റെ പരിശുദ്ധപ്രവർത്തനം, അവയ്ക്കെതിരായി അനസ്യൂതം ആയോധനം ചെയ്യുകയായി. ആവശ്യസാദ്ധ്യത്തിനായി അപരന്റെ മുമ്പിൽ നീട്ടപ്പെടു

ന്ന കരം, പ്രയോജകൻെറ ആത്മബഹുമാനത്തെ പരീതാപകരമാംവണ്ണം അധഃപതിപ്പിക്കുകയാണ് ചെയ്യുന്നതു്. ആ പ്രവൃത്തി മരണകരമായ ഒരു താഡനംപോലെയാണ് ആത്മാവിനനുഭവപ്പെടുന്നതു്.

ആത്മീയത്വം അഭിവൃദ്ധിപ്പെടുത്തുമ്പോൾ, മുസ്ലിംലോകത്തിൻെറ അധഃസ്ഥിതിയെപ്പററി അദ്ദേഹം ഓൎമ്മിച്ചിരുന്നു. അധഃപതിച്ച അധുനാതനനിലയും അഭിവൃദ്ധമായിരുന്ന പ്രാചീനകാലവും തമ്മിലുള്ള താരതമ്യപഠനം അദ്ദേഹത്തെ അതിരററ ഖേദിപ്പിച്ചു. മുസ്ലിംലോകത്തിൻെറ അധഃപതനം ആത്മവിഹീനതയുടെ ഫലമാണെന്നും, അവരുടെ പുനരുദ്ധാരണം പൂൎണ്ണമായും അതിൻെറ സമ്പാദനത്തെയാണ് ആശ്രയിച്ചിരിക്കുന്നതെന്നും അദ്ദേഹം വിശ്വസിച്ചു. പാശ്ചാത്യരാഷ്ട്രങ്ങൾക്കു, അവരുടെ പ്രാപഞ്ചികമായ അഭിവൃദ്ധിയിൽനിന്നു വ്യതിചലിച്ചല്ലാതെ, ആത്മാവിനെ, അതിൻെറ ശരിയായ ബോധത്തിൽ സൂക്ഷിക്കുവാൻ സാധിക്കുന്നതല്ല. പൌരസ്ത്യത്തെ അടിമപ്പെടുത്തിയതുകൊണ്ടും, അതിൻെറ രാഷ്ട്റീയവും സാമ്പത്തികവും ആത്മികവുമായ പ്രവൎത്തനങ്ങൾമൂലവും അവർ തന്നത്താനെ ഭീമമായ തടസ്സങ്ങളുടെ ശക്തിക്കു് ഇരയായി ഭവിച്ചിരിക്കയാണ്. ആഹാരത്തിനുപോലും പൌരസ്ത്യത്തെ ആശ്രയിക്കുന്ന ഭയങ്കരമായ പരാശ്രയികളാണവർ. ആത്മപ്രദായകമായ ആ ആത്മീയപ്രകാശത്തെ അവർ ഉപേക്ഷിച്ചുകളഞ്ഞു.

ഒരു രാഷ്ട്രത്തിനു ആത്മാവിനെ അഭിവൃദ്ധിപ്പെടുത്തുവാൻ, അതിൻെറ മുമ്പിൽ ഒരാദൎശം ഉണ്ടായിരിക്കേണ്ടതു വളരെ അത്യാവശ്യമാകുന്നു. അതിൽ

എത്തിച്ചേരാൻ ബഹുമാനപൂർവ്വമായ പ്രവർത്തനങ്ങളും ചെയ്യേണ്ടിയിരിക്കുന്നു. ആദർശരഹിതമോ അല്ലെങ്കിൽ സംന്യാസസരിത് പ്രവാഹത്തിൽ അതിൻെറ പ്രകാശം നഷ്ടപ്പെട്ടതോ ആയ രാഷ്ട്രങ്ങൾ അപകർഷത്തിൻെറ ഉപവാസം ആരംഭിക്കുകയാണു ചെയ്യുന്നതു്. എങ്കിലും എപ്പോഴും പുതിയ പുതിയ ആക്രമണങ്ങൾക്കുന്നംനോക്കുന്ന അഭിവൃദ്ധികരമായ രാഷ്ട്രങ്ങളുടെ സിരകളിൽ അതു് രക്തപ്രവാഹത്തെ സുരക്ഷിതമാക്കുന്നു. ജീവിതം അവൎക്കു നിരന്തരപ്രവർത്തനവും, സുസ്ഥിരമായ പ്രത്യാശയും, ബലമായി സമാരംഭിക്കുന്ന ഉറപ്പായ സ്നേഹവും, അവരെ വീണ്ടും ആഹ്വാനംചെയ്യാൻ കഴിയുന്ന ശക്തികൾക്കായുള്ള പരിശ്രമവുമാകുന്നു.

ഇക്ബാലിൻെറ ആത്മരാഹിത്യതത്വം അദ്ദേഹത്തിൻെറ ആത്മീയതത്വത്തെ അനുഗമിക്കുകയാണു് ചെയ്യുന്നതു്. അതിനു സൂഫികളുടെ ആത്മത്യാഗത്തോടൊ സന്യാസികളുടെ സർവ്വസംഗപരിത്യാഗത്തോടൊ ഒന്നുംതന്നെ പ്രവർത്തിക്കുവാനില്ല. അതു സാമാന്യമായ ഒരു കാരണത്തിനുവേണ്ടി സേവനം അനുഷ്ഠിക്കാൻ ഒരാളിൻെറ ആത്മാവിനെ സമുദായത്തിൽ ഉപേക്ഷിക്കുക എന്നുള്ളതാകുന്നു. ആത്മാവു വളരെ അഭിവൃദ്ധിപ്പെട്ടവരും, ദേശീയമായ അച്ചടക്കത്തെ അനുസരിക്കുന്നവരുമായ വ്യക്തികളാൽ വിനിൎമ്മിതമാകുന്ന സമുദായത്തിനൊ രാഷ്ട്രത്തിനൊ, പണ്ടത്തെ അറബികൾ ചെയ്തിട്ടുള്ളതുപോലെ, അതിൻെറ മുമ്പിൽ എന്തുംതന്നെ പ്രവർത്തിക്കാൻ കഴിയും. പ്രവൃത്തിയോടുള്ള പിരിയാത്ത പ്രതിപത്തിയാൽ, സ്വാതന്ത്ര്യത്തോടു, സത്യം, പരിശുദ്ധി, മാതൃകാജീ

വിതം, നേതൃബഹുമാനം, അനുസരണം എന്നിവ ക്കു് വേണ്ടിയുള്ള തീക്ഷ്ണതയെ സംയോജിപ്പിച്ചതിനാലാണ് ഏതാദൃശപ്രവൎത്തനത്തിൽ അവൎക്ക വിജയമകുടം ചാൎത്താൻ കഴിഞ്ഞതു്. അവരുടെ ആക്രമണപ്രവാഹം നൂററാണ്ടുകളോളം അഭിവൃദ്ധമായിരുന്നതും ഇതേ കാരണത്താൽതന്നെയാണു്. ഈ വിധമുള്ള വ്യക്തികഠം അവരുടെ സമുദായത്തിനു ശക്തിസമ്പാദനമാൎഗ്ഗമാകുന്നു. ഇതിനു പകരമായി, സമുദായവും രാഷ്ട്രവും അവരുടെ സ്ഥാനം ശക്തിപ്പെടുത്തുകയും, അവരുടെ നില സ്ഥിരപ്രതിഷ്ഠിതമാക്കുകയുമാണു ചെയ്യുന്നതു്.

പ്രവൃത്തിയുടെ പ്രധാന പ്രവൎത്തനാംഗമായ രാജ്യതന്ത്രം ഇക്ബാലിൽ സകൌതുകമായ അഭിനിവേശം ജനിപ്പിച്ചു. ഇതു് അദ്ദേഹത്തിൻെറ സാഹിത്യപ്രവൎത്തനങ്ങഠക്കു പിമ്പേയുള്ള അനുപേക്ഷണീയമായ് പ്രവൎത്തനശക്തിയാകുന്നു. അദ്ദേഹത്തിൻെറ രാഷ്ട്രീയമായ വീക്ഷണം ഗൌരവാവഹമായ വിവാദത്തിനും, കൎക്കശമായ വിമൎശനത്തിനും വഴി തെളിയിച്ചിട്ടുണ്ടു്. അതു ലോകത്തിനു പ്രദാനംചെയ്യപ്പെട്ടതു് ഒററപ്രവൃത്തിയാൽ സമാഹരിക്കപ്പെട്ട ക്ലിപ്തമായ ഒരു രാഷ്ട്രീയപദ്ധതിയുടെ രൂപത്തിലല്ല. അതിനു വിപ്ലവകരമായ ഒരു വളൎച്ചയാണുണ്ടായതു്. അദ്ദേഹം ജീവിതത്തിൽ പുരോഗമിച്ചതിനോടൊപ്പം തന്നെ, തൻെറ വ്യക്തിഗതമായ പരിശീലനങ്ങളുടെ വെളിച്ചത്തിൽ, അവ പരിശോധിക്കുകയും, പുനഃപരിശോധനകളുടെ ഫലമായി ക്രമേണ ശരിപ്പെടുത്തി, അവസാനം തൻെറ ഉപദേശങ്ങളെ പ്രതിഫലിപ്പിക്കുന്ന ഒരു പദ്ധതിയാക്കിത്തീൎക്കുകയുമാണ് ചെയ്തു

ത്തു്. ഇതു എല്ലാം നവീന രാഷ്ട്രീയപദ്ധതികളെയും ഉപേക്ഷിക്കയും, ഏതെങ്കിലും നിർദ്ദിഷ്ടരായ വ്യക്തികളുടേയോ കുടുംബത്തിന്റെയോ സമുദായത്തിന്റെയോ താല്പര്യങ്ങൾക്കുവേണ്ടിയല്ലാതെ, മഹത്തായ മനുഷ്യത്വത്തിന്റെ ഗുണത്തിനായി, ലൌകികമായ അധികാരങ്ങളോടൊപ്പംതന്നെ ആത്മികശക്തികളേയും ഔദ്യോഗികപ്രവൎത്തനങ്ങളെയും ഭരണകാരനിൽ നിക്ഷേപിക്കുന്ന ആദ്യത്തെ ഇസ്ലാമികഭരണരീതിയെ ഉയൎത്തിക്കാണിക്കുകയും ചെയ്തു. സ്വാഭാവികമായ നിശിതത്വത്തിൽ ഇക്ബാൽ ഡെമോക്രസി, ബോൾഷെവിസം, നാഷനലിസം ആദിയായവ പരിശോധിച്ചു. അവസാനം എല്ലാററിനെയും തന്റെ രാഷ്ട്രീയപദ്ധതിയുടെ ഗുണത്തിനുവേണ്ടി ഉപേക്ഷിക്കുകയും ചെയ്തു. 1905-ൽ ഇംഗ്ലണ്ടിൽ പോകുന്നതിനുമുമ്പു അദ്ദേഹം ദേശീയത്വത്തിൽ മുഴുകിയിരിക്കുകയായിരുന്നു. ഹിമാലയാ, തരാനായെ ഹിന്ദി, ഹിന്ദുസ്ഥാൻ, ബാവൻകാവൌമി, നയാഷിവാലാ ആദിയായ കവിതകളിൽ അതു പ്രതിഫലിക്കുന്നുണ്ടു്. പക്ഷെ ഇംഗ്ലണ്ടിലെ താമസത്തിനിടയിൽ അതിനെ വെറുക്കുകയാണു ചെയ്തതു്. അതിന്റെ പൈശാചികമായ സ്വാധീനതയാൽ, യൂറോപ്പു സൎവ്വദേശീയമായ ശത്രുത്വത്തിലും, അന്യോന്യമായ അവിശ്വാസത്തിലും, അതിരററ അസൂയയിലും മുഴുകിയിരിക്കുന്നതായി അദ്ദേഹം കണ്ടു. ലോകമഹാശക്തിയായി ഉയരുവാൻ മാത്രം കൊതിച്ചു, മനുഷ്യത്വംപോലും മറന്നു് വെടിപൊട്ടിക്കുന്ന വലിയ രാജ്യങ്ങൾക്കു, അവയുടെ അശക്തമായ അയൽരാജ്യങ്ങളിൽ പൈശാചികമായ അടയാളങ്ങളാണുള്ളതു്.

തന്നെക്കാറം എളിയവരോടടുത്തു സന്തോഷകരമായ ഒരു ശാപ്പാടിന്നു വകയുണ്ടാക്കാൻ ഓരോരുത്തരും ആഗ്രഹിക്കുന്നു. കാരിരുമ്പഴികളെ ഭേദിച്ചുകൊണ്ടു അപരൻെറമേൽ ചാടിവീഴാൻ ശ്രമിക്കുന്ന, ബദ്ധവും ഭയങ്കരവുമായ ഒരു വലിയ കൂട്ടം വന്യജന്തുക്കളുടെ ഭയാനകമായ കാഴ്ചയാണ് അവിടം പ്രദാനം ചെയ്യുന്നതു്. തത്ഫലമായി അദ്ദേഹത്തിൻെറ രാഷ്ട്രീയവീക്ഷണങ്ങളിൽ ഒരു വലിയ പരിവത്തനമുണ്ടായി. ഇതാണ് വാതാ്സിയാത്ത്ു് എന്ന കവിതക്കു പ്രേരകം.

ഇതേസമയത്തുതന്നെയാണ് അദ്ദേഹത്തിൻെറ നവീനവിശ്വാസപ്രഖ്യാപനമായ "താറാനായെമില്ലി" പ്രകാശിതമായതു്. അതു് ഇന്ത്യയിലെ അമുസ്ലിംകറക്കു് ഒരു വിസ്മയവും വിഭ്രാന്തിയും ഒക്കെയുണ്ടാക്കി. മുസ്ലിംജനസമുദായം ഭൂമിശാസ്ത്രപരമായ സീമകളിൽനിന്നും തികച്ചും സ്വതന്ത്രമാണെന്നും, അതിനുള്ളിൽ ഒരു മുസ്ലിംരാഷ്ട്രത്തിന്നു മറെറാന്നുമായി യാതൊരു വ്യത്യാസവുമില്ലെന്നുമാണ് അദ്ദേഹത്തിൻെറ അഭിപ്രായം.

ഇക്കബാലിനെ സംബന്ധിച്ചിടത്തോളം രാജ്യതന്ത്രത്തിൻെറ പ്രധാനമായ ഉദ്ദേശം മാനവസമുദായസേവനമായിരിക്കണം. അല്ലാതെ ഒരു ചെറിയ കൂട്ടം ആളുകളുടെ സാമ്പത്തികമായ പ്രവത്തനവും, ദാസ്യമനോഭാവവുമല്ല. വലിയവനെന്നും ചെറിയവനെന്നും വിഭജിക്കാതെ അതു് എല്ലാവരുടെയും അവകാശാധികാരങ്ങളെ സംരക്ഷിക്കണം. പക്ഷെ ഇപ്പോഴത്തെ രാജ്യതന്ത്രം, വ്യക്തികറതമ്മിലും രാഷ്ട്രങ്ങറ തമ്മിലും സ്പഷ്ടമായ പ്രത്യേകതയുണ്ടാക്കാനും,

സർവ്വദേശീയമായ ശത്രുത്വം വളർത്താനുമാണു ശ്രമിക്കുന്നതു്. ഇതിൻെറ കാരണം മതത്തിൽ നിന്നുമുള്ള അകൽച്ചയാണു്. തന്നിമിത്തം ശക്തമായ ഒരു നിയന്ത്രണശക്തി ഇല്ലാതെ പോകുന്നു.

ലോകമുസ്ലിംകൾക്കു അധുനാതനനിലപോലെ ഇത്ര ശോചനീയവും, അപകർഷകവും, അനാശാവഹവുമായ ഒരു കാലഘട്ടം ഉണ്ടായിട്ടില്ല. ചരിത്രത്തിൻെറ വശങ്ങൾ എത്രതന്നെ മറിച്ചാലും അവരുടെ ഭാവി ഇത്ര അന്ധകാരമയമായും അനിശ്ചിതമായും ഇരുന്നിട്ടുള്ളതായി കാണാൻ കഴിയുകയില്ല. അവരുടെ പരിഷ്കാരം മിക്കവാറും മറയാറായിക്കഴിഞ്ഞു; അവരുടെ സംസ്കാരം അപഹാസകരമായിത്തീർന്നു; അവരുടെ മതത്തിൻെറ പ്രഭ മങ്ങിത്തുടങ്ങി. ഇത്ര ഭയാനകവും അധഃസ്ഥിതവുമായ ഒരുകാലം അവർക്കിനി ഉണ്ടാകുവാനില്ല.

ഇന്നു പുതിയ തത്വജ്ഞാനികൾ നമ്മോടടുത്തുകൊണ്ടിരിക്കുകയാണു്. പുതിയ ചിന്തകൾ നമ്മെ പുളകുകയും, ജീവിതത്തിലും പ്രകൃതിയിലുമുള്ള നമ്മുടെ വീക്ഷണകോണങ്ങളെ മാററുകയും ചെയ്യുന്നു. ഇങ്ങനെ, കഴിഞ്ഞുപോയ ഏതെങ്കിലും കാലവുമായി താരതമ്യപ്പെടുത്തിനോക്കിയാൽ, നാം വളരെ ഗൗരവാവഹമായ ഒരു സ്ഥിതിയിലാണു് നില്ക്കുന്നതെന്നു കാണാം. നവീനമായ മതരാഹിത്യത്തിൻെറയും സന്മാർഗ്ഗവിഹീനതയുടെയും പ്രവാഹത്തിൽ നമ്മിൽ വളരെപ്പേർ ആപതിച്ചുകഴിഞ്ഞു. അതിൻെറ ഉദ്ദേശശൂന്യമായ തിരമാലകളിൽ തട്ടി തകിടംമറിയുകയാണവർ. ശേഷിച്ചവരും വളരെ സംശയാസ്പദമായ ഒരു നിലയിൽ സ്ഥിതിചെയ്യുകയാണു്. എല്ലാവ

രിലും കൂടുതലായി ഇതിൻെറ ഭവിഷ്യൽഫലം അനുഭവിക്കേണ്ടിയിരിക്കുന്നതു മുസ്ലിംയുവാക്കന്മാക്കാകുന്നു. അവർ തങ്ങളുടെ ഹ്രസ്വമായ പരിചയംമൂലം, അതിശീഘ്രം മാറിക്കൊണ്ടിരിക്കുന്ന ലോകത്ത് മനോഹരമെന്നു തോന്നിക്കുന്ന നവീനചിന്താഗതികളും പരിഷ്കാരത്തിനും വളരെവേഗം ഇരയായിഭവിക്കുന്നു. അവരുടെ യുവസഹജമായ നിൎമ്മലസ്വഭാവത്തോടൊത്ത അപക്വപരിജ്ഞാനം ഹേതുവായി, മറ്റപ്പെടാവുന്നതും എപ്പോഴും മാറിക്കൊണ്ടിരിക്കുന്നതും, മതനിബന്ധനകളാൽ നിയന്ത്രിതമല്ലാത്തതുമായ വിദേശീയവിചിന്തനങ്ങളുടെ സ്വാധീനശക്തി അവരെ സൽപന്ഥാവിൽനിന്നും വളരെ എളുപ്പം വ്യതിചലിപ്പിക്കുന്നു. ഈ ആശയങ്ങളുടെ സ്വീകരണം നമ്മുടെ വിശ്വാസത്തിൻെറ ചക്രവൎത്തിത്വത്തിനെ തിരസ്കുന്നു. തത്ഫലമായി നാം നമ്മുടെ മതം വിട്ടുകുന്നു അപകൎഷത്തിനധീനരായി. ഗെഥെയുടെ ഭാഷയിൽ, "പൊതുവിൽ നന്മയിലെം നല്ലതിലെം അല്ല," നാം ഇന്നു ജീവിക്കുന്നതു്. ചുററുമുള്ള വിഷമയമായ അന്തരീക്ഷത്തിൻെറ കനത്ത കണ്ണടകളാൽ നാം അന്ധന്മാരായിരിക്കയാണു്. നിസ്സഹായരായ നാം അധഃപതനത്തിൻെറയും അപകൎഷത്തിൻെറയും മാൎഗ്ഗത്തിൽ ദിവസേന ഓരോ അടി മുമ്പോട്ടു പോകുകയാണു്. നാം പരമാൎത്ഥത്തിൽ "മനുഷ്യൻ എപ്പോഴും സ്വന്തം ഉപദ്രവത്തേയും അശക്തിയേയും അധഃപതനത്തെയും എല്ലാററിലും കൂടുതലായി ആത്മനാശത്തെയും ഇഷ്ടപ്പെടുന്നു" എന്നുള്ള Dosoicky യുടെ അഭിപ്രായത്തെ അൎത്ഥവത്താക്കുകയാണു് ചെയ്യുന്നതു്. തൻെറ ഉജ്വലവും വികാരോത്തേജക

വുമായ ഗ്രന്ഥങ്ങളാൽ, നിർഭാഗ്യത്തിൻെറയും വിഷമതകളുടെയും എണ്ണമററ പാരാവാരങ്ങളിൽക്കൂടി മുന്നോട്ടു കപ്പലോടിച്ചുപോകാൻ സന്നദ്ധരാകത്തക്കവണ്ണം അദ്ദേഹം മുസ്ലിംയുവാക്കന്മാരിൽ പ്രവൎത്തനശക്തി ഉദ്ഭൂതമാക്കുന്നു. ഭാവിയെപ്പററി അവർ പ്രത്യാശയുള്ളവരായിത്തീരട്ടെ, അവരുടെ സിരകളിലെ രക്തം തിളച്ചുപൊങ്ങട്ടെ, ഉൽകൃഷ്ടമായ ജീവിതത്തിൻെറ നിരന്തരപ്രവൎത്തനത്തിനായി അവർ തന്നത്താൻ അൎപ്പിതരാകട്ടെ. അദ്ദേഹം യുവാക്കന്മാരെ തീക്ഷ്ണമായി ആഹ്വാനം ചെയ്യുകയും, അവരുടെ ജീവിതത്തിൽ നവീനമായ ഒരദ്ധ്യായം വിരചിക്കാൻ ആശംസിക്കുകയും ചെയ്യുന്നു. അവരുടെ കഴിഞ്ഞുപോയ ഭാസുരതയേയും മാഹാത്മ്യത്തേയും ഔന്നത്യത്തേയും വീണ്ടെടുക്കാൻ ശക്തമാകത്തക്കവണ്ണം, അവരുടെ ജീവിതത്തിലും പ്രവൃത്തിയിലും അത്ഭുതാവഹമായ ഒരു പരിവൎത്തനം ഉണ്ടാക്കാനും പരിശുദ്ധ ഇസ്ലാമിൻെറ പരിപാവനമായ മാതൃകകളാകാൻ ശ്രമിക്കുവാനും അഭ്യൎത്ഥിക്കുന്നു. ഇതിനായി അദ്ദേഹം ദൈവത്തോടു പ്രാൎത്ഥിക്കുന്നു:—

"ദൈവമേ, എൻെറ പ്രഭാതരോദനത്താൽ യുവാക്കന്മാർ സ്പൎശിതരാകട്ടെ. ഈ ചെറുപക്ഷികൾക്കു ചിറകുകൾ ഏററിയാലും. എൻെറ വീക്ഷണത്തെ അവർ തങ്ങളിൽക്കൂടി വ്യാപരിപ്പിക്കണമെന്നു മാത്രമാണു് എൻെറ ആഗ്രഹം."

ഇസ്ലാമിൻെറ ഭാവിയെപ്പററി ചിന്തിക്കുമ്പോൾ ഇക്ബാൽ ഒരു തികഞ്ഞ ശുഭാപ്തിവിശ്വാസിയാണു്. മുസൽമാന്മാരുടെ അഭ്യുത്ഥാനത്തിൽ അദ്ദേഹത്തിനു് ഇളകാത്ത വിശ്വാസവും സ്ഥായിയാ

യ ബോധവുമാണുള്ളതു്. വത്തമാനകാലം കോപ കലുഷിതമായ നയനങ്ങളാൽ നിരീക്ഷിച്ചാലും, നമ്മുടെ വീക്ഷണം എപ്പോഴും ഭാവിയിൽതന്നെ ഉറച്ചിരിക്കണം. എന്നാൽ തീച്ചയായും അതു പുഞ്ചിരിതൂകിക്കൊണ്ടു നമുക്കു സ്വാഗതമരുളുമെന്നു് അദ്ദേഹം അഭിപ്രായപ്പെടുന്നു.

"പ്രഭാപ്രകഷത്തിൽ അന്ധകാരം അന്തദ്ധാനം ചെയ്യാൻ നിബ്ബന്ധിതമാണു്. ഈ പൂങ്കാവനം ഇസ്ലാമികഗാനങ്ങളാൽ മുഖരിതമാകട്ടെ."

മുസ്ലിംകളുടെ ഗഹ്ണീയമായ ഇന്നത്തെ അവസ്ഥയിൽ നിരാശരായിത്തീന്നവരോടു, വത്തമാനം എതിക്കുകയും നിഷേധിക്കുകയും ചെയ്യുമെങ്കിലും, അവരുടെ ഭാവി ശ്ലാഘനീയമായിരിക്കുമെന്നു വിശ്വസിക്കുവാൻ ഇക്ബാൽ ആവശ്യപ്പെടുന്നു.

"തുലിപ്പുപുഷ്പത്തിന്റെ വികസനത്തിൽ നിങ്ങാം നിരാശപ്പെടേണ്ട. നമ്മുടെ ജീവിതതരു ഇന്നും ഹരിതവണ്ണപ്രശോഭിതം തന്നെയാണു്."

നമുക്കു ഇസ്ലാമികസിദ്ധാന്തങ്ങളിൽ പ്രായോഗികമായ പരിജ്ഞാനം സിദ്ധിക്കുകയാണെങ്കിൽ, പൂവ്വികരുടെ അജയ്യമായ ശക്തിവിശേഷത്താൽ നാം പ്രചോദിതരാകുമെങ്കിൽ, പ്രവത്തനരംഗം സ്വന്തവും വിജയം ഹസ്തഗതവുമാകുമെന്നുള്ളതു നിസ്തക്കമാണു്. അപ്പോഴാണു് രാജകീയവിഹഗങ്ങാം കളഗാനവും പൊഴിച്ചുകൊണ്ടു ചിറകുകാം വിടുത്തി, നമ്മുടെ മുകളിൽ പറന്നുല്ലസിക്കുന്നതു്. ഇതിനുവേണ്ടിയുള്ള് ഉപദേശസമ്പാദനത്തിനായി മുസ്ലിംകാം ഇക്ബാലിനെ സമീപിക്കാൻ ഉദ്ദേശിച്ചുകൊണ്ടു, മു

മ്പെ പ്രസ്താവിച്ച ആശയങ്ങളെ വ്യക്തമാക്കത്തക്ക വിധത്തിലുള്ള അഭിപ്രായങ്ങൾ അദ്ദേഹം പല സ്ഥലത്തും പറയുന്നുണ്ട്. അദ്ദേഹത്തിൻെറ കൃതികളിലെല്ലാം പ്രത്യാശയുടെയും വാഗ്ദാനത്തിൻെറയും ഭാവുകാശംസകളുടെയും പ്രകാശം പരന്നിരിക്കുന്നതായി കാണാവുന്നതാണ്. വ്യക്തിഗതമായ ജീവിതത്തിൽ, ഇസ്ലാമികസിദ്ധാന്തങ്ങളുടെ അമൂല്യമായ ഗുണവിശേഷങ്ങളെ മനസ്സിലാക്കാനും തന്നത്താൻ ഗുണവാന്മാരും മഹാന്മാരുമായിത്തീരാനും ഇക്ബാൽ യുവാക്കളോട് പറയുന്നു. ഈ വിധത്തിൽ പ്രവത്തിക്കുവാൻ സാധിക്കുമെങ്കിൽ, അവക്ക് ലോകത്തിലെ ഏററവും വലിയ ആളുകളായിത്തീരാൻ കഴിയുമെന്ന് അദ്ദേഹം ഉറപ്പുകൊടുക്കുന്നു. പരിശുദ്ധപ്രവാചകൻെറ ജീവിതരീതികളെ നാം സൂക്ഷ്മം നിരീക്ഷിക്കണമെന്നും, ഏതിലും അതിനെ പിന്തുടരണമെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. ആകാശവും ഭൂമിയും വിറപ്പിച്ച പുരാതനമുസ്ലിംകൾ ഇസ്ലാമിൻെറ യഥാത്ഥ പ്രകാശകനായ നബി(സ)യുടെ ചര്യകളെ അനുസരിച്ചതുകൊണ്ടു മാത്രമാണ് വിജയികളായിത്തീന്നത്. അതുപേക്ഷിച്ചതിൽ നമ്മെ കുററപ്പെടുത്തുകയും നമ്മുടെ അധഃപതനം അതിനെ വിസ്മരിച്ചതുകൊണ്ടു മാത്രമാണെന്നു വ്യക്തമാക്കുകയും ചെയ്യുന്നു.

"വിശുദ്ധപ്രവാചകൻെറ ചര്യകളെ ഇസ്ലാമികരാഷ്ട്രം ഉപേക്ഷിച്ചപ്പോൾ, ജീവിതരഹസ്യം അതിനു വിനഷ്ടമായി." ഇന്നത്തെ പുതിയ സംസ്കാരം ഇസ്ലാമികസംസ്കാരത്തിൻെറയും, പരിഷ്കാരത്തിൻെറയും പരമശത്രുവാകുന്നു. ഈ ലോകത്ത് അതിൻെറ ഉദ്ദേശം തികച്ചും ഭൗതികപരമായതിനു പുറമെ, അതു

നേടാൻവേണ്ടി മനുഷ്യത്വമില്ലായ്മയുടെയും വ്യാജത്തിൻെറയും മാർഗ്ഗങ്ങളെ ഉണ്ടാക്കുകയും ചെയ്യുന്നു. നേരെമറിച്ച്, ഇസ്ലാം, മതപരമായ കാര്യങ്ങളിൽ മാത്രമല്ല, ലൗകികമായ പ്രവൎത്തനങ്ങളിലും പരിപൂൎണ്ണത പ്രാപിക്കാവുന്ന ആ ശരിയായ വഴികളെ അതിൽതന്നെ കൂട്ടിച്ചേൎക്കുന്നു. ഇസ്ലാമിൻെറ ഈ ഉൽകൃഷ്ടമായ ഉപദേശങ്ങളെ ഉപേക്ഷിക്കുന്നവരോടായി ഇക്ബാൽ പറയുന്നു:

"നിങ്ങൾ നിങ്ങളുടെ ബാക്സ് മരത്തെ വകവയ്ക്കാതെ (കാമുകിയുടെ സുന്ദരരൂപവുമായി താരതമ്യപ്പെടുത്തിക്കൊണ്ടു) സയ്പ്രസ്സ് വൃക്ഷം അതിനെക്കാൾ ഉൽകൃഷ്ടമെന്നു കരുതുന്നു."

ഫലങ്ങളെ സംബന്ധിച്ചിടത്തോളം ആലോചനയില്ലാത്ത യുവജനങ്ങളെ വളരെ വേഗം ആകൎഷിക്കാൻ തക്കവണ്ണം സുന്ദരമാണ് ഈ പുതിയ പരിഷ്കാരത്തിൻെറ ബാഹ്യമായ ശോഭയും മിനുമിനുപ്പും. പക്ഷെ അതിൽ മറഞ്ഞിരിക്കുന്ന ദോഷങ്ങളെയും അതിൻെറ അടിസ്ഥാനത്തെയും മനുഷ്യത്വവിഹീനമായ അതിൻെറ രഹസ്യങ്ങളെയും പററി ഇക്ബാലിനറിയാം.

"ജലത്തിൻെറ സ്ഫടികാഭയും മരുമരീചികയും തമ്മിലുള്ള വ്യത്യാസം അറിയുന്നവർ വിരളംതന്നെ. ഒരു വിപ്ലവം ആവിൎഭവിക്കട്ടെ! ഒരു മഹാപരിവൎത്തനം ഉദ്ഭൂതമാകട്ടെ!"

മാനുഷികബോധവിചിന്തനത്തെ, നമ്മുടെ ആത്മാവിനെയും സ്വഭാവത്തെയും ഉൽകൃഷ്ടമാക്കാൻ സഹായിക്കുന്നതിനാൽ അതിൻെറ ശുദ്ധമായ സ്വഭാവം പൂൎണ്ണമായി ഉപേക്ഷിച്ചുകൊണ്ടു, നാം തീൎച്ച

യായും സ്വീകരിക്കേണ്ടതാകുന്നു. ഒരു യഥാൎത്ഥജീവിതം ആത്മീയാവകാശബോധത്തിലും, ആത്മബഹുമാനത്തിലും, ഏതു ബാഹ്യമായ സ്വാധീനതകളുടെയും മോചനത്തിലുംകൂടി മാത്രമേ നയിക്കാൻ കഴിയുകയുള്ളു. കൂടുതലായി ഈ ഗുണങ്ങളിൽകൂടിത്തന്നെയാണു് ജീവിതം പ്രത്യക്ഷപ്പെടുന്നതും. ഇക്ബാൽ പറയുന്നു:—

"മാനുഷികബോധ ചിന്തനമെന്നു പറയുന്ന ആ പ്രകാശപ്രസരം നമ്മുടെ ശരീരത്തിലമന്നിരിക്കുന്ന ജീവിതസ്ഥലിംഗമാകുന്നു."

ആത്മബഹുമാനത്തെ ഏതിലും കൂടുതലായി ഇക്ബാൽ ബലപ്പെടുത്തുന്നു. ആവശ്യം ഏത്രതന്നെ കൂടുതലും അനുപേക്ഷണീയവുമായിരുന്നാലും ശരി, ഒരു യഥാൎത്ഥമനുഷ്യൻ ദൈവത്തോടല്ലാതെ മററാരോടും ഒരു കാൎയ്യവും യാചിക്കുകയില്ലെന്നു് അദ്ദേഹം പറയുന്നു.

"നന്നാക്കിക്കിട്ടാൻ യാചിക്കുന്നതിനെക്കാഠം ഉടഞ്ഞ സാധനംതന്നെ സൂക്ഷിക്കുന്നതാണു് നല്ലതു്. പക്ഷവിഹീനരായ വിഹഗങ്ങളേ, മൃഗഗണങ്ങളുടെ രാജാവും പ്രവാചകനുമായ സുലൈമാനോടുപോലും നിങ്ങഠം ചിറകുകഠംക്കുവേണ്ടി അൎത്ഥിച്ചുപോകരുതു."

എപ്പോഴും പരാശ്രയത്തിനുള്ള മാൎഗ്ഗങ്ങളെപ്പററി ചിന്തിച്ചുകൊണ്ടിരുന്നാൽ ഒരു മനുഷ്യനു മഹാനായിത്തീരാൻ സാധിക്കയില്ല. ജീവിതസമരത്തിൽ വിജയംനേടുവാനായി, യഥാൎത്ഥമായ ശക്തി സൃഷ്ടിക്കുവാനായി, നിഗൂഹിതങ്ങളായ ശക്തികളെയും അന്തർകിടക്കുന്ന കഴിവുകളെയും ഉയൎത്തുന്നവനാകുന്നു യഥാൎത്ഥമനുഷ്യൻ.

മേൽ പ്രസ്താവിച്ച അഭിപ്രായത്തെ ഒന്നുകൂടി വ്യക്തമാക്കുവാനായി, ഇക്ബാൽ അവരുടെ മുൻഗാമികളുടെ ഉൽകൃഷ്ടമായ ഹൃദയത്തെയും സമുന്നതമായ സ്വഭാവത്തെയും ആധുനികമുസ്ലീംകളെ ഓർമ്മപ്പെടുത്തുന്നു. ചരിത്രം പ്രധാനപ്പെട്ട ഒരു വിജ്ഞാനശാഖയാണ്. ഇപ്പോൾ അധഃപതിച്ച് അടിമത്തം അനുഭവിക്കുന്ന ഒരു രാഷ്ട്രത്തിൻെറ മഹത്വത്തെ അത് പ്രവൃദ്ധമാക്കുന്നു. അദ്ദേഹം ഇസ്ലാമികചരിത്രത്തെ വളരെ പ്രശംസിക്കുന്നുണ്ട്. അത് നാം അവഗാഢമായും സൂക്ഷ്മമായും പഠിക്കാൻ അദ്ദേഹമാഗ്രഹിക്കുന്നു. അത് ഒരു താരതമ്യപഠനത്തിനു സഹായിക്കും. നമ്മുടെ ദോഷങ്ങളെയും അശക്തമായ വശങ്ങളെയും കണ്ടുപിടിക്കാനും യഥാവസരം പ്രതിവിധി ചെയ്യാനും സാധിക്കും. നേരെ മറിച്ച കാര്യങ്ങൾ ഇങ്ങനെ തുടന്നുകൊണ്ടിരുന്നാൽ നാം അജ്ഞാതമായ ഒരു തലമുറയായിത്തീരുകയില്ലെന്ന് ആർക്കു പറയാൻ കഴിയും?

"മനുഷ്യൻ തന്നെപ്പററിപ്പോലും അറിയാതിരിക്കെ, ചരിത്രമെന്നാൽ എന്താണ്? അതു പണ്ടത്തെ കള്ളക്കഥകളല്ലേ?

അതു നിങ്ങളിൽ നിങ്ങളെപ്പററി ഒരു ബോധമുളവാക്കുകയും, നിങ്ങളുടെ പ്രവൃത്തികളുടെ രഹസ്യത്തെ വെളിവാക്കുകയും, നിങ്ങളെ നേർമാർഗ്ഗത്തിൽ കൂടി ചരിപ്പിക്കുയും ചെയ്യുന്നു. നിങ്ങളുടെ ഭൂതകാലത്താൽ വിനിർമ്മിതമായതാണ് വർത്തമാനം; നിങ്ങളുടെ ഭാവി വർത്തമാനത്തെ ആശ്രയിച്ചിരിക്കയാണ്."

ഇസ്ലാമിൻെറ സൎവ്വദേശീയത്വത്തിന്ന വളരെ എതിരായ ദേശീയമായ ചിന്തയ്ക്കു് ഇക്ബാൽ എതിരാണു്. ഡാക്ടർ നിക്കൽസനു് എഴുതിയ എഴുത്തുകളിലൊന്നിൽ അദ്ദേഹം ഈ ചിന്തയെ ആവിഷ്ക്കരിക്കുന്നു.

"മനുഷ്യസമുദായത്തിനു് സൎവ്വദേശീയത്വത്തിൻെറയും സാഹോദൎയ്യത്തിൻെറയും വഴിയിൽ ഏററവും വലിയ തടസ്സമായിരിക്കുന്ന, വൎണ്ണത്തിൻെറയും വിശ്വാസത്തിൻെറയും ചിന്തയ്ക്കെതിരായി ഇസ്ലാം എപ്പോഴും വിജയിക്കുന്നു." തങ്ങളുടെ ബഹുമാന്യമായ രാജ്യങ്ങളിലും മതത്തിലും ഒരുപോലെ ബന്ധമുറപ്പിക്കാൻ ശ്രമിക്കുന്നവരെ ഇതുകൊണ്ടാണു് ഇക്ബാൽ പ്രതികൂലിക്കുന്നതു്.

"എല്ലാം നവീനദൈവതങ്ങളിലും വെച്ചു് ഏററവും ഉൽകൃഷ്ടമായതു് രാജ്യമാകുന്നു. പക്ഷെ അതിൻെറ കഞ്ചുകം മതത്തിന്ന മരണകരമായ തള്ളലാണു്."

ഇവിടെ, ഇക്ബാൽ തുൎക്കിയിലെ ദേശീയകവിയായ നാമിക്കു് കമാൽബെയോടും, ഈജിപ്റ്റിലെ ദേശീയകവിയായ ഷെയിക്കുസ്സലാമാ ഹിജാസിയോടും യോജിക്കുന്നില്ല. ഇക്ബാലിൻെറ ചിന്ത വിശാലമായ ഇസ്ലാമികമാണു്. അതു ദേശീയത്വത്തിൻെറ ഇടുങ്ങിയ വലയത്തിന്നുള്ളിൽ അടച്ചുനിറുത്താവുന്നതല്ല.

ആഭാസത്തിൻെറയും അശക്തിയുടെയും ഒരു പ്രതിഫലനംപോലെ "അക്രമരാഹിത്യ"സിദ്ധാന്തത്തെ അദ്ദേഹം വെറുക്കുകയും, അതു മുസൽമാൻെറ

ധൈര്യത്തെ കെടുക്കുന്നതാണെന്നു വിചാരിക്കുകയും ചെയ്യുന്നു.

"ഒരു ശക്തനായ മനുഷ്യനെ വാളും പരിചയുമായി അപരിചിതനാക്കുന്ന ഈ വിജ്ഞാനവും വീക്ഷണവും ഒരു വയ്ക്കോൽതുരുമ്പിനൊപ്പംപോലും വിലമതിക്കത്തക്കതാണെന്നു ഞാൻ കരുതുന്നില്ല."

ഒരു യഥാർത്ഥശക്തി, സ്വാതന്ത്ര്യം യാചിക്കയില്ലെന്നു അദ്ദേഹം പറയുന്നു. പിന്നെ തീർച്ചയായും വാളിന്റെ വശത്തേയ്ക്കാണ് കൂടുതൽ അടുക്കേണ്ടിയിരിക്കുന്നതു്. അതിന്റെ പ്രയോക്താവിനുവേണ്ടി സ്വാതന്ത്ര്യവും, സ്വതന്ത്രമായ അന്തരീക്ഷവും ജയിച്ചെടുക്കുന്നതു വാളാണ്. ഈ പ്രകൃതിവിരുദ്ധമായ വിശ്വാസം (അക്രമരാഹിത്യം) മുസ്ലിംകൾക്കും യോജ്യമാണെന്നു വിചാരിക്കുന്ന നേതാക്കന്മാരോടു അദ്ദേഹം പറയുന്നു:

"നിർമ്മാതാവ് ആ ശില തെററിച്ചാണിട്ടിരിക്കുന്നതു്. അദ്ദേഹം യുവവിഹഗങ്ങൾക്കു മാടപ്രാവിന്റെ സ്വഭാവം വളർത്തുവാനാണ് ശ്രമിക്കുന്നതു്".

യുവയോദ്ധാവിനെ തയ്യാറാക്കുന്നതിൽ വ്യാപൃതനായിരിക്കുന്ന ഇക്ബാൽ എല്ലാം സംഗതികളും അവനെ സ്പർശിച്ചുകൊണ്ടാണു പറയുന്നതു്. ധൈര്യവും പൌരുഷവും ലക്ഷ്യമായിരിക്കേണ്ട വിദ്യാഭ്യാസത്തിന്റെ ഇന്നത്തെ പദ്ധതി, ഭീരുത്വം പഠിപ്പിക്കുകയും നാശകരമായ കണ്ണികളെ ജീവിതശൃംഖലയിൽ കൂട്ടിച്ചേർക്കുകയുമാണു ചെയ്യുന്നതു്.

"ദൈവമേ, പക്ഷിക്കുഞ്ഞുങ്ങൾക്കു പ്രവർത്തനമില്ലായ്മയുടെ പാഠങ്ങൾ പറഞ്ഞുകൊടുക്കുന്ന ഇന്നത്തെ അദ്ധ്യാപകന്മാർക്കെതിരായി എനിക്കു വളരെ പരാതികൾ പറയുവാനുണ്ട്."

അദ്ദേഹം പിന്നെയും മുമ്പോട്ടു പോയി, ഈ വിദ്യാഭ്യാസരീതി അടിമത്വത്തിൻെറ ബന്ധനത്തെ ബലപ്പെടുത്തുകയാണെന്നും, മനുഷ്യൻെറ മഹത്വവും ഉന്നതിയും നശിപ്പിക്കുകയാണെന്നും അഭിപ്രായപ്പെടുന്നു:

"അതു ഹൃദയാന്തർഭാഗത്തുനിന്നും സ്വാഭാവികമായ പ്രകാശത്തെ കഴുകിക്കളഞ്ഞു. അതിൻെറ ശാഖകളിൽ മോഹനകുസുമങ്ങൾ വിടരുകയില്ല".

1928-ൽ പ്രസിദ്ധീകൃതമായ "ഇസ്ലാമിക വിശ്വാസം" എന്ന ഗ്രന്ഥത്തിൽ സർ തോമസ് ആർനോൾഡ്, ഇക്ബാലിൻെറ "മോഡേൺ ഡെമോക്രസി"യെപ്പററിയുള്ള വിചിന്തനത്തെ ഇങ്ങനെ പ്രകാശിപ്പിക്കുന്നു:

"മുസ്ലിംകളുടെ പരിപൂർണ്ണമായ ആത്മീയാവകാശബോധത്തിൻെറ സമുദ്ധാരണത്താലും, സ്വഭാവസമുൽക്കർഷത്താലും മാത്രം ഗ്രഹിക്കാൻ കഴിയുന്ന വിശുദ്ധപ്രവാചകൻെറ ഉപദേശങ്ങളിൽ മാത്രമേ ആദർശപരമായ ഒരു ഭരണരീതി കാണുവാൻ സാധിക്കുകയുള്ളു എന്നാണ് ഇക്ബാൽ വിശ്വസിക്കുന്നതു."

ഈ തത്വം വെച്ചുകൊണ്ടു പരിശോധിക്കുമ്പോൾ, ഇപ്പോഴത്തെ 'ഡെമോക്രസി' വളരെ അധഃപതിച്ചു പോകുന്നു. ഇന്നത്തെ ഡെമോക്രാററിക്ക് ആശയങ്ങളാൽ യുവാക്കന്മാർ ചതിക്കപ്പെട്ടിരിക്കുകയാണ്. ഇതാണ് ഏററവും നല്ല ഭരണരീതി എന്നും അവർ വിചാരിക്കുന്നുണ്ടു്. ഇക്ബാൽ ഇതിനെ പ്രതികൂലിക്കുകയും, റിപ്പബ്ലിക്ക് എന്നു പറയുന്ന ഭരണരീതി സ്വേച്ഛാധികാരത്തിൻെറ തനിപ്പകർപ്പാണെന്നും,

അവിടെയും ധനികത്വത്തിനുതന്നെയാണ് കൗൽകൃഷ്ടുമെന്നും, തൊഴിലാളികൾ അന്തമില്ലാത്ത അടിമത്വത്തിലും അധഃപതനത്തിലുംതന്നെയാണ് ആണ്ടുകിടക്കുന്നതെന്നും തെളിയിക്കുകയും ചെയ്യുന്നു.

പ്രകടമായ വാസന, ഉൽകൃഷ്ടമായ ഉദ്ദേശം, നിശ്ചയദാർഢ്യം ഇവയാണ് മഹത്വസമ്പാദനത്തിനുള്ള ഉപാധികളെന്നു ഒരു ആംഗലഗ്രന്ഥകാരൻ വിവരിക്കുന്നു. ഇതിൽ ഉൽകൃഷ്ടമായ ഉദ്ദേശമാണ് പ്രാധാന്യം വഹിക്കുന്നതെന്നും പ്രസ്താവിക്കുന്നു. ഉദ്ദിഷ്ടസ്ഥാനം അനിശ്ചിതമായിരുന്നാൽ അഭിവൃദ്ധിയുണ്ടാകുകയില്ലെന്നു മാത്രമല്ല, ജീവിതത്തിൻെറ അർത്ഥവും വിലയുംതന്നെ ഇടിഞ്ഞു പോകുന്നതുമാണ്.

"നാം നമ്മുടെ ഉദ്ദേശങ്ങൾക്കുവേണ്ടി ജീവിക്കുകയും, ആശാകിരണങ്ങളാൽ പ്രശോഭിക്കുകയും ചെയ്യുന്നു."

ഇക്ബാലിൻെറ മനുഷ്യസംബന്ധമായ ആദർശം വളരെ ഉയന്നതാണ്. അതു ഒരു യഥാർത്ഥമുസ്ലീമിൻെറ, ഇരുലോകസൌന്ദര്യത്തിലും ആഹ്ലാദിക്കാൻ കഴിയുന്നതായ ആദശമാകുന്നു.

"ജീവിതമെന്നാൽ എന്താണ്? അതു നിന്നിൽതന്നെ ഈ ലോകത്തെ അമർത്തുക എന്നാണ്. പക്ഷെ, നിങ്ങൾതന്നെ അതിനു അടിമയായിരുന്നാൽ ഇതെങ്ങിനെയാണ് സാധിക്കുക? സൂര്യചന്ദ്രന്മാർ നിങ്ങളോടെങ്ങനെയായിരിക്കേണമെന്നു തീർച്ചപ്പെടുത്തിക്കഴിഞ്ഞു. എങ്കിലും നിങ്ങളിപ്പോഴും അതിനെപ്പററി അജ്ഞരായിരിക്കുകയാണെങ്കിൽ അതെങ്ങിനെയാണു നടക്കുന്നതു്."

അദ്ദേഹത്തിൻെറ വരികളിൽ പ്രതിധ്വനിക്കു

ന്നതുപോലെയുള്ള, പ്രവൃത്തിയുടെ സീമാതീതമായ ചക്രവാളങ്ങളേയും മനുഷ്യപ്രവത്തനത്തിൻെറ അഗാധമായ സാഗരങ്ങളേയും പററിയുള്ള പ്രസ്താവനകാം പുറപ്പെടുവിക്കത്തക്ക വൈഭവം പക്ഷെ ഒരു കവിക്കും കണ്ടില്ലെന്നു വരാം.

"ലൊകത്തിൽ ഹിമവാനോളം ഉയരുക; മഹത്വത്തിൻെറ മഞ്ജുളാഭയെ നിങ്ങാം പ്രകാശിപ്പിക്കുക."

ഈ ഉന്നതമായ ആദശ്ങ്ങാം സമാഹരിച്ചുകൊണ്ടു മനുഷ്യഹൃദയങ്ങളിൽ നിദ്രകൊള്ളുന്ന വിപുലതയുടെയും വിസ്തീർണ്ണതയുടെയും ശക്തികളെ ഇളക്കിവിടാനാണ് ഇക്ബാൽ ഉദ്ദേശിക്കുന്നതു്. പക്ഷെ അദ്ദേഹം വെറുമൊരു ആദശ്വാദിയായ തത്വജ്ഞാനിയായിരുന്നില്ല. മഹത്തായ പ്രത്യാശയാലും, നിരന്തരപ്രവത്തനത്താലും, ശീഘ്രമായ ഗതിയാലും മാത്രം യഥാത്ഥീകരിക്കാവുന്നതായ ആദശ്ങ്ങളെ പ്രാപിക്കാൻവേണ്ടി പ്രവത്തനം ചെയ്യാനുള്ള ചുമതല അദ്ദേഹം നമ്മിൽ നിക്ഷിപ്തമാക്കിയിരിക്കയാണു്. പ്രവത്തനരഹിതമായ ജീവിതം അത്ഥശൂന്യമാണെന്നാണു അദ്ദേഹത്തിൻെറ അഭിപ്രായം. ജീവിതത്തിൻെറ ഏററവും ശരിയായ വിവരണം, മഹത്തും ഉൽകൃഷ്ടവുമായ ആദശ്ങ്ങളെ, അക്ഷീണമായും നിർഭയമായും നിരന്തരമായും പിന്തുടരുക എന്നുള്ളതാണു്.

"ജീവിതരഹസ്യം അന്വേഷണത്തിനായി നിഗൂഹനം ചെയ്തിരിക്കുന്നു. അതിൻെറ വേരു് ആശയിൽ മറച്ചിരിക്കുകയാണു്."

ആദശ്സംപ്രാപ്തിയിൽ യുവജനങ്ങാം ഭയപ്പെടുകയോ സംശയിക്കയോ ചെയ്യരുൻ പാടില്ല. ഉൽകൃ

ഷ്ടമായ ഫലം നേടുവാനായി അവർ പ്രവൎത്തനം കൊണ്ടുപുരോഗമിക്കണം. നിരാശയ്ക്കടിമപ്പെട്ടു ധൈൎയ്യമില്ലാതെ കഴിയുന്നവരോടു് ഇക്ബാൽ പറയുന്നു:

“നിരാശയാൽ ഭരിതമാക്കപ്പെട്ട മനുഷ്യരെ, നിങ്ങൾ പരിശുദ്ധ പ്രവാചകനിൽനിന്നും ‘സങ്കടപ്പെടുകയില്ല’ എന്ന പാഠം സ്വീകരിക്കുക.”

ഇക്ബാലിനെ സംബന്ധിച്ചിടത്തോളം ജീവിതവും യുദ്ധവും സാൎത്ഥകപദങ്ങളാണു്. അതിൽനിന്നും അകന്നുപോയ പ്രവൎത്തനം ഒരിക്കലും പൂൎണ്ണമല്ല. എത്രതന്നെ കാത്തിരുന്നാലും ഫലപ്രാപ്തി ഉണ്ടാകുകയുമില്ല. ഈ അഭിപ്രായപ്രകാശനത്തിനായി എത്ര തീവ്രമായിട്ടാണു് അദ്ദേഹം പറയുന്നതു്.

“നീ പരിശുദ്ധസ്നേഹാന്വേഷിയായ ഒരനാമികനാണു്. ഉച്ഛിഷ്ടസ്ഥാനത്തുപോലും “തങ്ങു” വാൻ നീ ശ്രമിച്ചുകൂടാ. കാമുകിയായ ലൈലാ, ‘മഹ്മിലി’ (ഒട്ടകത്തിന്റെ മുകളിൽ സ്ത്രീകൾക്കിരിക്കുവാനായി ഉണ്ടാക്കുന്ന കൂടാരം) നകത്തിരിക്കുകയാണെങ്കിലും നീ അതു സ്വീകരിക്കരുതു്.”

“അല്ലയോ ചെറുകല്ലേ, നീ ഗംഭീരവും ഭയങ്കരവുമായ ഒരു നദമായി സ്വയം വിസ്തൃതമാകുക. നീ കരയിലെത്തിച്ചേരുകയാണെങ്കിൽ, അപ്പോഴതിനെ സ്വീകരിക്കാൻ ശ്രമിച്ചുപോകരുതു്.”

ഇരുലോകങ്ങളിലേയും മാഹാത്മ്യത്തിനും ശ്രേഷ്ഠതയ്ക്കും പുറമെ, ഒരിക്കലും തൃപ്തിപ്പെടാത്ത മനഃസ്ഥിതിയോടുകൂടി എപ്പോഴും കഴുകനെപ്പോലെ പ്രവൎത്തിക്കുന്ന ഒരു ജീവിതം യുവാക്കൾക്കായി അദ്ദേഹം ആവശ്യപ്പെടുന്നു. ഇതു് കുറെക്കൂടെ വ്യക്തമാക്കുവാനായി ധാരാളം സൂചനകൾ അദ്ദേഹം തന്റെ

ഗ്രന്ഥങ്ങളിൽ നൽകിയിട്ടുണ്ട്. അദ്ദേഹത്തിൻെറ പ്രധാനകൃതികളിൽ ഒന്നായ “അസ്രാറെഖുദി” യിൽ, ഈ വിധത്തിലുള്ള “ആലംഗീരിൻെറയും കടുവായുടെയും കഥ” ഏററവും ശക്തിമത്തായതാണ്. അതിൻെറ അവസാനവരികാം ഇങ്ങനെയാണ്.

‘മായനായ മനുഷ്യാ, നീ ഒരു ഹൃദയം ഉണ്ടാക്കുകയും, കാമുകിയുടെ ആസ്ഥാനമാകുകയും ചെയ്യേണ്ടിയിരിക്കുന്നു.”

ബാഹ്യമായ മൃഗതൃത്തിൻെറ യഥാർത്ഥപ്രകാശനവും, ആത്മസംപ്തിയുടെ പ്രദീപ്തി നിറഞ്ഞതുമായ ഒരു ഹൃദയം നിശ്ചയമായും അഭിവൃദ്ധിപ്പെടുമെന്നാണ് ഇതിൻെറ അർത്ഥം. കുറച്ച് പ്രയത്നിച്ച് കൂടുതൽ സുഖിക്കുന്ന ആദശം ഇക്ബാൽ ഇഷ്ടപ്പെടുന്നില്ല. ഇവിടെയാണ് നമ്മുടെ അധഃപതനത്തിൻെറ മുഖ്യമായ കാരണം സ്ഥിതി ചെയ്യുന്നതു്. അദ്ദേഹം ജീവിതമെന്നുദ്ദേശിക്കുന്നതു്, മഹത്തായ ഉദ്ദേശ്യസാദ്ധ്യത്തിനായി മാഗ്ഗവിഘ്നം വരുത്തുന്ന തടസ്സങ്ങളെ എതിത്തുകൊണ്ടുള്ള നിരന്തരപ്രവത്തനത്തെയാകുന്നു. എത്രമാത്രം വികാരാവേഗത്തോടുകൂടിയാണ് അദ്ദേഹം പറയുന്നതെന്നു നോക്കുക.

“നദിയുടെ കരയിൽ എത്തിച്ചേന്ന മനുഷ്യാ, നീ ഉണരുക. ഭയങ്കരമായ ചുഴികളും മുതല മുതലായ ആപൽക്കാരികളായ ജന്തുക്കളുമായി നിനക്ക് ഇനിയാണ് യുദ്ധം ചെയ്യേണ്ടതു്.

ആ കല്ലിൽ ധാരാളം രക്തം അവശേഷിക്കുന്ന കാലത്തോളം, ചുററികയുടെ പ്രവത്തനം അവസാനിപ്പിക്കുന്നതു ബുദ്ധിപൂവ്വമല്ലല്ലോ.”

ഓരാശയത്തിനു വളരെക്കുറച്ചുമാത്രം സേവനം ചെയ്യുന്നവർ ഉദ്ദേശസിദ്ധിയിൽ പരാജയമടയുന്നു. ആത്മീയ പരിപൂർണ്ണതയിൽനിന്നും സിദ്ധിക്കുന്ന സംതൃപ്തി നിരന്തരപ്രവൎത്തനംകൊണ്ടു മാത്രമേ നേടാൻ കഴിയുകയുള്ളു. കൎത്തവ്യങ്ങളുടെ പൂൎത്തീകരണത്താലാണു് അതു സമ്പാദിക്കേണ്ടതു്.

"ആദൎശത്തെ ദൂരത്തെറിഞ്ഞുകൊണ്ടു പ്രായോഗികതയുടെ കാൽക്കീഴിൽ ചെന്നുമുട്ടുക. നിങ്ങളുടെ പ്രവൃത്തികളുടെ കാളിമയിൽ ദൈവികമായ പ്രകാശം പ്രസരിപ്പിക്കുക."

നമ്മുടെ പ്രവൎത്തനം ഒരിക്കലും നമ്മുടെ സുഖസൌകൎയ്യാദികൾക്കുവേണ്ടി മാത്രമായിരിക്കാൻ പാടില്ല. നമ്മുടെ സഹോദരങ്ങളുടെ ഗുണത്തിനായി, നിസ്വാർത്ഥമായ ഉദ്ദേശത്തോടുകൂടിയായിരിക്കണം നാം പ്രവൎത്തിക്കേണ്ടതു്. ഒരു യഥാർത്ഥമനുഷ്യന്റെ കൎത്തവ്യം ദൈവത്തെ സന്തോഷപ്പെടുത്തുകയാണല്ലോ. അതു് ഈ മാൎഗ്ഗത്തിൽക്കൂടി മാത്രമേ സിദ്ധിക്കാൻ സാധിക്കുകയുള്ളു.

"നിങ്ങളുടെ ഓരോ പ്രവൃത്തിയിലും ദൈവത്തോടു് ഏററവും അടുക്കുവാൻ ശ്രമിക്കുക. എന്നാൽ മാത്രമെ ശക്തിയുടെ പ്രകാശം നിങ്ങളിൽനിന്നും വെളിപ്പെടുകയുള്ളു."

ഏററവും അനുയോജ്യമായവയുടെ ഉദാഹരണമാണു് ലോകത്തിന്റെ മറഞ്ഞിരിക്കുന്ന മാതൃക. ശക്തന്മാരും, ബലിഷ്ഠന്മാരും, ഉൽകൃഷ്ടമായ വികാരങ്ങളുള്ളവരും, സേവനതല്പരന്മാരും മാത്രം മുന്നണിയിൽ പരിലസിക്കട്ടെ.

ഇതു ഇക്ബാൽ "കരിയുടെയും രത്നത്തിൻെറയും കഥ"കൊണ്ടു തെളിയിക്കുന്നു. അതിൽ രത്നം പറയുന്നതു്, ഉറപ്പുകൊണ്ടാണു് അതു നശിക്കാത്തതും വിലയേറിയതുമായിത്തീന്നതെന്നും, കരിയുടെ അധഃപതനകാരണം അതിൻെറ മൃദുത്വമാണെന്നും ആകുന്നു.

ഭാഗ്യം മാററപ്പെടാത്തതും ഉറച്ചതുമാണെന്നു കരുതുന്നതു പരിഹാസകരമാണു്. എങ്കിലും പ: ഖുർആനെയും പ്രവാചകൻെറ വചനങ്ങളെയും ചച്ച ചെയ്തുകൊണ്ടുമാത്രമേ അദ്ദേഹം എന്തെങ്കിലും തീച്ചപ്പെടുത്തുകയുള്ളൂ.

പുരാതനമുസ്ലിംകളെപ്പോലെ, മനുഷ്യനെ അമാനുഷികത്വത്തിലേക്കു് ഉയത്തുവാൻ കഴിയുന്ന ശക്തികളെ പുനജ്ജീവിപ്പിക്കുന്നവക്കു് സ്ഥിരമായ ഭാഗ്യത്തെപ്പോലും ഇളക്കാൻ കഴിയുമെന്നു് അദ്ദേഹം വിശ്വസിക്കുന്നു.

"ദൈവവചനമനുസരിച്ചു നിങ്ങഠം പ്രവത്തിക്കുകയാണെങ്കിൽ, ലോകം നിങ്ങളുടെ വിജയരംഗമാകുകയും, ഭാഗ്യം നിങ്ങളുടെ പ്രവൃത്തികളെ അനുഗമിക്കുകയും ചെയ്യും."

മുസ്ലിംകഠം പ്രായോഗികവൈദഗ്ദ്ധ്യം നേടണമെന്നും, ഹൃദയങ്ങളിൽ പ്രതിഷ്ഠിതമായിക്കഴിഞ്ഞ അലസവും നിരുത്തരവാദവുമായ ആദശങ്ങളെ ഇളക്കിക്കളയണമെന്നും മാത്രമേ അദ്ദേഹം ആവശ്യപ്പെടുന്നുള്ളൂ. അദ്ദേഹത്തിൻെറ തത്വജ്ഞാനത്തെ ഇനിയും വിപുലപ്പെടുത്താനും, ബുദ്ധിവിഭവത്തിൻെറ ജീവിതപ്രചോദനകരമായ പാഠങ്ങളെ കവച്ചുവയ്ക്കാനും കഴിയുമോ എന്നുള്ളതു് സംശയമാണു്.

അദ്ദേഹത്തിൻെറ ഹൃദയാന്തർഭാഗത്തു ഒരാശ കുടി കൊണ്ടിരുന്നു. മുസ്ലിംകളുടെ ഭാസുരതയെ വീണ്ടെടുത്തു്, അവരെ മനുഷ്യത്വത്തിനു യോജിച്ച നേതാക്കന്മാരാക്കണമെന്നുള്ള ഒരാഗ്രഹം. ഇന്നത്തെ ഈ ഭയങ്കരമായ കുഴപ്പത്തിൽ മുഴുകിയിരിക്കുന്ന മനുഷ്യത്വത്തിനു്, സംതൃപ്തി സംജാതമാകുവാനായി ഒരു യഥാർത്ഥമനുഷ്യനെ കണ്ടുപിടിക്കാൻ അദ്ദേഹം ആഗ്രഹിച്ചു. വികാരവിജൃംഭിതനായി അദ്ദേഹം പറയുകയാണു്:

"ഈ ലോകത്തു സമാധാനപരമായ ദിവസങ്ങളെ വീണ്ടും കൊണ്ടുവരിക. യുദ്ധാസക്തരായ മനുഷ്യർക്കു സമാധാനസന്ദേശം അറിയിച്ചുകൊടുക്കുക."

ഗെഥെ പറയുംപോലെ, "ജീവിതം, എപ്പോഴും വലിയ കലാകാരന്മാരാൽ സൃഷ്ടമാകുന്ന എല്ലാം സാധനങ്ങളിലേയ്ക്കും അന്ധമായ അന്വേഷണം നടത്തിക്കൊണ്ടിരിക്കയാണു്."മുസ്ലിംകളെ ഇന്നത്തെ സുഷുപ്തിയിൽനിന്നും ഉണർത്തുവാൻ എത്രസമയം വേണ്ടിവരുമെന്നു നിശ്ചയിക്കാൻ കഴിയുന്നതല്ല. എങ്കിലും അദ്ദേഹത്തിൻെറ അവികലമായ മഹൽകൃതികൾ കാലാന്തരത്തിൽ ഫലം ഉണ്ടാക്കുമെന്നുള്ളതു് നിസ്തക്കമാണു്. അവയ്ക്കു വളരെ വലുതായ പ്രചോദനശക്തിയും, അനുദിനംകൂടി വരുന്ന സ്വാധീനതയുമാണുള്ളതു്. മുസ്ലിംയുവാക്കന്മാരെ ശക്തരായ യോദ്ധാക്കളും ഉന്മേഷവാന്മാരായ ഭടന്മാരുമായി മാററണമെന്നാണു് അദ്ദേഹത്തിൻെറ ആഗ്രഹം. അവക്കുവേണ്ടി, ഇക്‌ബാൽ വിശ്വസിക്കുംപോലെ, പരാശക്തിയുടെ കൈകൾ ഭാവികാലചിത്രത്തിൽ ആകഷ്ണീയമായ 'വിധി'കൾ ആലേഖനം ചെയ്തുകഴിഞ്ഞു.

ഇന്നത്തെ മുസ്ലിംകളുടെ സ്ഥിതി അധഃസ്ഥിതമാണെന്നുള്ളത് ശരിതന്നെ. എങ്കിലും ഇക്ബാൽ നിരാശനാകുന്നില്ല. അദ്ദേഹം മുസ്ലിംകളുടെ മരവിച്ചുപോയ സിരകളിൽ തീക്ഷ്ണമായ ജീവരക്തം പായിക്കുവാനാണ് ശ്രമിക്കുന്നതു്.

"ലോകാക്രമണശക്തമായ സ്നേഹവും, ഉലച്ചിലാററ വിശ്വാസവും, നിരന്തരപ്രവൎത്തനവുമാണ് ജീവിതസമരത്തിൽ മനുഷ്യനുള്ള ആയുധങ്ങൾ."

ഒരു കൊടിക്കീഴിൽ ഒന്നിച്ചുകൂടാൻ അദ്ദേഹം ഉൽബോധിപ്പിക്കുന്നു. നിരന്തരപ്രവൎത്തനത്താൽ ഉൽകൎഷം പ്രാപിക്കാനും, ദോഷങ്ങൾക്കെതിരായി ഒരു വിപ്ലവംതന്നെ ഉണ്ടാക്കാനും ഉപദേശിക്കുന്നു. ഏകരൂപമായ ആശയിലും പ്രവൃത്തിയിലും അദ്ദേഹം പ്രകാശം ദൎശിക്കുന്നു. അതിൻെറ അഭാവത്തിൽ ഒരു രാജ്യത്തിനും ഐശ്വൎയ്യസമ്പന്നമാകാൻ കഴിയുകയില്ല. ഭാവി ഭാസുരമായിത്തീരുമെന്നു് അദ്ദേഹം പ്രസ്താവിക്കുന്നു. ആരും ഭയപ്പെടേണ്ട, ആരും നിരാശരാകേണ്ട. ഒരു പരിവൎത്തനം തീൎച്ചയായും ഉണ്ടാകും. ആ സുപ്രഭാതത്തിൻെറ ശീതളകിരണങ്ങൾ ശാന്തിയും സമാധാനവും സംപ്രാപ്തമാക്കും.

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. M920 E Acc. No. 11618

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 50 Ps. per day will be charged

M920.E

Sha-E

11618

ഷംസുദ്ദീൻ കെ ചാനയിൽ

ഇക്ബാലിന്റെ സാഹിത്യം

Indic Digital Archive Foundation

KOTTAYAM PUBLIC LIBRARY

Call No M920.6 Acc. No 11618

Author ഡാസ്സൂബിൻ എം. പറയിൽ

Title ഇക്ബാലിന്റെ സാഹിത്യം

gpura.org